Date of publication: 9 മാർച്ച് 2015
വോള്യം 9 / ലക്കം 3 / വില 20₹
ISSN 2319 – 9741

# സംഘടിത

അന്വേഷി പ്രസിദ്ധീകരണം

## മാധ്യമലോകത്തെ സ്ത്രീ പ്രതിനിധാനങ്ങൾ






# സംഘടിത

മാർച്ച് 2015 |വോള്യം 9 |ലക്കം 3

## ഉള്ളടക്കം


6. ഫേസ്ബുക്ക് പെൺസ്റ്റാറ്റസുകളുടെ സ്റ്റാറ്റസ് -**സിന്ധു കെ.വി.**

15. സൈബർ ഇടങ്ങളിലെ സ്ത്രീ -**നിഷി ജോർജ്ജ്**

19. സ്ത്രീ വിരുദ്ധരാഷ്ട്രീയം പത്രമാധ്യമങ്ങളിൽ- **രമ്യ തോട്ടോൻവീട്**

30. ടെലിവിഷനും മലയാളി സ്ത്രീകളും- **സ്മിജ പി.എം.**

38. ഉപ്പും മുളകും -**ഗീത**

40. വാസ്തവം -**ഡോ. ജാൻസി ജോസ്**

41. മിലി - ഒരു സ്ത്രീപക്ഷ നേർവായന - **സംഗീത പി.കെ.**

44. സാധാരണക്കാരന്റെ വിജയം - **ജയലക്ഷ്മി**

49. ലൈംഗികസദാചാരസംഹിതകളും സ്ത്രീകളും -**പി. ലിസ**

53. വാട്സ് അപ് -കഥ -**രഹന ഷാജഹാൻ**

55. ആത്മാവിന്റെ കല്ലറയിലെ തടവുകാർ -**ഡോ. മിനിപ്രസാദ്**

57. ശാസ്ത്രം - **സീമ ശ്രീലയം**






11

**ശരീരത്തിന്റെ അൺറിയാലിറ്റികൾ**

**നസീറ എം.എസ്.**







25

**പരസ്യങ്ങളിലെ സ്ത്രീനിർമ്മിതി**

**സിന്ധു കിഴക്കാനിയിൽ**


35

**വെളുത്ത മൂല്യങ്ങളുടെ പരസ്യലോകം**

**വനിഷ വത്സൻ**



| | |
|---|---|
| എഡിറ്റർ | : ഷീബ കെ.എം. |
| മാനേജിംഗ് എഡിറ്റർ | : കെ. അജിത |
| എക്സി.എഡിറ്റർ | : രാജലക്ഷ്മി കെ.എം. |
| ഗസ്റ്റ് എഡിറ്റർ | : ജിസാജോസ് |
| പത്രാധിപ സമിതി | : ഡോ. ജാൻസി ജോസ്, ഗിരിജ പി. പാതേക്കര, ജ്യോതി നാരായണൻ, ഡോ. മിനി പ്രസാദ്, ഡോ. പി. ഗീത, ഡോ.ഖദീജ മുംതാസ്, സുനീത ടി.വി., അഡ്വ.കെ. കെ.പ്രീത, ഷീബാ ദിവാകരൻ, ഷംഷാദ് ഹുസൈൻ, കുസുമം ജോസഫ്, സുൽഫത്ത് |
| സർക്കുലേഷൻ മാനേജർ | : ചാരുലത എ.എസ്. |
| ഉപദേശകസമിതി | : സുഗതകുമാരി, പ്രൊഫ. എം. ലീലാവതി, ഡോ. ശാരദാമണി, ഡോ. മല്ലികാസാരാഭായ്, ഡോ. ബീനാപോൾ |
| ലേഔട്ട് & കവർ | : സുവിജ |
| പ്രിന്റിംഗ് | : എ-വൺ ഓഫ്സെറ്റ് പ്രിന്റ്സ്, 0495 2441934, 2442934 |

**സംഘടിത മാസിക**



അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370

sanghadithacalicut@gmail.com, anweshicalicut@gmail.com

www.anweshi.org www.sanghaditha.com

# പത്രാധിപക്കുറിപ്പ്



ഷീബ കെ.എം.

എഴുത്തിന്റേയും വായനയുടേയും സ്ത്രീപക്ഷലോകങ്ങളുടെ ബദലുകൾ സൃഷ്ടിക്കുന്ന രാഷ്ട്രീയദൗത്യവുമായി കഴിഞ്ഞ നാലു വർഷങ്ങളായി സംഘടിത പ്രസിദ്ധീകരണരംഗത്തുണ്ട്. മുഖ്യധാരാമാദ്ധ്യമങ്ങളുടെ ആധിപത്യപരിസരങ്ങളിൽ നിന്നുകൊണ്ട് പുതുവഴികൾ വെട്ടിത്തെളിയിക്കുന്നതിന്റെ കഷ്ടനഷ്ടങ്ങളിലൂടെയാണെങ്കിലും സ്ത്രീവാദരാഷ്ട്രീയം പകർന്ന ആത്മധൈര്യത്തിന്റേയും കൂട്ടായ്മയുടേയും പ്രതീകമായി സംഘടിത മുന്നോട്ട് പോയിട്ടുണ്ട്. ഈ ആദ്യ ചുവടുവെപ്പുകളുടെ കാലങ്ങളിലത്രയും മാർഗ്ഗനിർദ്ദേശിയായ പത്രാധിപയായിരുന്ന സാറാടീച്ചർക്ക് തൽക്കാലം മറ്റു ഉത്തരവാദിത്വങ്ങളിലേക്ക് നീങ്ങേണ്ടിവന്നപ്പോൾ ഇടവേളയിലെ സഹായിയെന്നോണം സംഘടിതയുടെ പത്രാധിപകർമ്മം ഞാൻ ഏറ്റെടുക്കുകയാണ്. അങ്ങേയറ്റം രാഷ്ട്രീയഉത്തരവാദിത്വവും ജാഗ്രതയും ആവശ്യപ്പെടുന്നതും അത്യന്തം ഗൗരവപൂർണ്ണവുമായ ഈ ദൗത്യം ഏറ്റെടുക്കാൻ എന്നെ പ്രചോദിപ്പിക്കുന്നത് സ്ത്രീവാദരാഷ്ട്രീയത്തിന്റെ ആവശ്യകതയെയും പ്രസക്തിയെയും കുറിച്ചുള്ള ബോധ്യവും അതിലുപരിയായി സംഘടിത കൂട്ടായ്മ നൽകുന്ന ആത്മബലവുമാണ്. ക്രിയാത്മക സംവാദങ്ങളിലൂടെ വ്യക്തിക്കപ്പുറം വളരേണ്ട പ്രസ്ഥാനത്തിനു വേണ്ടി ഊർജ്ജസ്വലമായി പ്രവർത്തിക്കാൻ തയ്യാറായവരാണ് നമ്മളെല്ലാം. പത്രാധിപസമിതിക്ക് അകത്തോ പുറത്തോ എന്ന സാങ്കേതിക അതിർ വരമ്പുകൾക്കപ്പുറത്ത് അക്ഷരങ്ങളിലൂടെയും ആശയങ്ങളിലൂടെയും ഈ പോരാട്ടവേദിയെ സജീവമാക്കാൻ നമുക്ക് തുടർന്നും പരിശ്രമിക്കാം.

മാദ്ധ്യമങ്ങൾ യാഥാർത്ഥ്യത്തിന്റെ പ്രതിഫലനങ്ങളാണോ അതോ യാഥാർത്ഥ്യങ്ങളെ നിർമ്മിക്കുകയാണോ എന്ന് ഏറെ ചർച്ച ചെയ്യപ്പെടുകയുണ്ടായിട്ടുണ്ട്. കമ്പോളവുമായി ചേർന്നു കിടക്കുന്നതു കൊണ്ട് വ്യവസ്ഥിതിയുടെ അധീശപ്രത്യയശാസ്ത്രങ്ങളുടെ കൈത്താങ്ങില്ലാതെ മാദ്ധ്യമലോകത്തിന് നിലനിൽപ്പില്ല തന്നെ. അതിനാൽ വർഗ്ഗ, ജാതി, ലിംഗ അരികുവൽക്കരണങ്ങളിലധിഷ്ഠിതമായ ഒരു വരേണ്യലോകമാണ് മാദ്ധ്യമങ്ങളുടെ കേന്ദ്രസ്ഥലികൾ. പുരുഷാധിപത്യത്തിന്റെ നടത്തിപ്പുകാരും പുനരുൽപ്പാദകരുമായി അച്ചടിദൃശ്യമാദ്ധ്യമങ്ങളും സൈബർലോകവും മുന്നേറുമ്പോൾ മികച്ച സാങ്കേതികവിദ്യയുടെ മറവിൽ ഏറ്റവും ഹിംസാത്മകമായ നിയന്ത്രണങ്ങൾക്കും പരുവപ്പെടുത്തലുകൾക്കും സ്ത്രീകൾ വിധേയമാവുന്നതു കാണാം. അന്താരാഷ്ട്രവനിതാദിനത്തിൽ ബി.ബി.സി സംപ്രേഷണം ചെയ്യുമെന്നവകാശപ്പെടുന്ന ദില്ലി ബലാൽസംഗകൊലപാതകക്കേസ്സിലെ പ്രതിയുമായുള്ള അഭിമുഖം സൃഷ്ടിച്ചേക്കാവുന്ന ആഘാതം ഊഹിക്കാവുന്നതേയുള്ളൂ. എന്തു വാർത്തയാവുമെന്നും അതാരുടെ വാർത്തയാണെന്നും (അമ്മു ജോസഫും കൽപന ശർമ്മയും ചേർന്നു രചിച്ച Whose News? എന്ന ഗ്രന്ഥം ഓർക്കുമല്ലോ) തീരുമാനിക്കപ്പെടുന്നത് ഒരുപക്ഷേ അതിന്റെ സ്ത്രീവിരുദ്ധതയുടെ ലക്ഷണങ്ങളിലായിരിക്കും. ആധിപത്യലോകങ്ങളിലെ കീഴാളപ്പെട്ടുപോകുന്ന ജീവിതങ്ങളെ സാധാരണീകരിക്കാനും സ്വാഭാവികമാക്കി തോന്നിപ്പിക്കാനും പോന്ന നിശ്ശബ്ദസ്വാധീനം മാദ്ധ്യമങ്ങൾക്കുണ്ട്. ആൺകോയ്മയിൽ 'സന്തുഷ്ട'രായി ജീവിക്കാൻ അത് സ്ത്രീകളെ പ്രേരിപ്പിക്കുന്നു. സന്ദേശങ്ങളുടെ ശക്തമായ കുത്തൊഴുക്കിൽ നിഷേധവും പ്രതിഷേധവും ആയാസകരമാവുന്നു. അതിനാൽ ഏറെ ജാഗ്രത ആവശ്യപ്പെടുന്നുണ്ട് മാദ്ധ്യമവിമർശനവും സ്ത്രീകളുടെ മാദ്ധ്യമലോകങ്ങൾ വീണ്ടെടുക്കലും. ഇത്തരം പ്രശ്നങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യാൻ ശ്രമിച്ചിട്ടുള്ള, ജിസ ജോസ് സമ്പാദകയായ ഈ ലക്കം സംഘടിത വായനക്കാരുടെ പ്രതികരണത്തിനായി മുന്നോട്ടുവെയ്ക്കുന്നു.

അന്താരാഷ്ട്രതലത്തിൽ തന്നെ സ്ത്രീമുന്നേറ്റ ചരിത്രത്തിൽ അടയാളപ്പെടുത്തപ്പെട്ട മാസമാണ് മാർച്ച്. 1908 ൽ ന്യൂയോർക്കിലെ അന്താരാഷ്ട്രവനിതാവസ്ത്രനിർമ്മാണ തൊഴിലാളികൾ ഭേദപ്പെട്ട തൊഴിൽസാഹചര്യങ്ങൾക്കും കൂടുതൽ കൂലിക്കും വേണ്ടി തെരുവിലിറങ്ങി. സമരം ചെയ്തതിന്റെ ഓർമ്മപ്പെടുത്തലായി മാർച്ച് 8 അന്താരാഷ്ട്ര വനിതാദിനമായി കൊണ്ടാടുന്നു. ആഗോളവത്ക്കരണത്തിന്റേയും നവലിബറൽ സാമ്പത്തിക ക്രമങ്ങളുടെയും പരിസരങ്ങളിൽ തൊഴിൽരംഗത്തു നിന്നും സ്ത്രീകൾ ക്രമമായി പുറംതള്ളപ്പെടുന്ന ആശങ്കാജനകമായ സാഹചര്യങ്ങളാണ് ഉടലെടുത്തുകൊണ്ടിരിക്കുന്നത്. എന്നാൽ പീഡിതരും ചൂഷണവിധേയരുമായ സ്ത്രീസമൂഹത്തിന്റെ വിമോചനം സ്ത്രീപ്രസ്ഥാനങ്ങളുടെ ലക്ഷ്യങ്ങളാവുമ്പോൾത്തന്നെ, പൂർണ്ണമായും ഇരകൾ മാത്രമെന്ന വ്യാഖ്യാനങ്ങൾക്കപ്പുറത്ത് അടിച്ചമർത്തലുകൾക്കിടയിലും സ്വന്തം ജീവിതങ്ങളെ അർത്ഥപൂർണ്ണങ്ങളാക്കാൻ നിരന്തരം പ്രയത്നിക്കുന്ന സ്ത്രീകർതൃത്വങ്ങളെ നാം തിരിച്ചറിയേണ്ടതുണ്ട് മുന്നോട്ട് വെയ്ക്കേണ്ടതുണ്ട്. ഇത് പുത്തൻ പ്രത്യാശകളുടേയും സമരോന്മുഖമായ സാമൂഹ്യപരിവർത്തനത്തിന്റേയും നേർക്കുള്ള സഞ്ചാരങ്ങളാവുകയും വേണം. വായനക്കാരുടെ സ്നേഹവും സഹകരണവും പ്രതീക്ഷിച്ചുകൊണ്ട് ഏവർക്കും വിപ്ലവവീര്യമുള്ള ഒരു അന്താരാഷ്ട്രവനിതാദിനം ആശംസിക്കുന്നു.

## ഗസ്റ്റ് എഡിറ്റേഴ്സ് നോട്ട്



ജിസാജോസ്

# നരകത്തിലേക്കുള്ള തീവണ്ടിയുടെ ടിക്കറ്റ് ബൂത്ത്

സമ്മതിയുടേയും സമവായത്തിന്റേയും ഭാഷയിലൂടെ സ്ത്രീകളെ വ്യവസ്ഥിതിക്കു പാകപ്പെടുത്തുന്ന രീതിയിൽ പരുവപ്പെടുത്തിയെടുക്കുന്നതിൽ മാധ്യമങ്ങൾ വഹിക്കുന്ന പങ്ക് ചെറുതല്ല. ഓരോ മാധ്യമത്തിന്റെയും ആവിർഭാവകാലം മുതൽ അവ, ആൺകോയ്മയുടെ പ്രത്യയശാസ്ത്രത്തെ സ്ഥാപിക്കുകയും സ്ത്രീയുടെ മേലുള്ള അധീശത്വം തന്ത്രപൂർവ്വം നിലനിർത്തുകയും ചെയ്യുന്നു. വ്യത്യസ്തമാധ്യമങ്ങൾ സ്ത്രീകളോട് ഇടപഴകുന്നതെങ്ങനെയെന്ന വിഷയത്തെക്കുറിച്ചുള്ള ആലോചനകളാണ് സംഘടിതയുടെ ഈ ലക്കം മുമ്പോട്ടുവെയ്ക്കുന്നത്.

അച്ചടി മാധ്യമങ്ങൾ മുതൽ തീവ്രസംവേദനക്ഷമതയുള്ള നവമാധ്യമങ്ങൾ വരെ അധികാരവ്യവസ്ഥയുമായുള്ള അഭേദ്യമായ ബന്ധം നിലനിർത്തുകയാണ്. പ്രത്യക്ഷമായും പ്രകടമായും സ്ത്രീ വിരുദ്ധ താല്പര്യങ്ങളെ സംരക്ഷിക്കാനുള്ള വ്യഗ്രതയാണ് മാധ്യമങ്ങളുടെ പൊതുതാല്പര്യമെന്നു തന്നെ കണക്കാക്കാം. വ്യവസ്ഥകളെ പ്രതിരോധിക്കുകയല്ല സാധൂകരിക്കുകയും സ്ഥാപിക്കുകയും ആഘോഷിക്കുകയുമാണ് എല്ലാത്തരം മാധ്യമങ്ങളും. ദാമ്പത്യം/വിവാഹം/ലൈംഗികത/ പാതിവ്രത്യം പോലുള്ള സനാതന മൂല്യങ്ങളെ അപനിർമ്മിക്കുന്നുവെന്നു പ്രത്യക്ഷത്തിൽ തോന്നിപ്പിക്കുന്ന, വാട്സ് ആപ്പ് ഫലിതങ്ങൾ പോലുള്ളവ അപകടകരമായ വിധത്തിൽ സ്ത്രീവിരുദ്ധ രാഷ്ട്രീയത്തെ പുന:സ്ഥാപിക്കുന്നതു ശ്രദ്ധിക്കാതെയിരുന്നുകൂടാ. നിർദ്ദോഷമെന്ന പ്രതീതിയുണ്ടാക്കുന്ന ഫലിതങ്ങളും കമന്റുകളും ആൺകോയ്മയുടെ മൂല്യങ്ങൾ അനായാസം വിക്ഷേപിക്കുകയാണ് ചെയ്യുന്നത്. സ്വാഭാവികമായിത്തന്നെ അവ ഉൾക്കൊള്ളാൻ സ്ത്രീകൾ പ്രേരിതരാവുന്നു, പ്രതിരോധത്തിനോ പ്രതികരണത്തിനോ ഇടം കിട്ടാതെ പോവുന്നു. നവമാധ്യമങ്ങളുടെ സാധ്യതകളും സംവേദനക്ഷമതയും തീവ്രമായതുകൊണ്ടുതന്നെ അവ പ്രചരിപ്പിക്കുന്ന പ്രതിലോമ രാഷ്ട്രീയം കൂടുതൽ ഹാനികരമാണ്.

കാലഹരണപ്പെടേണ്ടതായ യാഥാസ്ഥിതികമൂല്യങ്ങൾ, കുടുംബമെന്ന സ്ഥാപനത്തിന്റെ ഭദ്രത/മഹത്വം തുടങ്ങിയ പിന്തിരിപ്പൻ ആശയങ്ങളെ ആഘോഷിക്കുന്ന, അതിഭാവുകത്വത്തിന്റെ അപകടകരമായ കാല്പനികലോകത്തെ വീണ്ടും വീണ്ടും സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന ടെലിവിഷൻ, സിനിമ പോലുള്ള ദൃശ്യമാധ്യമങ്ങളും 'പൊതുസമ്മതി'യുടെ നിർമ്മാണമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അധീശത്വത്തിന്റെ അഭിരുചികളെ സദാപ്രീണിപ്പിക്കുന്ന, പ്രകീർത്തിക്കുന്ന ബിംബപരമ്പരകളിലൂടെ/ദൃശ്യക്കാഴ്ചകളിലൂടെ സ്ത്രീസ്വത്വത്തെ നിരാകരിച്ചുകൊണ്ടേയിരിക്കുന്നു നമ്മുടെ ദൃശ്യമാധ്യമങ്ങൾ. ഗ്ലോബൽ കൺസ്യൂമറിസത്തിന്റെ പ്രയോക്താക്കളായ, കൃത്രിമമായ ആവശ്യങ്ങൾ സൃഷ്ടിക്കുന്ന പരസ്യങ്ങളുടെ ധർമ്മവും മറ്റൊന്നല്ല. ആകർഷകമായ വർണ്ണക്കാഴ്ചകളിലൂടെ അതീവലോലമായ 'തീമു'കളിലൂടെ, നമ്മുടെ ആവശ്യങ്ങളെയും നമ്മുടെ സൗന്ദര്യബോധത്തെയും നമ്മുടെ മൂല്യസങ്കല്പങ്ങളെയും നിർണ്ണയിക്കുകയാണ് പരസ്യങ്ങൾ. ആൺനോട്ടങ്ങൾക്കു യോജ്യമായ വിധത്തിൽ സ്ത്രീയെ/അവളുടെ സ്വത്വബോധത്തെ പരുവപ്പെടുത്തിയെടുക്കാൻ നമ്മുടെ മുഖ്യധാരാ മാധ്യമങ്ങൾക്കു അനായാസം സാധിക്കുന്നു, അത് ഏറ്റവും സ്വാഭാവികമായ വിധത്തിൽ സമൂഹത്തിൽ പ്രതിഷ്ഠിക്കാനും കഴിയുന്നു.

മാധ്യമങ്ങളുടെ സ്ത്രീവിരുദ്ധമനോഭാവം, മാധ്യമങ്ങളിലൂടെയുള്ള സ്ത്രീസ്വത്വസ്ഥാപനം – അത് എളുപ്പമല്ല-പ്രതിരോധത്തിന്റെ തീവ്രയത്നമാണത് – എന്നീ വിഷയങ്ങളിലാണ് ഈ ലേഖനങ്ങൾ അന്വേഷണം നടത്തുന്നത്. അച്ചടി മാധ്യമങ്ങളുടെ സ്ത്രീവിരുദ്ധരാഷ്ട്രീയം മുതൽ ഫെയ്സ്ബുക്ക് പോലുള്ള നവമാധ്യമങ്ങളിലെ സ്ത്രീ പ്രതിനിധാനം വരെയുള്ള വ്യത്യസ്ത മേഖലകളിലേക്കു പടരുന്നതാണ് അവ. ബെന്യാമിന്റെ മുല്ലപ്പൂനിറമുള്ള പകലുകളിൽ പറയുന്നപോലെ നരകത്തിലേക്കുള്ള തീവണ്ടിയുടെ ടിക്കറ്റ് ബൂത്തിൽ അനധികൃതമായി കയറാനുള്ള സ്ത്രീയുടെ ആത്മപ്രേരണയുടെ പ്രതിഫലനമാണ് ഈ ലേഖനങ്ങൾ. എന്നും പുരുഷസൃഷ്ടമായ സ്വർഗ്ഗത്തിൽ അടങ്ങിക്കഴിയാതെ അവർ നരകങ്ങളിലേക്കും യാത്ര തുടങ്ങുന്നു. ഇതുവരെ പുരുഷന്റേതുമാത്രമായിരുന്ന നരകങ്ങൾ. ഈ ചിതറിയ ചിന്തകൾ അനിവാര്യവും ആസന്നവുമായ ഒരു പ്രതിപാരായണത്തിനുള്ള ജൈവികമായ തുടക്കമാണ്.



സിന്ധു കെ.വി.

# ഫേസ്ബുക്ക് പെൺസ്റ്റാറ്റസുകളുടെ സ്റ്റാറ്റസ്

ഒരാൾക്ക് തന്റെ വിരൽത്തുമ്പിലൂടെ സ്വന്തമായൊരിടം രൂപപ്പെടുത്തിയെടുക്കാനും അതുവഴി പൊതുസമൂഹത്തിലേക്ക് പ്രവേശിക്കാനും കഴിയുമെന്ന സാധ്യതയാണ് ഇന്റർനെറ്റ് തുറന്നുകാട്ടിയത്. മൊബൈൽ ഫോൺ എന്നത് ചലിക്കുന്നിടത്തെല്ലാം അവനൊപ്പം ലോകവും കൂടെപ്പോരുന്നു എന്ന അർത്ഥത്തിലേക്കു കൂടെ മാറിയപ്പോൾ ലോകവുമായി തൊട്ടുനിന്നുതന്നെ സ്വകാര്യതകൾ സാധ്യമായി. ആ ഇടമാകട്ടെ ആണിനെയോ പെണ്ണിനെയോ വേർതിരിക്കാത്ത ഒരിടമാണ്. മുറിച്ചുമാറ്റപ്പെട്ട നിയമാവലികളോ അധികാരികളോ ഇല്ലാത്ത ആ മേഖലയിൽ, തങ്ങളുടെ ചുവടുകൾക്കുകൂടി ഇടം കണ്ടെത്തി സ്ത്രീകളും ആവേശപൂർവ്വം മുന്നോട്ടുവന്നു. എഴുത്തിലും മാധ്യമരംഗത്തും ചലച്ചിത്രമേഖലയിലും സാങ്കേതികരംഗങ്ങളിലുമൊക്കെ സ്ത്രീകൾ ശക്തമായ മുന്നേറ്റം നടത്തിക്കൊണ്ടിരിക്കുന്ന കാലമായിരുന്നു അത് . അജ്ഞതയും ആശങ്കയും മാറിവരുന്ന ഒരു അന്തരീക്ഷത്തിലായിരുന്നു സോഷ്യൽ നെറ്റ്‌വർക്ക് രംഗത്തേക്ക് സ്ത്രീകൾ ചുവടുവെച്ചത്. എന്നിട്ടും സ്വന്തം പേരും പടവും വെച്ച് ഒരു പ്രൊഫൈൽ നിർമ്മിക്കാൻ പോലും ധൈര്യമില്ലാത്തവരും ഉണ്ടായിരുന്നു. അത്തരം ഭീതികൾക്ക് പക്ഷേ ക്ഷണമാത്ര ആയുസ്സേ ഉണ്ടായുള്ളൂ. വളരെപ്പെട്ടെന്നുതന്നെ ഫേസ്ബുക്ക് പോലുള്ള സോഷ്യൽ നെറ്റ്‌വർക്കിംഗ് സൈറ്റുകളിൽ സ്ത്രീകൾ സ്വന്തം ഇരിപ്പിടമുണ്ടാക്കി. ആശയങ്ങളും



ചിന്തകളും ശങ്കയെന്യേ പങ്കുവെക്കാൻ തുടങ്ങി. സ്ത്രീകളുടെ പ്രൊഫൈലുകളുടെ സ്വീകാര്യതയെച്ചൊല്ലിയുള്ള ചർച്ചകൾ ആ സൈറ്റുകളിൽ തന്നെ നടന്നു. പല വീരന്മാരും പെൺപേരുകളിൽ പ്രൊഫൈലുകൾ ഉണ്ടാക്കി. സമകാലിക പൊതുസമൂഹത്തിന്റെ സ്വഭാവമനുസരിച്ചുതന്നെയുള്ള പൊതുബോധമാണ് അവിടെയും എന്നതിനാൽ  സ്ത്രീകളോടുള്ള സമീപനത്തിൽ അവിടേയും മാറ്റമേതുമുണ്ടായില്ല.

അകത്തുകടന്നാലുടൻ "What's on your mind?" എന്നു ചോദിക്കുന്ന ഫേസുബുക്കിനു മുന്നിൽ മനസ്സുകൾ തുറന്നിടാൻ തുടങ്ങി. ഡയറിക്കുറിപ്പുകളുടെ സ്വഭാവം പോലും കാണിക്കുന്ന ഫേസ്ബുക്ക് സ്റ്റാറ്റസുകൾക്ക് ഇക്കാലഘട്ടത്തിൽ അതിന്റേതായ പ്രാധാന്യമുണ്ടെന്നു കാണാം. ഒരിടത്തുനിന്ന് മറ്റൊരിടത്തേക്ക് ഒഴുകിക്കൊണ്ടിരിക്കുന്ന ഇന്നിന്റെ ജീവിതവ്യാപാരങ്ങളിൽ, ആൾക്കൂട്ടങ്ങളിൽ ഇടപെടുമ്പോഴും തന്റെതന്നെ മറ്റൊരു കൂട്ടത്തോട് അപരമായ മറ്റൊരു പ്രതലത്തിലൂടെ സംവദിക്കുകയും ചെയ്യുന്ന മനുഷ്യൻ തന്നെത്തന്നെ പുതുക്കിക്കൊണ്ടു നടത്തുന്ന അറിയിപ്പുകൾ. സകലതും തുറന്നുകാട്ടുന്ന ഈ രീതികളോട് യോജിച്ചും വിയോജിച്ചും പ്രതികരിച്ചുകൊണ്ടും മനസ്സിന്റെ തോന്നലുകളെയും സ്മൈലികളിലൂടെ വികാരങ്ങളേയും അടയാളപ്പെടുത്തിക്കൊണ്ട് കടന്നുപോകുകയാണ് ലോകം. ദേശത്തും വിദേശത്തുമായി എത്രയോ സ്ത്രീകൾ ഈ നിരപ്പുപ്രതലത്തിൽ സംവദിക്കാനെത്തുകയും അവനവന്റെ ലോകത്തെ പരിചയപ്പെടുത്തുകയും ചെയ്യുന്നു. പൊതുവായ





മനുഷ്യർ പരസ്പരം ബന്ധിക്കപ്പെട്ടവരാണ്, നെറ്റ്‌വർക്കിനുള്ളിൽ മാത്രമല്ല , പുറത്തും. ഒരാളിൽ നിന്നു മറ്റൊരാളിലേക്ക് പകർന്നുപോരുന്ന അറിവുകളുടെയും വിവരങ്ങളുടേയും അനുസ്യൂതമായ ആ യാത്രയിൽ അങ്ങേയറ്റത്തെയാളെ നേരിട്ടറിയണമെന്നു പോലുമില്ല . അതേ നിയമാവലികളിൽ തന്നെ പോകുന്നു പലപ്പോഴും സോഷ്യൽ നെറ്റ്‌വർക്കിലെ സമൂഹവും.

പ്രശ്നങ്ങളിൽ സ്വന്തമായ അഭിപ്രായങ്ങൾ മടിയില്ലാതെ രേഖപ്പെടുത്തുന്നു. അപ്പപ്പോൾ തോന്നുന്ന ചിന്തകൾ മുതൽ ഭക്ഷണകാര്യങ്ങൾ വരെ പങ്കിടുന്നവരുണ്ട്. സിനിമാക്കാഴ്ചകളും നിരൂപണങ്ങളുമുണ്ട്. യാത്രകൾ ചിത്രങ്ങളിലൂടെ അപ്ഡേറ്റ് ചെയ്യുന്നവരുണ്ട്. പ്രണയചിന്തകൾ, വായാനാനുഭവങ്ങൾ, പിണക്കങ്ങൾ, പരാതികൾ കുറ്റപ്പെടുത്തലുകൾ, കൂട്ടുകെട്ടുകൾ, സമരങ്ങൾ, ദൈനംദിനവിശേഷങ്ങൾ എന്നിങ്ങനെയെന്തും സ്റ്റാറ്റസ് രൂപത്തിൽ പ്രത്യക്ഷപ്പെടാം.

മനുഷ്യർ പരസ്പരം ബന്ധിക്കപ്പെട്ടവരാണ്, നെറ്റ്‌വർക്കിനുള്ളിൽ മാത്രമല്ല , പുറത്തും. ഒരാളിൽ നിന്നു മറ്റൊരാളിലേക്ക് പകർന്നുപോരുന്ന അറിവുകളുടെയും വിവരങ്ങളുടേയും അനുസ്യൂതമായ ആ യാത്രയിൽ അങ്ങേയറ്റത്തെയാളെ നേരിട്ടറിയണമെന്നു പോലുമില്ല . അതേ നിയമാവലികളിൽ തന്നെ

പോകുന്നു പലപ്പോഴും സോഷ്യൽ നെറ്റ്‌വർക്കിലെ സമൂഹവും. കണ്ണികളിലൂടെ ബന്ധപ്പെടുന്നുവെങ്കിലും ഇടയിലുള്ള അനേകം ചങ്ങലക്കണ്ണികളുടെ അകലം കാണും. ആണും പെണ്ണും എന്ന വേർതിരിവ് പ്രസക്തമാകേണ്ടതില്ലാത്തയിടത്തും മറ കെട്ടി ആണിനേയും പെണ്ണിനേയും മാറ്റിയിരുത്തി ആശ്വസിക്കുന്നതു കാണുമ്പോൾ ഇടപെടുന്നത് സമകാലിക പൊതുസമൂഹത്തിന്റെ നേർമനസ്സുകൾ തന്നെയെന്നു വ്യക്തമാകുന്നു. ഇതൊരു പൊതുവിടമാണ്, ആളുകൾ നേരമ്പോക്കാനും സാഹിത്യം വിളമ്പാനും പടം കാണാനും കഥപറയാനും വിപ്ലവം നടത്താനും ആസൂത്രണങ്ങൾക്കും പാട്ടുപാടാനും പണമിടപാടുകൾക്കും കിന്നാരം പറയാനും കരിവാരിത്തേക്കാനും കച്ചവടത്തിനും എന്നുവേണ്ട എന്തിനും ഏതിനും കയറുന്നയിടം. ഉള്ളം കയ്യിലേക്ക് ലോകത്തെ ഒതുക്കാനും സംവദിക്കാനുമാകുമെന്ന അവസ്ഥ വന്നതോടെ മാനസികഭാവങ്ങളപ്പാടെ സ്മൈലികളിലൂടെ പകർത്തിവെച്ച് അപ്പപ്പോൾ ലോകവുമായുള്ള ബന്ധം പുതുക്കിക്കൊണ്ടിരിക്കുന്നവരും സ്വകാര്യതകളപ്പാടെ പങ്കുവെച്ച് ആൾക്കൂട്ടത്തിന്റെ ശ്രദ്ധനേടാനായുന്നവരും മടുപ്പിക്കുന്നവരും ഗൗരവചർച്ചകൾക്ക് ഇടം കണ്ടെത്തുന്നവരും രാഷ്ട്രീയവും സാമൂഹികവുമായ പ്രശ്നങ്ങളിലേക്ക് നമ്മെ




കൂട്ടിക്കൊണ്ടുപോകുന്നവരും സാഹിത്യസംവാദങ്ങൾ നടത്തുന്നവരും ഒരുപോലെ വന്നുചേരുന്നു. ലോകജനസംഖ്യയിൽ മൂന്നാമതുവരുന്ന ഒരു രാജ്യമായി ഫേസ്ബുക്കിനെ താരതമ്യപ്പെടുത്തിപ്പറയാറുണ്ട്. ലോകസമൂഹത്തിന്റെ വലിയൊരു പരിച്ഛേദം തന്നെ അംഗങ്ങളായി വരുന്ന ഇടത്ത് തുറക്കപ്പെടുന്ന മാനസികവ്യാപാരങ്ങൾ എന്തൊക്കെയാവാം, അതിൽ ആണും പെണ്ണും എങ്ങനെ വ്യവഹരിക്കുന്നു എന്നതെല്ലാം നിരീക്ഷിക്കുക കൗതുകമാണ്.

ഇവിടെ 2015 ലേക്ക് ലോകം പ്രവേശിച്ചുതുടങ്ങുന്ന ഈ സമയത്ത്, എന്താണ് സ്ത്രീകൾ സോഷ്യൽ നെറ്റ്‌വർക്കിലൂടെ ചർച്ച ചെയ്യുന്നത് എന്ന് ഏതാനും ചില എഴുത്തുകാരുടേയും ഫേസ്ബുക്ക് ആക്ടിവിസ്റ്റുകളുടെയും നവംബർ, ഡിസംബർ മാസത്തെ സ്റ്റാറ്റസുകളിലൂടെ ഒരന്വേഷണം നടത്തിനോക്കാം.

എഴുത്തുകാരിയും ഗവേഷകയുമായ മൈന ഉമൈബാന്റെ ഡിസംബർ 5 മുതൽ ഡിസംബർ 25 വരെയുള്ള ഫേസ്ബുക്ക് സ്റ്റാറ്റസുകൾ സംസാരിക്കുന്നത് മാലി ജയിലിൽ തടവിലാക്കപ്പെട്ട ജയചന്ദ്രൻ മൊകേരി എന്ന അധ്യാപകന്റെ നിസ്സഹായാവസ്ഥയെ പുറം ലോകത്തെത്തിക്കുകയും അദ്ദേഹത്തിന്റെ മോചനത്തിനായി ഒരു കൂട്ടായ്മ രൂപീകരിക്കുകയും ക്രമമായ, കൃത്യമായ നയതന്ത്ര ഇടപെടലുകളോടെ ജയിൽ വിമോചനം സാധ്യമാക്കുകയും ചെയ്ത ഒരു സംഭവത്തെക്കുറിച്ചാണ്.

(1) Myna Umaiban (December 5, 2014 )
(സ്ക്രീൻഷോട്ട്)

(2)Myna Umaiban (December 15, 2014).
(സ്ക്രീൻഷോട്ട്

(3)Myna Umaiban (December 25, 2014)
(സ്ക്രീൻഷോട്ട്)

'ജയചന്ദ്രൻമാഷെ കുറ്റവിമുക്തനാക്കിയെന്ന് ബി.ജെ.പി. സംസ്ഥാന അധ്യക്ഷൻ വി മുരളീധരനാണ് അറിയിച്ചത്. മാലെദ്വീപ് പ്രസിഡണ്ടിന്റെ ഓഫീസിൽനിന്നും അറിയിക്കുകയായിരുന്നുവെന്നും വിദേശകാര്യ മന്ത്രി സുഷമ സ്വരാജിന്റെ ഓഫീസ് സെക്രട്ടറി സതീശ്ഗുപ്തയാണ്

വി.മുരളീധരനെ അറിയിച്ചതെന്നുമാണ് കിട്ടിയ സന്ദേശം.

ഇതൊരു ക്രിസ്തുമസ് രാവാണ്. ഈ രാത്രിയിൽ ഫോൺ മണിമുഴങ്ങിയത് സമാധാനത്തിന്റെ സന്ദേശവുമായാണ്. തീർച്ചയായും സമാധാന സന്ദേശവുമായി...സമാധാനസന്ദേശം നക്ഷത്രങ്ങളായല്ല ഫോൺ സന്ദേശവുമായി എത്തിയിരിക്കുന്നു...'

അതീവധന്യമായ ഒരു ദൗത്യത്തിന്റെ വിജയകരമായ പരിസമാപ്തിക്കുശേഷവും മറ്റൊരു വിമോചന ദൗത്യവുമായി ഇവർ കർമ്മരംഗത്തുതന്നെയാണ്. സോഷ്യൽനെറ്റ്വർക്കിംഗ് സൈറ്റുകളിൽ സ്ത്രീകൾക്കും എന്തൊക്കെ ചെയ്യാനാവുമെന്നുതന്നെ ഇവരൊക്കെയും ചിന്തിക്കുന്നു.

(4)Sithara S Sithara (December 18, 2014 at 6:14pm) പ്രശസ്തകഥാകാരി സിതാര എസ്സിന്റെ ഡിസംബർ 18 ന്റെ ഫേസ്ബുക്ക്പോസ്റ്റാണിത്. )( സ്ക്രീൻഷോട്ട്

"I menstruate, and im proud of that. Im proud that in my teens i purposely went face to face with nd even touched all those black clad so calld swaamis during my periods on the streets of thalassery, whose stubborn nd fake spiritualtiy insulted my feminintiy wenever they got a chance , nd did my revenge.I wish i cud do it again, i wish to walk thru their space,spilling my sacred menstrual blood all over their paths, nd burn them into dark ashes .. to hell vth all those morons who dont respect womanhood."— feeling frustrated.

ഇക്കഴിഞ്ഞ മണ്ഡലകാലത്ത് വിവാദമായ ഒരു വാർത്തയെക്കുറിച്ചാണ് സിതാരയുടെ ഈ പോസ്റ്റ്. ലോകം എത്രത്തോളം വളർന്നാലും മലയാളിയുടെ മനസ്സിന്റെ പിന്നാമ്പുറങ്ങളിൽ ഇപ്പോഴും വെളിച്ചമേശാത്ത ധാരാളം ഇടങ്ങളുണ്ട്. അതിലൊന്നാണ് ആർത്തവസംബന്ധമായ അശുദ്ധചിന്തകൾ. അയ്യപ്പന്മാർക്കായി പ്രത്യേകമൊരുക്കിയ സർക്കാർ വണ്ടിയിൽ യാത്ര നിഷേധിക്കപ്പെട്ട ഒരു യാത്രക്കാരി അതിനെ ചോദ്യം ചെയ്തതും അവർക്ക് ആർത്തവമുണ്ടോ എന്നുറപ്പിക്കാനാവാത്തതുകൊണ്ടാണ് എന്ന മറുപടിയും ഒട്ടേറെ വിവാദങ്ങളുണ്ടാക്കി. സോഷ്യൽ മീഡിയയിൽ സ്ത്രീകൾ ആ




ലോകം എത്രത്തോളം വളർന്നാലും മലയാളിയുടെ മനസ്സിന്റെ പിന്നാമ്പുറങ്ങളിൽ ഇപ്പോഴും വെളിച്ചമേശാത്ത ധാരാളം ഇടങ്ങളുണ്ട്. അതിലൊന്നാണ് ആർത്തവസംബന്ധമായ അശുദ്ധചിന്തകൾ. അയ്യപ്പന്മാർക്കായി പ്രത്യേകമൊരുക്കിയ സർക്കാർ വണ്ടിയിൽ യാത്ര നിഷേധിക്കപ്പെട്ട ഒരു യാത്രക്കാരി അതിനെ ചോദ്യം ചെയ്തതും അവർക്ക് ആർത്തവമുണ്ടോ എന്നുറപ്പിക്കാനാവാത്തതുകൊണ്ടാണ് എന്ന മറുപടിയും ഒട്ടേറെ വിവാദങ്ങളുണ്ടാക്കി.

പ്രശ്നത്തോട് വളരെ തീവ്രമായിത്തന്നെ പ്രതികരിക്കുകയുണ്ടായി.

എല്ലാ മാസവും കൃത്യമായി സ്ത്രീയെ വിശുദ്ധീകരിക്കുന്ന ആർത്തവരക്തത്തെയും ആ ദിനങ്ങളെയും ഒളിച്ചുവെക്കേണ്ടതും മറച്ചുവെക്കേണ്ടതുമായ ഒന്നാക്കിത്തീർത്ത് സ്ത്രീത്വത്തിന്റെ ഏറ്റവും മഹത്വമാർന്ന ദിനങ്ങളെ വിലക്കപ്പെട്ട ദിവസങ്ങളാക്കിമാറ്റിയ പുരുഷബോധത്തോട് ഇക്കാലമത്രയും അടക്കിവെച്ച അമർഷം പുറത്തേക്കൊഴുകുകയുണ്ടായി. പുതിയകാലത്തുപോലും തീണ്ടാരിക്കാലത്തിന്റെ അവസ്ഥകൾക്ക് മാറ്റമുണ്ടാവുന്നില്ല എന്നത് ശക്തമായ പ്രതിഷേധത്തിലൂടെ ബോധ്യപ്പെടുത്തുകയുണ്ടായി. രക്തം എന്നും വിപ്ലവത്തിന്റെ മാനവികതയുടെ അടയാളമായി കണക്കാക്കപ്പെടുമ്പോഴും സ്ത്രീത്വത്തിന്റെ ഈ ചുവപ്പിനെ ഇതയേറെ വെറുപ്പോടെയും അറപ്പോടെയും അകറ്റി മാറ്റിനിർത്തുന്നതെന്താണ്? ഫേസ്ബുക്കിന്റെ അപ്ഡേറ്റഡ് പോസ്റ്റുകളിൽ രക്തം പുരണ്ട സാനിട്ടറി നാപ്കിൻസ് പ്രത്യക്ഷപ്പെട്ടു. അതുകണ്ട് നെറ്റിചുളിഞ്ഞവർ അമ്മയുടെ, ഭാര്യയുടെ, പെണ്മക്കളുടെ പെണ്മയെ അംഗീകരിക്കാനും ബഹുമാനിക്കാനും ശ്രമിക്കുകയെന്ന് സ്ത്രീകളുടെ പോസ്റ്റുകൾ ഉറക്കെപ്പറഞ്ഞു.

(5)Savithri Rajeevan (December 29, 2014 at 8:46pm) പ്രശസ്ത കവയത്രി സാവിത്രി രാജീവന്റെ ഡിസംബർ 29 ന്റെ പോസ്റ്റ്) (സ്ക്രീൻഷോട്ട്)

“പ്രദേശത്ത് രണ്ടായിരം കവികളുണ്ട്, ഓരോ കവിയും ഓരോ കവിതാപുസ്തകം വച്ച് വാങ്ങിയിരുന്നെങ്കിൽ കവിതയും, കവിയും, പ്രസാധകരും

എല്ലാ മാസവും കൃത്യമായി സ്ത്രീയെ വിശുദ്ധീകരിക്കുന്ന ആർത്തവരക്തത്തെയും ആ ദിനങ്ങളെയും ഒളിച്ചുവെക്കേണ്ടതും മറച്ചുവെക്കേണ്ടതുമായ ഒന്നാക്കിത്തീർത്ത് സ്ത്രീത്വത്തിന്റെ ഏറ്റവും മഹത്വമാർന്ന ദിനങ്ങളെ വിലക്കപ്പെട്ട ദിവസങ്ങളാക്കിമാറ്റിയ പുരുഷബോധത്തോട് ഇക്കാലമത്രയും അടക്കിവെച്ച അമർഷം പുറത്തേക്കൊഴുകുകയുണ്ടായി. പുതിയകാലത്തുപോലും തീണ്ടാരിക്കാലത്തിന്റെ അവസ്ഥകൾക്ക് മാറ്റമുണ്ടാവുന്നില്ല എന്നത് ശക്തമായ പ്രതിഷേധത്തിലൂടെ ബോധ്യപ്പെടുത്തുകയുണ്ടായി. രക്തം എന്നും വിപ്ലവത്തിന്റെ മാനവികതയുടെ അടയാളമായി കണക്കാക്കപ്പെടുമ്പോഴും സ്ത്രീത്വത്തിന്റെ ഈ ചുവപ്പിനെ ഇതയേറെ വെറുപ്പോടെയും അറപ്പോടെയും അകറ്റി മാറ്റിനിർത്തുന്നതെന്താണ്?

രക്ഷപ്പെട്ടേനെ” കൽക്കട്ടയിലെ ഒരു പുസ്തക ശാലക്കാരൻ പറഞ്ഞതായി എന്റെ സുഹൃത്ത്.”

പുതിയകാലത്തെ കവികളുടേയും കവിതാപുസ്തകങ്ങളുടേയും പെരുമഴയെ വ്യംഗ്യമായി ധ്വനിപ്പിക്കുന്നു സാവിത്രി രാജീവിന്റെ ഡിസംബർ 28 ന്റെ ഈ പോസ്റ്റ്. ഈ തീയതി പ്രധാനമാണ്. കാരണം വർഷാവസാനം കവിതകളുടെ വിളവെടുപ്പുകൂടി നടക്കാറുണ്ട് സോഷ്യൽ മീഡിയയിൽ. കവികളുടെയും കവിതകളുടേയും പെരുമഴക്കാലമാണിത്. എഴുതുന്നവരൊക്കെയും കവിതകളെഴുതുകയും അവയൊക്കെയും പുസ്തകമാവുകയും ചെയ്യുന്നുണ്ട്. കവിതയിലെ ഈ ജനാധിപത്യകാലവും സ്വഭാവവും കവിതയ്ക്ക് എന്തു പ്രയോജനം നൽകിയെന്നതും ചർച്ചചെയ്യുന്നുണ്ട്. സൈബർ ഇടത്തിലെ അസാമാന്യമായ പെൺസാന്നിദ്ധ്യമാണ് സൈബർഫെമിനിസത്തെക്കുറിച്ച് ഇന്ന് ഇത്രയേറെ ചർച്ചയുണ്ടാകാൻ കാരണമായത്.

ഇടപെടുന്ന മേഖലകളുടെ തുറസ്സുകൾ കൂടുംതോറും വിടുതൽ നേടുന്ന മാനസികസംഘർഷങ്ങൾ അവളുടെ പ്രവർത്തനങ്ങളുടെ പ്രായോഗികതലങ്ങളുടെ വിജയമായി മാറുന്നു. അടുക്കളയിൽ സ്വയം ഒരു പ്രഷർകുക്കറായി രൂപാന്തരപ്പെട്ടവൾക്ക് , സേഫ്റ്റിവാൽവു പോലും നിഷേധിക്കപ്പെട്ട് പൊട്ടിത്തെറിക്കേണ്ടി വന്നവൾക്ക്, അവളുടേതായ എല്ലാ പ്രവൃത്തിമണ്ഡലത്തിനോടുമൊപ്പം പൊതുവിടത്തിലേക്കും പ്രവേശനം സാധ്യമായപ്പോൾ കൈവന്ന ആശ്വാസവും ആത്മവിശ്വാസവും ചെറുതല്ല. ലോകം മുഴുവൻ അണുശരീരികളായി പുളഞ്ഞുനടക്കുന്നിടത്ത് അവളുടെ സാധ്യതകൾ എന്തൊക്കെയാണെന്ന് ആരായുന്നതു കാണുമ്പോൾ, "why should boys have all the fun?"എന്ന് പരസ്യചിത്രത്തിലെ സുന്ദരിയ്ക്കൊപ്പം അവൾ ചോദിക്കുന്നു. അവർ ജീവിതം ആസ്വദിക്കുകയാണ്, പുതിയ കാലത്ത് തങ്ങളുടെ അടയാളവും ബാക്കിയാക്കുകയാണ്.




# ശരീരത്തിന്റെ അൺറിയാലിറ്റികൾ

നസീറ എം.എസ്.

ആധുനികതയുടെ വിമർശനസന്ദർഭങ്ങളിൽ കലയുമായി ബന്ധപ്പെട്ട പരമ്പരാഗതമായ ദർശനങ്ങൾക്ക് വലിയ തകർച്ച സംഭവിക്കുന്നുണ്ട്. നൃത്തം, സംഗീതം, നാട്യം എന്നിവയുടെ വേറിട്ടുള്ളതും കൂട്ടിക്കലർത്തപ്പെട്ടതുമായ വിഭിന്ന പ്രകടനങ്ങൾ ക്ലാസിക് എന്നു വിളിക്കുന്ന സ്ഥിരം സന്ദർഭങ്ങളിൽ നിയതമായ ചിട്ടവട്ടങ്ങളോടെയും നാടോടി എന്ന് വിളിക്കുന്ന ബഹുസന്ദർഭങ്ങളിൽ കുറേക്കൂടി അയഞ്ഞ ഘടനയോടെയും തിരിച്ചറിയപ്പെടുകയും പ്രതിഷ്ഠിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. കഥകളി, കൂത്ത്, കൂടിയാട്ടം, തുള്ളൽ, പാഠകം, സോപാനസംഗീതം തുടങ്ങിയ ക്ഷേത്ര, ക്ഷേത്രേതര കലകളായാലും തെയ്യം, തിറ, പടയണി, കുത്തിയോട്ടം, പൊറാട്ട്, എരുതുകളി തുടങ്ങിയ നാടോടി കലാരൂപങ്ങളായാലും അവയുടെ ഉള്ളടക്കം രൂപപ്പെടുത്തുന്ന വിഭിന്ന സാംസ്കാരിക സന്ദർഭങ്ങളുടെ സ്വാധീനം നിലനിൽക്കെത്തന്നെ സാമ്പ്രദായികമായ ചിട്ടകളും രീതികളും ഭാഷണ, പ്രകടന നിയമങ്ങളും പിൻതുടരുന്ന ഗണങ്ങൾ തന്നെ. ഉള്ളടക്കം എന്തുതന്നെ ആയാലും വേഷം, പ്രകടനം എന്നിവയിൽ കൂടിക്കലരാനാവാത്ത ഒരു തനിമ അവക്കുണ്ട്.

ഒരേ ആൾ തന്നെ ആണായും പെണ്ണായും ചില പ്പോൾ മൃഗമായും മരമായും മാറിത്തീരുന്നു. വേഷം, ഭാഷണം എന്നിവയിൽ മത, സാംസ്കാരിക, രാഷ്ട്രീയ സംഘടനകൾ, കുടുംബം, സ്കൂൾ നിയമ സംവിധാനങ്ങൾ എന്നിവയുടെ ചിഹ്നങ്ങൾ മുദ്രണം ചെയ്യപ്പെട്ട ആദർശവ്യക്തികൾക്കു പകരം വിപണിവ ത്കരിക്കപ്പെട്ടതെങ്കിലും നിയമരഹിതമായ പ്രതിനി ധാനങ്ങൾ സംഭവിക്കുന്നു എന്നതാണ് നവമാധ്യമശ രീരങ്ങളെ ഈ ചർച്ചയുടെ കേന്ദ്രത്തിലേക്ക് കൊണ്ടുവരുന്നത്.

പക്ഷേ ആധുനികോത്തരതയിൽ കല ഏകീകൃതവും സ്ഥിരവുമായ ഒരു വസ്തുതായാഥാർത്ഥ്യമല്ലാതാകുന്നു. കലയെ സംബന്ധിച്ച ആധികാരികം എന്നു കരുതപ്പെടുന്ന ജ്ഞാനഘടനക്ക് അയവുവരികയും വിവിധ ഗണങ്ങൾ തമ്മിൽ കൂടിക്കലർന്ന് പുതിയവ പ്രത്യക്ഷപ്പെടുകയും ചെയ്യുന്നു.

അതേ സമയം സാമ്പ്രദായിക ചിട്ടകളോടെ പഴയഗണങ്ങളെ നിലനിർത്താൻ രാഷ്ട്രീയമായ ബോധപൂർവ്വശ്രമങ്ങൾ ഇതോടൊപ്പം നടക്കുന്നുണ്ട്. (ക്ഷേത്രകലാപഠനങ്ങൾ, സ്കൂൾ, കോളേജ് കലാമേളകൾ തുടങ്ങിയവ ഉദാഹരണം) ക്ലാസിക്കൽ, നാടോടി എന്നീ നിലകളിൽ വിഭജിക്കപ്പെട്ട കലാസന്ദർഭങ്ങളെ അതേ രീതിയിൽ പ്രചരിപ്പിക്കുകയും നിലവിലുള്ള സാമ്പ്രദായിക ആസ്വാദക സമൂഹത്തെ നിലനിർത്തുകയുമാണ് ഇത്തരം ശ്രമങ്ങളുടെ ലക്ഷ്യം. അതോടൊപ്പം ദേശത്തിന്റെ സാംസ്കാരിക ചിഹ്നങ്ങളായി ഈ കലകളും അവ പ്രദർശിപ്പിക്കുന്ന മേളകളും തിരിച്ചറിയപ്പെടുന്നു. അതേസമയം ചുറ്റും വികസിതമാകുന്ന മുതലാളിത്തവിപണി സൃഷ്ടിക്കുന്ന വിനോദ വ്യവസായത്തിന്റെ ഭാഗമായും അത് മാറുന്നുണ്ട്.

ആധുനികോത്തരതയിൽ സംഭവിച്ച വിച്ഛേദത്തിന് ഒരു പരിധിവരെ കാരണം വ്യവസായ സ്ഥാപനങ്ങൾ, പരസ്യ ഏജൻസികൾ, മുതലാളിത്ത സംസ്കാരം എന്നിവയാൽ നിർണീതമായ സാംസ്കാരവ്യവസായമാണ്. അതേസമയം കലയിലെയും സംസ്കാരത്തിലെയും അധികാരകേന്ദ്രങ്ങളെ അത് വെല്ലുവിളിക്കുകയും ചെയ്യുന്നു. അധികാര വിരുദ്ധതയുടെയും വിപണിവത്കരണത്തിന്റെയും വിരുദ്ധസ്വഭാവങ്ങളുള്ള ഈയൊരു ദിശാപരിണാമത്തെ ഏറ്റവുമധികം വ്യാപകമാക്കുന്നത് ബഹുജനമാധ്യമങ്ങളാണ്. ശരീരത്തിന്റെ പ്രകടനപരതയുടെ സാധ്യതകൾ മുൻനിർത്തിയാണ് ആധികാരിക ദൃശ്യശ്രാവ്യാനുഭവങ്ങളെ ടെലിവിഷൻ പോലുള്ള മാധ്യമങ്ങൾ തകർക്കുന്നത്. കലയിലെ സാമ്പ്രദായിക ഗണങ്ങൾ തകരുമ്പോൾ ഏറ്റവുമധികം സങ്കീർണ്ണമാക്കപ്പെടുന്നത് ശരീരമാണ്. സാമ്പ്രദായിക ദർശനത്തിൽ നാട്യം, നൃത്തം എന്നിവയിൽ മാത്രം സാന്നിധ്യമുണ്ടായിരുന്ന ശരീരം സംഗീതത്തിന്റെയും ഭാഷണത്തിന്റെയും സന്ദർഭങ്ങളിലേക്ക് കയറിവരുന്നു. ഒരേ പാട്ടുതന്നെ പല രീതിയിൽ പ്രദർശിപ്പിക്കാൻ കഴിയുന്നു. അഭിനയവും നൃത്തവും അതോടൊപ്പം തന്നെ പ്രാധാന്യം നേടുന്നു. തന്നെയുമല്ല, ഭാഷ, വേഷം, നൃത്തം, സംഗീതം, ജ്ഞാനം എന്നിവയെല്ലാം പല ചേരുവകളിൽ കുടിക്കർന്ന് പുതിയ പ്രകടനരൂപങ്ങൾ ഉണ്ടാകുന്നു. സംഗീതത്തിനടക്കം നാട്യപരതയുണ്ടെന്ന് നവ മാധ്യമങ്ങളിലെ സംഗീത റിയാലിറ്റി ഷോകൾ തെളിയിക്കുന്നു. ജ്ഞാനം വിനിമയം ചെയ്യപ്പെടുന്ന രീതിയും നാട്യപരമാണ്. ടെലിവിഷനിലെ പലതരം ബുദ്ധി പരീക്ഷണ പരിപാടികൾ നോക്കുക. നാടകീയം എന്നു സാമ്പ്രദായികമായി ധരിച്ചിട്ടുള്ള അരങ്ങ് അവിടെയും കാണാം. കാണികളുടെ സാന്നിധ്യം, അവതാരകന്റെയും പങ്കെടുക്കുന്നവരുടെയും അഭിനയങ്ങൾ, വെളിച്ചത്തിന്റെയും ശബ്ദത്തിന്റെയും വിന്യാസം എന്നിവയാൽ നാടകീയമാക്കപ്പെട്ട ഒരു വ്യവഹാരമാണ് ഓരോ ടി.വി.ഷോയും. ഇതേ നാടകീയത സംഗീതപരിപാടികളിലും കോമഡി പരിപാടികളിലും വ്യത്യസ്ത കഴിവുകൾ പ്രകടിപ്പിക്കുന്ന പരിപാടികളിലും കാണാം. ശരീരത്തിന്റെ നാട്യമികവാണ് ഓരോ സന്ദർഭങ്ങളെയും വ്യത്യസ്തമാക്കുന്നത്. ശരീരം ഏകീകൃതമായ ഒരു ജീവശാസ്ത്രസത്യം എന്ന നിലവിട്ട് സാന്ദർഭികമായി നിർണയിക്കപ്പെടുന്ന ഒരു ബഹുയാഥാർത്ഥ്യമായി പരിണമിക്കുന്നു എന്നതാണിവിടെ സംഭവിക്കുന്നത്. ആധുനികോത്തരതയിൽ കലയുടെ സാമ്പ്രദായികതക്ക് സംഭവിച്ച തകർച്ച കലാപ്രകടനത്തിന്റെ ആധാരസ്ഥാനമായ ശരീരത്തിനും സംഭവിക്കുന്നു.

ശരീരത്തെ സംബന്ധിച്ച് നിലവിലുള്ള ആർത്ഥിക വ്യവസ്ഥകൾക്കനുസരിച്ചുള്ളതല്ല സമകാലിക മാധ്യമങ്ങളിലെ ശരീരങ്ങൾ. ലിംഗപരതയെത്തന്നെ അതു പലപ്പോഴും വെല്ലുവിളിക്കുന്നു. വേഷത്തിലും പ്രകടനത്തിലും അംഗീകൃത ലിംഗാവസ്ഥകളെ മറികടക്കുന്ന കഥാപാത്രങ്ങൾ പ്രത്യക്ഷപ്പെടുന്നു. ഒരേ ആൾ തന്നെ ആണായും പെണ്ണായും ചിലപ്പോൾ മൃഗമായും മരമായും മാറിത്തീരുന്നു. വേഷം, ഭാഷണം എന്നിവയിൽ മത, സാംസ്കാരിക,

രാഷ്ട്രീയ സംഘടനകൾ, കുടുംബം, സ്കൂൾ, നിയമസംവിധാനങ്ങൾ എന്നിവയുടെ ചിഹ്നങ്ങൾ മുദ്രണം ചെയ്യപ്പെട്ട ആദർശവ്യക്തികൾക്കു പകരം വിപണിവത്കരിക്കപ്പെട്ടതെങ്കിലും നിയമരഹിതമായ പ്രതിനിധാനങ്ങൾ സംഭവിക്കുന്നു എന്നതാണ് നവമാധ്യമശരീരങ്ങളെ ഈ ചർച്ചയുടെ കേന്ദ്രത്തിലേക്ക് കൊണ്ടുവരുന്നത്.






സൗന്ദര്യസങ്കല്പങ്ങൾ ഇവിടെ മാറിമറിയുന്നു. ശരീരത്തിന്റെ പ്രകടനങ്ങളിൽ അത് ലിംഗരഹിതം എന്നുതന്നെ പറയാവുന്ന രീതിയിലേക്ക് പല സന്ദർഭങ്ങളിലും മാറുന്നുണ്ട്. ഒരു ഷോയിൽ പുരുഷവേഷം ധരിച്ചയാൾക്ക് അടുത്ത ഷോയിൽ സ്ത്രീയായോ ഏതെങ്കിലും മൃഗമായോ പരിണമിക്കാനുള്ള അവസരം അത് നൽകുന്നു. മത്സരാർത്ഥിക്ക് മാത്രമല്ല അവതാരകർക്കും വിധികർത്താക്കൾക്കും കാണികൾക്കുമെല്ലാം നാട്യപ്രധാനമായ ഒരു റോൾ ഇവിടെയുണ്ട്. ശരീരത്തിന്റെ വിഭിന്നസാധ്യതകൾ അവതരണത്തിലും വിധിനിർണയത്തിലും പ്രോത്സാഹനത്തിലും ഉപയോഗിക്കപ്പെടുന്നുണ്ട്. സാങ്കേതികവിദ്യയുടെ അതിരറ്റ സഹായത്തോടുകൂടിയാണെങ്കിലും ആധികാരികമായ ഒരു സംവർഗ്ഗം എന്ന നിലയിൽ നിന്ന് അത് ശരീരത്തെ മോചിപ്പിക്കുന്നു. ഭാഷണത്തെയും വേഷത്തെയും പോലെ പ്രകടനങ്ങളും ഇവിടെ ലിംഗരഹിതമാകുന്നു. വീട്ടിലും ഓഫീസിലും ബസ്സിലും സമ്മേളന സ്ഥലങ്ങളിലും നാം പാലിക്കുന്ന ലിംഗവിവേചനപരമായ പ്രകടനങ്ങൾ അപ്രസക്തമാകുന്ന ഇടമായി ടെലിവിഷൻ മാറുന്നുണ്ട്. ലിംഗപരമായ മുൻധാരണകളില്ലാതെ ആളുകൾക്ക് പരസ്പരം ആലിംഗനം ചെയ്യുകയും ചുംബിക്കുകയും നിർഭയമായി ഇടപെടുകയും ചെയ്യാനുള്ള സ്വാതന്ത്ര്യത്തിനുവേണ്ടി കേരളത്തിന്റെ തെരുവുകളിൽ സമരം നടന്നുകൊണ്ടിരിക്കുമ്പോൾ ഇത്തരത്തിൽ സ്വതന്ത്രമായി ഇടപെടാവുന്ന ഒരു വേദിയായി ടെലിവിഷൻ ഷോകൾ മാറുന്നു. ചുംബിക്കാൻ സമരം ചെയ്യുന്നവരും അതിനെതിരെ സമരം ചെയ്യുന്നവരും ഇവരെയെല്ലാം നിയന്ത്രിക്കാൻ പാടുപെടുന്നവരുമെല്ലാം ഒരേപോലെ ടി.വി.ഷോയുടെ തുറസ്സിലേക്ക് വരുന്നുവെന്നതാണ് ഇതിലെ വിരുദ്ധയാഥാർത്ഥ്യം.

പരമ്പരാഗത കലാനുഭവങ്ങളിലും ശരീരം അനിഷേധ്യമായ സാന്നിധ്യം തന്നെയാണ്. എങ്കിലും മറച്ചുവെക്കപ്പെട്ടതും വെളിവാക്കുമ്പോഴും നിയതമായ രീതികളോട് കൂടിയതും സദാചാരപരവും രസപ്രകാശനത്തിൽ കൃത്യവുമായിരിക്കണം അത്. കൂടിവന്നാൽ ശൃംഗാരത്തോളമെത്തി പിൻവലിഞ്ഞ സദാചാരകലകളായിരുന്നു അവ.

പരമ്പരാഗത കലാനുഭവങ്ങളിലും ശരീരം അനിഷേധ്യമായ സാന്നിധ്യം തന്നെയാണ്. എങ്കിലും മറച്ചുവെക്കപ്പെട്ടതും വെളിവാക്കുമ്പോഴും നിയതമായ രീതികളോട് കൂടിയതും സദാചാരപരവും രസപ്രകാശനത്തിൽ കൃത്യവുമായിരിക്കണം അത്. കൂടിവന്നാൽ ശൃംഗാരത്തോളമെത്തി പിൻവലിഞ്ഞ സദാചാരകലകളായിരുന്നു അവ. പുതിയ കലാഗണങ്ങളിൽ (സംഗീതത്തിലും അഭിനയത്തിലും മെല്ലാം) രസസംവേദനത്തിന് വൈവിധ്യപൂർണമായ രീതികൾ പിൻതുടരുന്നുണ്ട്. ശരീരത്തെ അതിന്റെ ലൈംഗികധർമ്മത്തോടെ ആവിഷ്കരിക്കാൻ ഒരിക്കലും പരമ്പരാഗത കല തയ്യാറാവുകയില്ല. എന്നാൽ ഭാവത്തിലും പ്രകടനത്തിലും ലൈംഗികാനുഭൂതിപരമായ ചിഹ്നങ്ങൾ പുതിയ ശരീരങ്ങൾ വഹിക്കുന്നുണ്ട്. സെക്സിയായിരിക്കുക എന്നത് ഇന്ന് ഒരു പാപമോ നാണക്കേടോ അല്ല. അഭിമാനമാണ്. സ്വന്തം ശരീരത്തിന്റെ സെക്സി ഇമേജ്

സൂക്ഷിക്കുകയും പ്രകടിപ്പിക്കുകയും ചെയ്യാൻ കലാകാരന്/കലാകാരിക്ക് ഇവിടെ സാധിക്കും.

ആധുനികതയിലെ ആധികാരിക വ്യക്തിയിൽ നിന്നും ആധുനികാനന്തരം സ്വത്വനഷ്ടത്താൽ തകർക്കപ്പെട്ട വ്യക്തിയിൽ നിന്നും പരിണമിച്ച ഒരു കേന്ദ്രരഹിതവ്യക്തിത്വം സമകാലിക സിനിമയിലേയും ടെലിവിഷനിലേയും കലാകാരൻ/കലാകാരി ആർജ്ജിക്കുന്നുണ്ട്. ഒരാൾക്ക് തന്നെ പലരായിമാറി ബഹുതലയാഥാർത്ഥ്യത്തെ പ്രതിനിധാനം ചെയ്യാൻ കഴിയുന്നുവെന്നതു മാത്രമല്ല അതിനു  കാരണം. നിലവിലുള്ള ലിംഗപരതാസങ്കല്പപങ്ങളെയും അതുവഴി ലിംഗ വിവേചനത്തേയും ലഘൂകരിക്കാൻ ഇത്തരം പ്രകടനങ്ങൾക്ക് കഴിയുന്നു എന്നതുകൂടിയാണ്. കഴിഞ്ഞ ദശകത്തിന്റെ ആരംഭത്തിൽപ്പോലും അശ്ലീലമെന്നും സദാചാരവിരുദ്ധമെന്നും കരുതി സെൻസർ ചെയ്യപ്പെട്ട പ്രകടനങ്ങൾ സിനിമ, ടെലിവിഷൻ, ജനപ്രിയ മാസികകൾ തുടങ്ങിയവയിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. ഒരു കാലത്ത് ഗ്ലാമർനടിമാർ എന്ന ഗണത്തിൽപ്പെടുത്തി പരിഹാസപൂർവ്വം (ആകാംക്ഷയോടെയും)  നോക്കിയിരുന്ന നടിമാർമാത്രം പ്രത്യക്ഷപ്പെട്ടിരുന്ന തരത്തിലുള്ള (ഒരു പക്ഷെ അതിനേക്കാളേറെ പ്രദർശനപരമായ) രംഗങ്ങളിൽ സമകാലിക നാട്യശരീരങ്ങൾ പ്രത്യക്ഷപ്പെടുന്നുണ്ട്. സ്ത്രീശരീരത്തെ കച്ചവടവത്കരിക്കുന്നു, ചരക്കുവത്കരിക്കുന്നു തുടങ്ങിയ ലളിതയുക്തികളിൽ ഇതിനെ വിമർശന വിധേയമാക്കാൻ എളുപ്പമാണ്. സ്ത്രീ-പുരുഷൻ എന്നീ അംഗീകൃതലിംഗാവസ്ഥകളെത്തന്നെ ചോദ്യം ചെയ്യുകയും ലിംഗപദവിയുടെയും ലിംഗപരതയുടെയും ആപേക്ഷികത വ്യക്തമാക്കുകയും ചെയ്യുന്ന ഒരു വ്യാഖ്യാനവ്യവസ്ഥയായി ശരീരത്തിന്റെ പ്രദർശനപരതയെ തിരിച്ചറിയാൻ കഴിയും. ലിംഗപരമായി നിലവിലുള്ള ആർത്ഥികവ്യവസ്ഥകളെ നിരാകരിക്കുകയും ശരീരത്തിന്റെ, ലിംഗപരമായി അസ്ഥി



ശരീരത്തിന്റെ ബഹുത്വങ്ങളിലൂടെ യാഥാർത്ഥ്യത്തിന്റെയും ജ്ഞാനത്തിന്റെയും ബഹുതലഘടനയെ തുറന്നുകാട്ടുന്നു. നിരവധി വ്യാഖ്യാന സന്ദർഭങ്ങളിലൂടെ കെട്ടിപ്പടുക്കപ്പെട്ട ശരീരം എന്ന അപേക്ഷിക യാഥാർത്ഥ്യം വെളിപ്പെടുകയാണിവിടെ. പലതരം ചിഹ്നപ്രക്രിയകളിലൂടെ പ്രതിഷ്ഠ നേടുന്ന ലിംഗപദവികളും ലിംഗപരതകളും ഇങ്ങനെ ചോദ്യം ചെയ്യപ്പെടുന്നു. ഫലത്തിൽ അധികാരബന്ധങ്ങൾ മുദ്രണം ചെയ്യപ്പെട്ട ലിംഗസ്വത്വശരീരങ്ങൾ യാഥാർത്ഥ്യത്തിന്റെ ബഹുത്വങ്ങളിലേക്ക് തുറന്നുവിടപ്പെടുന്നു.

രവും പലപ്പോഴും അയഥാർത്ഥവുമായ നിലകളെ വെളിവാക്കുകയും ചെയ്യുന്നു അത്. യാഥാർത്ഥ്യത്തിന് ലിംഗാധിഷ്ഠിതമായ ഒറ്റഘടനയേയുള്ളൂവെന്ന, മിക്കവാറും പുരുഷാധിപത്യ വ്യവസ്ഥയെ പിന്തുണക്കുന്ന ജ്ഞാനത്തെ അത് നിരാകരിക്കുന്നു. ശരീരത്തിന്റെ ബഹുത്വങ്ങളിലൂടെ യാഥാർത്ഥ്യത്തിന്റെയും ജ്ഞാനത്തിന്റെയും ബഹുതലഘടനയെ തുറന്നുകാട്ടുന്നു. നിരവധി വ്യാഖ്യാന സന്ദർഭങ്ങളിലൂടെ കെട്ടിപ്പടുക്കപ്പെട്ട ശരീരം എന്ന അപേക്ഷിക യാഥാർത്ഥ്യം വെളിപ്പെടുകയാണിവിടെ. പലതരം ചിഹ്നപ്രക്രിയകളിലൂടെ പ്രതിഷ്ഠ നേടുന്ന ലിംഗപദവികളും ലിംഗപരതകളും ഇങ്ങനെ ചോദ്യം ചെയ്യപ്പെടുന്നു. ഫലത്തിൽ അധികാരബന്ധങ്ങൾ മുദ്രണം ചെയ്യപ്പെട്ട ലിംഗസ്വത്വശരീരങ്ങൾ യാഥാർത്ഥ്യത്തിന്റെ ബഹുത്വങ്ങളിലേക്ക് തുറന്നുവിടപ്പെടുന്നു.



നിഷി ജോർജ്ജ്

# സൈബർ ഇടങ്ങളിലെ സ്ത്രീ

**സൈ**ബർസ്ഥലം പ്രതീതിയാഥാർത്ഥ്യ (Virtual reality)ങ്ങളുടെ സാങ്കൽപിക സ്ഥലമാണ്. യാഥാർത്ഥ്യം വ്യവഹാരങ്ങളുടെ സൃഷ്ടിയും അസ്ഥിരവുമായ ഒന്നായി മനസ്സിലാക്കുമ്പോൾ യാഥാർത്ഥ്യം/ പ്രതീതിയാഥാർത്ഥ്യം ഇവ വിപരീതങ്ങളല്ലെന്ന് വ്യക്തമാകും. പ്രതീതിയാഥാർത്ഥ്യങ്ങൾക്ക് യാഥാർത്ഥ്യങ്ങളെ പ്രതിനിധീകരിക്കാനും പെരുപ്പിച്ചുകാണിക്കാനും മാത്രമല്ല പുതിയ യാഥാർത്ഥ്യങ്ങളെ സൃഷ്ടിക്കാനും സാധിക്കുന്നുണ്ട്. യാഥാർത്ഥ്യത്തിൽ സാധ്യമല്ലാത്തൊരു പൂർണ്ണത സാധ്യമാക്കാനും സാങ്കേതികവിദ്യയ്ക്ക് കഴിയുന്നുണ്ട്. ജൈവികതയുടെയും യാന്ത്രികതയുടെയും മിശ്രിതമായ സൈബോർഗു (Cyborg)കൾ ഇത്തരമൊരു പൂർണ്ണതയുടെ സൂചനകൾ തരുന്നുണ്ട്. ഭാവനയെ രൂപപ്പെടുത്തുന്ന മിത്തുകളെയും അർത്ഥങ്ങളെയും പുനർനിർമ്മിക്കാൻ



സൈബോർഗുകൾക്ക് സാധിക്കുമെന്ന് ഡോണ ഹാരവെ (Donna Haraway : A Cyborg Manifesto, Science, Technology and Socialist Feminism in the Late Twentieth Century) വിലയിരുത്തുന്നു. സ്ത്രീവാദചിന്തകളിലെ സ്വത്വവാദസമീപനങ്ങളോട് വിയോജിച്ചുകൊണ്ട് സ്വത്വങ്ങളെ അസ്ഥിരമാക്കുകയാണ് വേണ്ടതെന്ന നിഗമനത്തിലെത്തുന്ന ഹാരവെ സാങ്കേതികവിദ്യയെയും സൈബർലോകത്തെയും സ്വത്വങ്ങളെ അസ്ഥിരപ്പെടുത്താനുള്ള സാധ്യതകളായി കാണുന്നു. സാങ്കേതികവിദ്യ സാധ്യമാക്കുന്ന ഇത്തരം അസ്ഥിരതകൾക്ക് സ്ത്രീയെക്കുറിച്ചുള്ള യഥാർത്ഥലോകത്തിന്റെ സങ്കൽപ്പങ്ങളെ മറികടക്കാനുള്ള ഉപാധികളായിത്തീരാൻ സാധിക്കും.

നൂതനസാങ്കേതികവിദ്യകൾ, സൈബർസ്പേസ്, ഇന്റർനെറ്റ് എന്നിവ ഉപയോഗപ്പെടുത്തുന്ന സ്ത്രീവാദക്കൂട്ടായ്മകളുടെ ചിന്തകളെ സൂചിപ്പിക്കാൻ സൈബർസ്ത്രീവാദം (Cyber Feminism) എന്ന പദം ഉപയോഗിക്കുന്നു. സൈബർ സ്ത്രീവാദികളിലെ ഒരു പ്രബലവിഭാഗം ലിംഗപരമായ ഇടുക്കങ്ങളിൽ നിന്ന് രക്ഷപ്പെടാൻ സാധിക്കുന്ന ഒരു ഇടമായാണ് സൈബർസ്ഥലത്തെ കണ്ടത്. ജാതി, മത, വർഗ്ഗ, വർണ്ണ, ലിംഗ ഭേദങ്ങളില്ലാതെ ഇടപെടാൻ സാധിക്കുന്ന ഒരിടം. ജാതിയുടെയും മതത്തിന്റെയും ലിംഗത്തിന്റെയും ദേശത്തിന്റെയും ഒക്കെ പേരിലുള്ള കൂട്ടായ്മകൾ സൈബർലോകത്തുണ്ടെങ്കിലും തന്റെ പലവിധ സ്വത്വങ്ങളെ പ്രകടിപ്പിക്കാതിരിക്കാനോ, മറച്ചുപിടിക്കാനോ, വിട്ടുകളയാനോ, മറ്റൊന്നായി പ്രകടിപ്പിക്കാനോ ഉള്ളൊരു സാധ്യത കൂടി സൈബർസ്ഥലം

ഇന്റർനെറ്റ്, മൊബൈൽ ഫോണുകൾ തുടങ്ങിയ നവമാധ്യമങ്ങൾ സ്ത്രീശരീരക്കാഴ്ചകളെ ഒറ്റക്ലിക്കിൽ ലഭ്യമാവുന്ന ആഘോഷങ്ങളാക്കിത്തീർത്തു. ശരീരക്കാഴ്ചകളുടെ ഈ ബാഹുല്യം ഒളിച്ചുനോക്കുന്നവരുടെ ആകാംക്ഷകളെ താൽക്കാലികമായി ശമിപ്പിക്കുന്നുണ്ടെന്നും പറയുക സാധ്യമല്ല. പുറം ലോകത്ത് സ്ത്രീക്കു നേരെ നടക്കുന്ന അതിക്രമങ്ങൾ അത്തരമൊരു സൂചന തരുന്നില്ല.

ഉണ്ടാക്കുന്നുണ്ട്. ഇത്തരമൊരു സാധ്യതയെ സ്ത്രീകളും ഉപയോഗപ്പെടുത്തുന്നുണ്ട്.

സോഷ്യൽ നെറ്റ്വർക്ക് സൈറ്റുകളിൽ സ്ത്രീകളാണ് കൂടുതൽ സജീവമായിരിക്കുന്നത് എന്ന് വിലയിരുത്തപ്പെട്ടിട്ടുണ്ട്. സൈബർ സ്ഥലത്തെ സ്ത്രീസാന്നിധ്യത്തെ വിശകലനം ചെയ്യുമ്പോൾ സ്ത്രീകൾ ഈ സ്ഥലത്തെ എങ്ങനെ ഉപയോഗിക്കുന്നുവെന്നും സ്ത്രീകളെ ഈ സ്ഥലം എങ്ങനെ അടയാളപ്പെടുത്തുന്നുവെന്നും മനസ്സിലാക്കേണ്ടതുണ്ട്. സ്ത്രീകളെ എങ്ങനെ അടയാളപ്പെടുത്തുന്നു എന്ന് പരിശോധിച്ചാൽ പുറം ലോകത്തിന്റെ അധീശാധികാരങ്ങൾ തന്നെയാണ് സൈബർലോകത്തിലും പ്രവർത്തിക്കുന്നതെന്ന് കാണാം. സ്ത്രീശരീരത്തിലേക്ക് എത്തിനോട്ടങ്ങളും തുറിച്ചുനോട്ടങ്ങളും നടത്തുന്നതിൽ സൈബർലോകവും പിന്നിലല്ല. സ്നേഹം, പ്രണയം, കാമം തുടങ്ങിയവ കേവലശരീരവാസനകൾക്കപ്പുറത്ത് മനുഷ്യരിൽ ചരിത്രബദ്ധമായാണ് പ്രവർത്തിക്കുന്നത്. ഇവയെക്കുറിച്ചുള്ള കാഴ്ചകളുടെയും കേൾവികളുടെയും സങ്കൽപ്പങ്ങളുടെയും ആകെത്തുകയായാണ് ഇവയുടെ അനുഭൂതിതലം രൂപപ്പെടുന്നത്. പ്രണയം, കാമം എന്നിവയെ സ്ത്രീശരീരത്തിൽ ലഭ്യമാകുന്ന അനുഭൂതിവിശേഷങ്ങളായി അവതരിപ്പിക്കുന്നതിലൂടെ അങ്ങനെ ഉറപ്പിച്ചെടുക്കുകയാണ് മാധ്യമങ്ങൾ ചെയ്യുന്നത്. ദൃശ്യമാധ്യമങ്ങൾ ശക്തമായതോടെ വിവരണങ്ങൾക്കു പകരം ശരീരക്കാഴ്ചകളെ തന്നെ നേരിട്ടുചേർത്തുകൊണ്ട് ഇത്തരം സങ്കൽപ്പങ്ങൾ ദൃഢപ്പെട്ടു. ഇന്റർനെറ്റ്, മൊബൈൽ ഫോണുകൾ തുടങ്ങിയ നവമാധ്യമങ്ങൾ സ്ത്രീശരീരക്കാഴ്ചകളെ ഒറ്റക്ലിക്കിൽ ലഭ്യമാവുന്ന ആഘോഷങ്ങളാക്കിത്തീർത്തു. ശരീരക്കാഴ്ചകളുടെ ഈ ബാഹുല്യം ഒളിച്ചുനോക്കുന്നവരുടെ ആകാംക്ഷകളെ താൽക്കാലികമായി ശമിപ്പിക്കുന്നുണ്ടെന്നും പറയുക സാധ്യമല്ല. പുറം ലോകത്ത് സ്ത്രീക്കു നേരെ നടക്കുന്ന അതിക്രമങ്ങൾ അത്തരമൊരു സൂചന തരുന്നില്ല.

സ്ത്രീശരീരത്തെ കാഴ്ചയ്ക്കും വിൽപ്പനയ്ക്കും വെച്ചിരിക്കുന്ന ധാരാളം സൈറ്റുകളും പേജുകളും സൈബർസ്ഥലത്തുണ്ട്. മൊബൈൽഫോണുകളിലേക്ക് സ്ത്രീകളുടെ ഹോട്ടായ

സ്ത്രീവിഷയങ്ങളവതരിപ്പിക്കുന്ന പേജുകളും സൈബർ ഇടങ്ങളിൽ ഉണ്ടായിവരുന്നുണ്ടെന്നുകാണാം. ഡൽഹിയിൽ ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയ പെൺകുട്ടിയുടെ മരണത്തെത്തുടർന്നുണ്ടായ പ്രക്ഷോഭങ്ങളിൽ ഫേസ്ബുക്ക് പോലുള്ള സോഷ്യൽ മീഡിയകൾ ചെറുതല്ലാത്ത പങ്ക് വഹിച്ചിട്ടുണ്ട്.

ചിത്രങ്ങളും വീഡിയോകളും അയക്കാനും ഇന്റർനെറ്റ് ഉപയോഗപ്പെടുത്തുന്നുണ്ട്. സ്ത്രീകളുമായി ചാറ്റുചെയ്യാനും ബന്ധപ്പെടാനുമുള്ള സൗകര്യങ്ങൾ ലഭ്യമാണെന്ന സന്ദേശങ്ങൾ മൊബൈൽ ഫോണുകളിലേക്ക് വന്നുകൊണ്ടേയിരിക്കുന്ന സാഹചര്യമുണ്ട്. തീർത്തും രഹസ്യമായിരുന്നുകൊണ്ട് ഇതൊക്കെ ചെയ്യാനുള്ള സൗകര്യങ്ങൾ സൈബർസ്ഥലത്തുണ്ട്. സ്ത്രീകൾ തന്നെയും ഇത്തരം സാധ്യതകൾ ഉപയോഗിച്ച് സ്വയം വിൽക്കുകയോ പണം സമ്പാദിക്കുകയോ ഗ്ലാമർ വർദ്ധിപ്പിക്കുകയോ ചെയ്യുന്നുണ്ട്. ചിലർ പുരുഷൻമാരുടെ മുൻകൈയുള്ള സംഘങ്ങളുടെ ഇരകളായി തീരുന്നുണ്ട്. മോർഫിങ്ങിലൂടെയും മറ്റും ഒന്നുമറിയാത്ത സ്ത്രീകളെയും ഇത്തരം വലകളിൽ കുടുക്കാൻ കഴിയുന്നുണ്ട്. അതിനാൽ സോഷ്യൽനെറ്റ്വർക്ക് സൈറ്റുകളിലും മറ്റും സ്വന്തം ചിത്രങ്ങൾ കൊടുക്കാൻ പോലും പെൺകുട്ടികൾ വിമുഖത കാണിക്കുന്നു. എന്നാൽ ഇങ്ങനെ സൂക്ഷിക്കുന്നതിൽ കാര്യമൊന്നുമില്ലെന്നും കാണാം. ഒരാളുടെ ചിത്രം സംഘടിപ്പിക്കാൻ പല വഴികളുമുണ്ട്. സ്ത്രീകൾ എത്ര സ്വയം മൂടിവെച്ചാലും അവളെ ഒപ്പിയെടുക്കാൻ കഴിയുന്ന ക്യാമറകൾ ഒളിവിലും തെളിവിലും ചന്തയിലും കുളിമുറിയിലും വരെ ഉണ്ടാകുന്നുണ്ട്.

സ്ത്രീകൾ സൈബർസ്ഥലത്തെ എങ്ങനെ ഉപയോഗപ്പെടുത്തുന്നു എന്നതാണ് ഇതിലും പ്രധാനമായ കാര്യം. സാഹിത്യവും രാഷ്ട്രീയവും കൊച്ചുവർത്തമാനങ്ങളുമെഴുതി സൈബർലോകത്ത് സജീവമായിരിക്കുന്ന ധാരാളം സ്ത്രീകളുണ്ട്. ഗൗരവമായ എഴുത്തിന്റെയും വായനയുടെയും ഇടങ്ങളായി സൈബർസ്ഥലത്തെ ഉപയോഗപ്പെടുത്തുന്ന സ്ത്രീകൾ കുറവായിരിക്കാമെങ്കിലും സമാന്തരമായൊരു ലോകവും ജീവിതവുമായി ധാരാളം സ്ത്രീകൾ ഇതിനെ അനുഭവിക്കുന്നുണ്ട്. സൗഹൃദങ്ങൾ നിലനിർത്തുന്നതിനും സ്വാതന്ത്ര്യപ്രഖ്യാപനത്തിനും ആത്മാവിഷ്കാരത്തിനുമുള്ള ഇടമായി ഇതിനെ സ്വീകരിക്കുന്നുണ്ട്. അകംലോകങ്ങളിലേക്ക് ഒതുങ്ങിജീവിക്കുന്ന സ്ത്രീകൾക്ക് ഇതൊരു പുറംലോകമായും പൊതുവേദിയായും മാറുന്നുണ്ട്. പുരുഷൻമാർ ഇത്തരം ലോകങ്ങളിൽ സജീവമായിരിക്കുന്നതിനെ കാണുന്ന അതേ രീതിയിലല്ല സൈബർലോകത്തെ സ്ത്രീയുടെ സജീവതയെ സമൂഹം കാണുന്നത്. അതിനെ മറികടക്കാൻ പല വഴികളും സൈബർലോകത്തിൽ തന്നെയുണ്ട്.

സ്ത്രീകളുടെ കൂട്ടങ്ങളും സ്ത്രീവിഷയങ്ങളവതരിപ്പിക്കുന്ന പേജുകളും സൈബർ ഇടങ്ങളിൽ ഉണ്ടായിവരുന്നുണ്ടെന്നുകാണാം. ഡൽഹിയിൽ ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയ പെൺകുട്ടിയുടെ മരണത്തെത്തുടർന്നുണ്ടായ പ്രക്ഷോഭങ്ങളിൽ ഫേസ്ബുക്ക് പോലുള്ള സോഷ്യൽ മീഡിയകൾ ചെറുതല്ലാത്ത പങ്ക് വഹിച്ചിട്ടുണ്ട്. ഡൽഹി ഫോർ വിമൻസ് സേഫ്റ്റി (Delhi for Women's Safety) എന്ന ഫേസ്ബുക്ക് പേജ് ഡൽഹി പെൺകുട്ടിയുമായി ബന്ധപ്പെട്ട തുടർപ്രക്ഷോഭങ്ങളെ അടയാളപ്പെടുത്തിയും കേസിലെ തുടർനടപടികളെ നിരീക്ഷിച്ചും വിമർശിച്ചും ഇപ്പോഴും സജീവമായി രംഗത്തുണ്ട്. ഇതു കൂടാതെ നിർഭയ,നിർഭയ ദിവാസ് തുടങ്ങിയ ഫേസ്ബുക്ക് പേജു കളും ഗ്രൂപ്പുകളുമുണ്ട്. കേരളത്തിലും സോഷ്യൽമീഡിയകളിലൂടെയുള്ള ഇടപെടലുകൾ ഇന്ന് സജീവമായിത്തീരുന്നുണ്ട്. കിംസ് ആശുപത്രി കെട്ടിടത്തിൽ നിന്ന് വീണുമരിച്ച നിലയിൽ കണ്ടെത്തിയ റോജിറോയിയുടെ മരണത്തിലെ ദുരൂഹതകൾ പുറത്തു കൊണ്ടുവരാൻ ഫേസ്ബുക്ക് പോലുള്ള മാധ്യമങ്ങൾ സജീവമായി ഇടപെടുകയുണ്ടായി. റോജിറോയ് ആക്ഷൻ കൗൺസിൽ, ജസ്റ്റിസ് ഫോർ റോജിറോയി തുടങ്ങിയ ഫേസ്ബുക്ക് പേജുകൾ ഇതുമായി ബന്ധപ്പെട്ടുണ്ടായവയാണ്. ഫേസ്ബുക്ക് പ്രൊഫൈൽ ചിത്രങ്ങൾ കറുപ്പ് നിറത്തിൽ കൊടുത്ത് ഈ പ്രതിഷേധങ്ങളെ ധാരാളം ആളുകൾ പിൻതുണയ്ക്കുകയുണ്ടായി. സമരങ്ങളെയും പ്രതിഷേധങ്ങളെയും ആസൂത്രണം ചെയ്യുന്ന ഇടമായും അവയെ പ്രകടിപ്പിക്കുന്ന ഇടമായും സൈബർസ്ഥലങ്ങൾ

ഉപയോഗപ്പെടുത്തപ്പെടുന്നുണ്ടെന്ന് കാണാം. ഇത്തരം പ്രതിഷേധങ്ങളും ആസൂത്രണങ്ങളുമെല്ലാം സ്ത്രീകളുടെ മാത്രം മുൻകൈയ്യിൽ നടക്കുന്നവയല്ല. എങ്കിലും സ്ത്രീകൾക്കും ഇവയിൽ പ്രകടമായൊരു പങ്കുണ്ട്. കാഫില, അഴിമുഖം തുടങ്ങിയ പേജുകളിൽ സ്ത്രീകൾ സജീവമായി എഴുതുന്നുണ്ട്. AIPWA കേരള എന്ന, ഇടതുപക്ഷ സംഘടനയുടെ പേജിൽ മെമ്പർമാരധികവും പുരുഷൻമാരാണ്. എഴുതുന്നവരും പുരുഷൻമാർ തന്നെ. വരും കാലങ്ങളിൽ സ്ത്രീകൾ സൈബർസ്ഥലങ്ങളിൽ കൂടുതൽ സജീവമായി തീർന്നേക്കാം. ചുംബനസമരത്തോടനുബന്ധിച്ച് നടന്ന ചർച്ചകളെ സജീവമായി ഏറ്റെടുത്തത് സോഷ്യൽ മീഡിയകളാണ്. ഇതോടനുബന്ധിച്ച് ജനുവരി 1ന് സൈബർ രാസസമരം നടത്താൻ തീരുമാനിച്ചത് സൈബർലോകത്ത് സ്ത്രീകൾക്ക് രാത്രിസഞ്ചാരം നിഷിദ്ധമാകുന്നതിലുള്ള പ്രതിഷേധസൂചകമായാണ്. രാത്രി 12 മണിക്കുശേഷം മലയാളി സ്ത്രീകൾ ചാറ്റ് ബോക്സിൽ എത്തുകയും വരുന്ന മെസ്സേജുകളോട് ധൈര്യപൂർവ്വം പ്രതികരിക്കുകയും ചെയ്യുന്നതായിരുന്നു സമരരീതി. പുറംലോകമെന്നതുപോലെ സൈബർലോകവും സ്ത്രീകൾക്ക് ഏർപ്പെടുത്തുന്ന അദൃശ്യവിലക്കുകളേയും ഇതിനെ മറികടക്കാനുള്ള കൊച്ചുകൂട്ടങ്ങൾ സൈബർലോകത്തു തന്നെ രൂപപ്പെടുന്നതിനെയും ഇത് കാണിക്കുന്നുണ്ട്. എടികളേ വസന്തത്തിന്റെ വിത്തുകൾ നമ്മിലത്രേ എന്ന ഫേസ്ബുക്ക് പേജിൽ മുഖക്കുറിപ്പായി ഇങ്ങനെ എഴുതിയിരിക്കുന്നു. നമുക്ക് ഉറക്കെയുറക്കെ ശബ്ദമുണ്ടാക്കാം. കലഹിക്കാം. തെരുവിലിറങ്ങി ചുമ്മാ നടന്നുപോകാം. ചൂളം വിളിക്കുന്ന ആൺകോയ്മക്കെതിരെ എന്താടോ എന്ന് ചോദിച്ച് വഴക്കടിക്കാം..... എന്നിങ്ങനെ. ഇത്തരം സ്വാതന്ത്ര്യപ്രഖ്യാപനങ്ങളും പ്രതിഷേധങ്ങളും പ്രകടിപ്പിക്കാനുള്ളൊരു പൊതുവേദിയായി സൈബർ സ്ഥലങ്ങൾ മാറുന്നുണ്ട്. അടുത്തിടെ കെ.എസ്.ആർ.ടി.സി ബസ്സിൽ നിന്ന് ആർത്തവസമയമായതിനാൽ സ്ത്രീയെ ഇറക്കിവിട്ട സംഭവവും കാക്കനാട്ടെ സ്വകാര്യകമ്പനിയുടെ കുളിമുറിയിൽ, ഉപയോഗിച്ച നാപ്കിനുകൾ കണ്ടതിനെത്തുടർന്ന് വനിതാജീവനക്കാരെ വസ്ത്രമുരിഞ്ഞ് ദേഹപരിശോധനയ്ക്ക് വിധേയമാക്കിയ സംഭവവും ഏറ്റവുമധികം ചർച്ചചെയ്യപ്പെട്ടത് സൈബർസ്ഥലത്താണ്. നാപ്കിന്റെ ചിത്രങ്ങൾ ഫേസ്ബുക്ക് പേജിൽ പോസ്റ്റ് ചെയ്തുകൊണ്ടായിരുന്നു ഇതിനോട് ചില സ്ത്രീകൾ പ്രതികരിച്ചത്. സ്വകാര്യതകൾ സുതാര്യതകളാവുന്നത് ഇങ്ങനെയുമാണ്.

ബെന്യാമിന്റെ പുതിയ നോവലായ മുല്ലപ്പൂ നിറമുള്ള പകലുകളിൽ രഹസ്യമായി ഫേസ്ബുക്ക് ഉപയോഗിക്കുന്ന, നോവലിലെ മുഖ്യകഥാപാത്രമായ സമീറ തന്റെ വീട്ടിലെ പ്രായമായൊരു സ്ത്രീ കൂടി ഫേസ്ബുക്ക് രഹസ്യമായി ഉപയോഗിക്കുന്നുണ്ടെന്ന് കണ്ടെത്തിയപ്പോൾ ഇങ്ങനെ വിചാരിക്കുന്നു. ഫേസ്ബുക്ക് ഞങ്ങളുടെ കുടുംബത്തിൽ ഒരു വിലക്കപ്പെട്ട കനിയായിരുന്നു. നരകത്തിലേക്കുള്ള തീവണ്ടിയുടെ ടിക്കറ്റ് ബൂത്ത് എന്നാണ് ഞങ്ങളുടെ പുരുഷൻമാർ ഫേസ്ബുക്കിനെ വിശേഷിപ്പിക്കുന്നത്. അതുപക്ഷേ സ്ത്രീകൾക്കു മാത്രം ബാധകമായ ബൂത്താണ്. പുരുഷൻമാർക്ക് എന്നും ആ ബൂത്തിൽ കയറാം. നരകത്തിൽ പോയി ആവുന്നത്ര ആസ്വദിക്കാം. ഞങ്ങൾ സ്വർഗ്ഗത്തിൽ തന്നെ ഇരുന്നുകൊള്ളണം എന്ന്. തന്നോടൊപ്പം നരകത്തിലേക്കുള്ള തീവണ്ടിയിൽ സഞ്ചരിക്കാൻ കുടുംബത്തിൽ നിന്നു തന്നെ ഒരു കൂട്ടുകിട്ടിയതിൽ സമീറ സന്തോഷിക്കുന്നു. ഒതുക്കങ്ങളുടെ വിശുദ്ധസ്വർഗ്ഗങ്ങൾ വേണ്ടെന്ന് വെച്ച് എത്ര സ്ത്രീകളാണ് രഹസ്യമായും പരസ്യമായും ഒറ്റയ്ക്കും കൂട്ടായും ഈ തീവണ്ടിയിൽ കയറുന്നത്. സാങ്കൽപ്പിക സ്ഥലങ്ങളിലൂടെയുള്ള ഈ സഞ്ചാരത്തിൽ അതിരുകളെയും ചൂഷണങ്ങളെയും ശ്രദ്ധിക്കുന്നവരുണ്ട്, അവഗണിക്കുന്നവരുണ്ട്, അവയോട് പൊരുതുന്നവരുണ്ട്. സ്ത്രീയെന്ന ലിംഗസ്വത്വത്തെ പാരമ്പര്യസവിശേഷതകളോടെ സ്വീകരിക്കുന്നവരുണ്ട്,വിമർശനാത്മകമായി പുനർനിർമ്മിക്കുന്നവരുണ്ട്, ലിംഗസ്വത്വത്തെതന്നെ അവഗണിക്കുന്നവരും മറികടക്കുന്നവരുമുണ്ട്.ബഹുസ്വരമായ ഈ പെൺശബ്ദങ്ങൾ എന്തുതന്നെയായാലും സാങ്കൽപ്പികലോകത്തിൽ തന്നെ ഒടുങ്ങുകയില്ല. യഥാർത്ഥലോകത്തേയ്ക്ക് ഇവ തുടർചലനങ്ങൾ ഉണ്ടാക്കാതിരിക്കില്ല. ○




കവർസ്റ്റോറി

# സ്ത്രീ വിരുദ്ധരാഷ്ട്രീയം പത്രമാധ്യമങ്ങളിൽ

രമ്യ തോട്ടോൺവീട്

പുരുഷമേൽക്കോയ്മ നിലനിൽക്കുന്ന സമകാല സമൂഹത്തിൽ ഏതു മേഖലയിലും സ്ത്രീകളുടെ പ്രതിനിധീകരണം എന്നത് വൈരുദ്ധ്യാത്മക സ്വഭാവമുൾക്കൊള്ളുന്ന ഒരു പ്രശ്നമാണെന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു. കേവലശരീരം എന്നതിനപ്പുറത്തേക്ക് സ്ത്രീയെ ഉൾക്കൊള്ളാനും അംഗീകരിക്കാനും സമൂഹം തയ്യാറാകുന്നില്ല. അതുതന്നെയാണ് സ്ത്രീകൾക്കുനേരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങളുടെ കാരണവും. സമൂഹത്തെ പ്രതിഫലിപ്പിക്കുന്നു എന്നവകാശപ്പെടുന്ന മാദ്ധ്യമങ്ങളും ഈ മനോഭാവത്തിൽ നിന്നൊട്ടും മുക്തമല്ല. ആൺനോട്ട (Male gaze)ത്തിന് പാകമായ വിധത്തിലാണ് മാധ്യമങ്ങളിൽ സ്ത്രീ ചിത്രീകരിക്കപ്പെടുന്നത്. സാമൂഹ്യ പ്രതിബദ്ധതയുള്ള സ്ഥാപനങ്ങൾ എന്നതിനുപരി ലാഭം കൊയ്യുന്ന വൻകിടകച്ചവടസ്ഥാപനങ്ങൾ എന്ന നിലയിലേക്ക് മാധ്യമങ്ങൾ മാറിക്കഴിഞ്ഞു. ഇത്തരത്തിൽ വിപണിവത്കൃതമായ മാധ്യമലോകത്ത് നിറയുന്ന സ്ത്രീവിരുദ്ധതയെപ്പറ്റി നാം ആഴത്തിൽ ചിന്തിക്കേണ്ടിയിരിക്കുന്നു.

പത്രമാധ്യമങ്ങളിലെ സ്ത്രീയെക്കുറിച്ചാണ് ഈ ലേഖനത്തിലൂടെ ആലോചിക്കാൻ ശ്രമിക്കുന്നത്. പത്രമാധ്യമങ്ങളിലെ സ്ത്രീ

പങ്കാളിത്തം, സ്ത്രീ വിഷയങ്ങളും സ്ത്രീകളെ സംബന്ധിച്ചുള്ള വാർത്തകളും പത്രത്താളുകളിൽ എങ്ങനെ ചിത്രീകരിക്കപ്പെടുന്നു എന്നതൊക്കെ മുൻനിർത്തിയുള്ള ആലോചനകളാണ് ഇവിടെ പങ്കുവെക്കാൻ ശ്രമിക്കുന്നത്.

**പത്രപ്രവർത്തകയായ സ്ത്രീ**

ജേർണലിസം കോഴ്സ് പഠിച്ചിറങ്ങുന്ന വിദ്യാർത്ഥിനികളിൽ എത്രപേരാണ് പത്രപ്രവർത്തനരംഗത്ത് സജീവമാകുന്നത് എന്നത് അന്വേഷിക്കേണ്ട വിഷയം തന്നെയാണ്. ഒരു സ്ത്രീയായതുകൊണ്ടുമാത്രം പലതരത്തിലും അവൾ അടിച്ചമർത്തപ്പെടുന്നുണ്ട്. എല്ലാ തടസ്സങ്ങളും തട്ടിത്തെറിപ്പിച്ച് നിർഭയയായി ഒരു സ്ത്രീ ഈ മേഖലയിലേക്ക് കടന്നുവന്നാൽത്തന്നെയും തലപ്പത്തിരിക്കുന്ന പുരുഷാധിപത്യം അവളെ എപ്രകാരമാണ് സ്വീകരിക്കുന്നതെന്നും കാണേണ്ടിയിരിക്കുന്നു. സ്ത്രീക്ക് ഉയർന്ന പദവികൾ നൽകാനോ നിർണ്ണായകമായ തീരുമാനങ്ങൾ എടുക്കാനുള്ള അവകാശം നൽകാനോ പത്രസ്ഥാപനങ്ങൾ മടികാണിക്കുന്നു എന്നത് നിലനിൽക്കുന്ന വസ്തുതയാണ്. സ്ത്രീകളെ നിയമിക്കുന്ന കാര്യത്തിൽപോലും പത്രസ്ഥാപനങ്ങൾ മടികാണിക്കുന്നുണ്ട്. കുടുംബവുമായി ബന്ധപ്പെട്ട ഉത്തരവാദിത്തങ്ങൾ സ്ത്രീകൾക്ക് ഉണ്ടാകും എന്നതും സ്ത്രീ സുരക്ഷയെ സംബന്ധിച്ച കാര്യങ്ങളോർത്തും പല പത്രമാധ്യമങ്ങളും സ്ത്രീകളെ അകറ്റിനിർത്തുകയാണ്. രാത്രി ഷിഫ്റ്റിലൊക്കെ എത്രത്തോളം സ്ത്രീകൾക്ക് സക്രിയമായി ഇടപെടാൻ കഴിയും എന്ന ചോദ്യമൊക്കെ ഉന്നയിച്ച് സ്ത്രീകൾ ഒരു

> 90കളെ അപേക്ഷിച്ച് വനിതാ മാധ്യമപ്രവർത്തകരുടെ എണ്ണത്തിൽ വൻ വർദ്ധനവ് ഉണ്ടായിട്ടുണ്ടെങ്കിലും അവരുടെ പ്രശ്നങ്ങൾ വീണ്ടും വീണ്ടും അവഗണിക്കപ്പെടുന്നു എന്നാണ് പഠനം തെളിയിക്കുന്നത്. തങ്ങളുടെ സഹപ്രവർത്തകരായ പുരുഷന്മാരേക്കാൾ കഠിനാദ്ധ്വാനം ചെയ്ത് തങ്ങളുടെ കഴിവ് മേലുദ്യോഗസ്ഥരെ ബോദ്ധ്യപ്പെടുത്തേണ്ട അവസ്ഥയുണ്ടെന്നാണ് ഭൂരിഭാഗം വനിതാ മാധ്യമപ്രവർത്തകരുടെയും അഭിപ്രായം.

ബാധ്യതയാണെന്ന മട്ടാണ് പല പത്രസ്ഥാപനങ്ങൾക്കും ഉള്ളത്.

പത്രമാധ്യമങ്ങളിൽ ലിംഗവിവേചനം ശക്തമായി നിലനിൽക്കുന്നുണ്ട്. അതിന്റെ ഒരു തെളിവാണ് Soft Reporting മേഖലകളിൽ കൂടുതലായി സ്ത്രീകൾ നിയോഗിക്കപ്പെടുന്നു എന്നുള്ളത്.ശിശുക്ഷേമം, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളാണ് Soft Reporting ന്റേത്. (നമ്മുടെ പ്രമുഖ പത്രങ്ങളിൽ ഇത്തരത്തിലുള്ള വാർത്തകൾ റിപ്പോർട്ടുചെയ്യുന്നവരെക്കുറിച്ച് അന്വേഷിച്ചാൽ അവരിലധികവും സ്ത്രീകൾ തന്നെയാണ് എന്നു മനസ്സിലാക്കാൻ സാധിക്കും.) Hard Reporting ആയ രാഷ്ട്രീയ – സാമ്പത്തിക കാര്യങ്ങൾ പുരുഷന്മാർക്കുമാത്രം കൈകാര്യം ചെയ്യാവുന്ന വിഷയങ്ങളായി മാറുന്നു. Hard Reportingഏറ്റെടുത്ത ചുരുക്കം ചില സ്ത്രീകൾ ഉണ്ടെങ്കിലും (ലീലാ മേനോൻ, ചിത്ര സോമനാഥൻ) പൊതുവെ ഈ മേഖലകൾ പുരുഷന്റേതായിട്ടാണ് പരിഗണിക്കുന്നത്.

ഇന്ത്യയിലെ വനിതാ മാധ്യമ പ്രവർത്തകരെക്കുറിച്ച് ദേശീയ വനിതാക്കമ്മീഷനുവേണ്ടി പി.ഐ.ഐ (Press Institute of India) ഒരു പഠനം നടത്തിയിട്ടുണ്ട്. ഇന്ത്യയിലെ 141 മാധ്യമ സ്ഥാപനങ്ങളെ കേന്ദ്രീകരിച്ചാണ് ഈ പഠനം നടന്നിട്ടുള്ളത്. ഇതിനെക്കുറിച്ചുള്ള എം. കൃഷ്ണകുമാരിയുടെ നിരീക്ഷണം ശ്രദ്ധേയമാണ്.

90കളെ അപേക്ഷിച്ച് വനിതാ മാധ്യമപ്രവർത്തകരുടെ എണ്ണത്തിൽ വൻ വർദ്ധനവ് ഉണ്ടായിട്ടുണ്ടെങ്കിലും അവരുടെ പ്രശ്നങ്ങൾ വീണ്ടും വീണ്ടും അവഗണിക്കപ്പെടുന്നു എന്നാണ് പഠനം തെളിയിക്കുന്നത്. തങ്ങളുടെ സഹപ്രവർത്തകരായ പുരുഷന്മാരേക്കാൾ കഠിനാദ്ധ്വാനം ചെയ്ത് തങ്ങളുടെ കഴിവ് മേലുദ്യോഗസ്ഥരെ ബോദ്ധ്യപ്പെടുത്തേണ്ട അവസ്ഥയുണ്ടെന്നാണ് ഭൂരിഭാഗം വനിതാ മാധ്യമപ്രവർത്തകരുടെയും അഭിപ്രായം. ജോലിയിൽ ഏതെങ്കിലും തരത്തിൽ പ്രോത്സാഹനമോ സ്ഥാനക്കയറ്റമോ അധികാരികൾ നൽകിയാൽ അത് ലൈംഗികാകർഷണത്തിലൂടെ സ്വാധീനിച്ചെടുത്തതാണെന്ന അപവാദം ഭയപ്പെടുത്തുന്നതായും ചിലർ വ്യക്തമാക്കുന്നുണ്ട്. കരാർ



പ്രമുഖ മാധ്യമ പ്രവർത്തക അമ്മു ജോസഫ്

സമൂഹത്തിൽ സ്ത്രീകൾ നേരിടുന്ന രൂക്ഷമായ പലപ്രശ്നങ്ങൾക്കുനേരെയും മാധ്യമങ്ങൾ കണ്ണടക്കുകയാണ് പതിവ്. അതുമല്ലെങ്കിൽ ഒരു പ്രത്യേക കളത്തിൽ സ്ത്രീ പ്രശ്നങ്ങളെ ഒതുക്കുന്നു. സ്ത്രീകളുടെ ബഹുമുഖമായ കഴിവുകളെയും പ്രശ്നങ്ങളെയും തിരിച്ചറിയാനോ സമൂഹത്തിൽ വളരെ നിർണ്ണായകമായ ഒരു സ്ഥാനം സ്ത്രീ സമൂഹത്തിനുണ്ട് എന്നു മനസ്സിലാക്കി വാർത്തകൾ റിപ്പോർട്ട് ചെയ്യാനോ പല പത്രമാധ്യമങ്ങളും ഇന്നും തയ്യാറാകുന്നില്ല എന്നത് ഗൗരവമേറിയ ഒരു പ്രശ്നം തന്നെയാണ്.

അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന സ്ത്രീജീവനക്കാർക്ക് പ്രസവാവധി തുടങ്ങി പല ആനുകൂല്യങ്ങളും (പി.എഫ്, മെഡിക്കൽ തുടങ്ങിയവ) നിഷേധിക്കപ്പെടുന്ന അവസ്ഥയുമുണ്ടെന്ന് ഈ പഠനം വെളിപ്പെടുത്തുന്നു. (2010, p. 114, 115) മാധ്യമസ്ഥാപനങ്ങളിൽ സ്ത്രീജീവനക്കാർ അനുഭവിക്കേണ്ടിവരുന്ന കഷ്ടനഷ്ടങ്ങളെപ്പറ്റിയുള്ള ഒരു യഥാർത്ഥചിത്രം ഇതിലൂടെ നമുക്ക് തെളിഞ്ഞുകിട്ടുന്നു.

മാധ്യമസ്ഥാപനങ്ങളിലെ വനിതാ ജീവനക്കാർ ലിംഗവിവേചനം നേരിടുന്നതിനോടൊപ്പം ലൈംഗികാതിക്രമങ്ങൾക്കും ഇരയാവുന്നുണ്ടെന്ന കാര്യം നാം വിസ്മരിച്ചുകൂടാ. ഇത്തരത്തിലുള്ള പലവാർത്തകളിലൂടെയും നാം കടന്നുപോയിട്ടുണ്ട്. ഇവിടെ അത്തരത്തിലുള്ള ഒരു സംഭവത്തെക്കുറിച്ച് മാത്രം പ്രതിപാദിക്കുകയാണ്. തെഹൽക്ക വീക്കിലിയുടെ ചീഫ് എഡിറ്റർ തരുൺ തേജ്പാൽ തന്റെ സ്ഥാപനത്തിലെ ജീവനക്കാരിയോട് മോശമായി പെരുമാറി എന്ന വാർത്ത നാമെല്ലാം അറിഞ്ഞതാണല്ലോ. മാധ്യമധർമ്മത്തിന് പേരുകേട്ട ഒരു സ്ഥാപനമാണ് തെഹൽക്ക. അവിടത്തെ അവസ്ഥ ഇതാണെങ്കിൽ മറ്റ് മാധ്യമസ്ഥാപനങ്ങളിൽ എന്തായിരിക്കും സ്ഥിതി? ഇത്തരത്തിലുള്ള പലകാര്യങ്ങളും സമൂഹം അറിയാതെ പോകുന്നുണ്ടാകും. സമൂഹത്തിന്റെ സകല കാപട്യങ്ങളും വെളിച്ചത്ത് കൊണ്ടുവരുന്ന (കൊണ്ടുവരേണ്ട) മാധ്യമസ്ഥാപനങ്ങൾ തന്നെ സ്ത്രീവിധ്വംസകരായി മാറുന്നു എന്നത് എത്രത്തോളം വേദനാജനകമാണ്. പലപ്പോഴും മറ്റ് തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് ലഭിക്കുന്ന പരിഗണനപോലും മാധ്യമസ്ഥാപനങ്ങളിലെ സ്ത്രീജീവനക്കാർക്ക് ലഭിക്കുന്നില്ല എന്നത് നാം തിരിച്ചറിയേണ്ടിയിരിക്കുന്നു. കമ്പോളവല്ക്കൃത സമൂഹത്തിലെ വെറും ഉപഭോഗ വസ്തുവായി മാധ്യമസ്ഥാപനങ്ങളിൽ പോലും സ്ത്രീ മാറുന്നു എന്നത് നമ്മെ ഓർമ്മിപ്പിക്കുന്നതെന്താണ്? അതെന്തായാലും ശുഭകരമായ ഒന്നല്ല.

**വാർത്തയിലെ സ്ത്രീ**

സ്ത്രീ ചിത്രീകരണം നടത്തുമ്പോൾ മാധ്യമങ്ങൾ പൊതുവേ ശരീരകേന്ദ്രിത കാഴ്ചപ്പാടാണ് വച്ചുപുലർത്തുന്നത്. കൂടാതെ വലിയ പ്രാധാന്യമൊന്നും സ്ത്രീ ചിത്രീകരണത്തിന് ലഭിക്കുന്നുമില്ല. പത്രമാധ്യമങ്ങളിൽ സ്ത്രീകളെക്കുറിച്ചുള്ള വാർത്തകൾ, സ്ത്രീക്ക് പ്രാമുഖ്യമുള്ള വിഷയങ്ങൾ എന്നിവയ്ക്ക് വളരെ



**പത്രത്തിന്റെ എഡിറ്റോറിയൽ പേജിൽ സ്ത്രീ വാർത്തകൾ  പ്രത്യക്ഷപ്പെടാറുണ്ടോ എന്നത് അന്വേഷിക്കേണ്ട വിഷയമാണ്. വായനക്കാർക്കായുള്ള പ്രതികരണങ്ങളിലെ സ്ത്രീ പങ്കാളിത്തം  തന്നെ വളരെ കുറവാണ് എന്നുകാണാം.  പത്രത്തിലെ മുഖപ്രസംഗം എത്രത്തോളം സ്ത്രീ വിഷയം കൈകാര്യം ചെയ്യുന്നുണ്ട് എന്നതും പരിശോധനാർഹമാണ്. സ്ത്രീകളെ സംബന്ധിക്കുന്ന സുപ്രധാന കാര്യങ്ങൾ കൈകാര്യം ചെയ്യുമ്പോൾ നമ്മുടെ മുഖ്യധാരാ പത്രങ്ങളെല്ലാം തന്നെ തികഞ്ഞ അലസതയാണ് പുലർത്തുന്നത് എന്നു കാണാൻ കഴിയും.**

പരിമിതമായ സ്ഥലമാണ് അനുവദിക്കുന്നത്. സാധാരണയായി പത്രങ്ങളിലെ ഒന്നാംപേജിൽ ഇടംനേടുന്നത് രാഷ്ട്രീയ സാമ്പത്തിക മേഖലകളിലെ വാർത്തകളായിരിക്കും. സ്ത്രീ സംബന്ധമായ വാർത്തകൾക്ക് അധികവും ഒന്നാംപേജിൽ ഇടം കിട്ടാറില്ല. ഇനി അഥവാ ഉണ്ടെങ്കിൽ തന്നെ ലൈംഗിക പീഡനത്തിലെ ഇര എന്ന നിലയിലോ കുടുംബത്തിന്റെ കൂട്ടമരണവുമായി ബന്ധപ്പെടുത്തിയോ മറ്റോ ആയിരിക്കും. വ്യക്തിപരമായ ബഹുമതികളും ചിലപ്പോൾ വന്നെന്നിരിക്കും. അതുപോലെ ഉന്നത തസ്തികകളിലോ താരപദവിയിലുള്ളവരോ സംഘടനാ സ്ഥാനത്തുള്ളവരോ ആയ സ്ത്രീകളെയും ചിലപ്പോൾ ഒന്നാം പേജിൽ കണ്ടെന്നിരിക്കും. എന്നാൽ അതിനും വളരെ ചുരുങ്ങിയ സ്ഥലമായിരിക്കും അനുവദിക്കപ്പെട്ടിരിക്കുക എന്നത് ശ്രദ്ധിച്ചാൽ മനസ്സിലാകും. ഉയർന്ന തലത്തിലുള്ള സ്ത്രീകളെ ചിത്രീകരിക്കാൻ മാധ്യമങ്ങൾ തയ്യാറാകുന്നുണ്ടെങ്കിലും അടിസ്ഥാന വർഗ്ഗസ്ത്രീകളേയോ അവരുടെ  പ്രശ്നങ്ങളെയോ യഥാർത്ഥമായി ചിത്രീകരിക്കാൻ പത്രമാധ്യമങ്ങൾ തയ്യാറാവുന്നുണ്ടോ എന്നത് ഒരു ചോദ്യമായി അവശേഷിക്കുന്നു.

സമൂഹത്തിൽ സ്ത്രീകൾ നേരിടുന്ന രൂക്ഷമായ പലപ്രശ്നങ്ങൾക്കുനേരെയും മാധ്യമങ്ങൾ കണ്ണടക്കുകയാണ് പതിവ്. അതുമല്ലെങ്കിൽ ഒരു പ്രത്യേക കളത്തിൽ സ്ത്രീ പ്രശ്നങ്ങളെ ഒതുക്കുന്നു. സ്ത്രീകളുടെ  ബഹുമുഖമായ കഴിവുകളെയും പ്രശ്നങ്ങളെയും തിരിച്ചറിയാനോ സമൂഹത്തിൽ വളരെ നിർണ്ണായകമായ ഒരു സ്ഥാനം സ്ത്രീ സമൂഹത്തിനുണ്ട് എന്നു മനസ്സിലാക്കി വാർത്തകൾ റിപ്പോർട്ട് ചെയ്യാനോ പല പത്രമാധ്യമങ്ങളും  ഇന്നും തയ്യാറാകുന്നില്ല എന്നത് ഗൗരവമേറിയ ഒരു പ്രശ്നം തന്നെയാണ്.

സ്ത്രീകൾ സമരം ചെയ്യുന്നതോ പ്രതിഷേധിക്കുന്നതോ ആയ കാര്യങ്ങൾ ചിത്രങ്ങൾ സഹിതം റിപ്പോർട്ട് ചെയ്യാൻ പത്രമാധ്യമങ്ങൾ തയ്യാറാകുന്നുണ്ടോ എന്നതും ശ്രദ്ധിക്കേണ്ടതാണ്. പത്രത്തിന്റെ പ്രധാനസ്ഥലത്ത് ഇവ റിപ്പോർട്ട് ചെയ്യപ്പെടുന്നത് വളരെ അപൂർവ്വമായിട്ടായിരിക്കും. കൂടാതെ  ചിത്രത്തിന്റെ വിശദാംശങ്ങൾ നൽകാൻ പത്രങ്ങൾ ശ്രമിക്കാറില്ല. സ്ത്രീകളെ സംബന്ധിച്ചിടത്തോളം അവളുടെ ധീരമായ രാഷ്ട്രീയ പ്രവർത്തനമാണ് ഇത്തരം വാർത്തകൾ. പക്ഷെ അവ വെറും ദൃശ്യങ്ങൾ മാത്രമാക്കി ചുരുക്കുകയാണ് വർത്തമാന പത്രങ്ങൾ ചെയ്യുന്നത്.

പത്രത്തിന്റെ എഡിറ്റോറിയൽ പേജിൽ സ്ത്രീവാർത്തകൾ പ്രത്യക്ഷപ്പെടാറുണ്ടോ എന്നത് അന്വേഷിക്കേണ്ട വിഷയമാണ്. വായനക്കാർക്കായുള്ള പ്രതികരണങ്ങളിലെ സ്ത്രീ പങ്കാളിത്തം  തന്നെ വളരെ കുറവാണ് എന്നുകാണാം.

പത്രത്തിലെ മുഖപ്രസംഗം എത്രത്തോളം സ്ത്രീ വിഷയം കൈകാര്യം ചെയ്യുന്നുണ്ട് എന്നതും പരിശോധനാർഹമാണ്. സ്ത്രീകളെ സംബന്ധിക്കുന്ന സുപ്രധാന കാര്യങ്ങൾ കൈകാര്യം ചെയ്യുമ്പോൾ നമ്മുടെ മുഖ്യധാരാ പത്രങ്ങളെല്ലാം തന്നെ തികഞ്ഞ അലസതയാണ് പുലർത്തുന്നത് എന്നു കാണാൻ കഴിയും.

**ഭാഷയിലെ സ്ത്രീവിരുദ്ധത**

ഏതെങ്കിലും തരത്തിൽ ഇരയാക്കപ്പെടുന്ന സ്ത്രീകൾ മാത്രമാണ് പത്രത്താളുകളിൽ കൂടുതലായും ഇടം പിടിക്കുന്നത് എന്നത് ദുഖകരമായ ഒരു സത്യമാണ്. ലൈംഗികാതിക്രമങ്ങളെക്കുറിച്ചുള്ള വാർത്തകൾ പത്രങ്ങൾ റിപ്പോർട്ട് ചെയ്യുമ്പോൾ സ്വീകരിക്കുന്ന ഭാഷ, റിപ്പോർട്ടിങ്ങ് ശൈലി എന്നിവ സൂക്ഷ്മനിരീക്ഷണത്തിന് വിധേയമാകുമ്പോൾതന്നെ സ്ത്രീവിരുദ്ധമനോഭാവം എത്രത്തോളം ഇവ വെച്ചുപുലർത്തുന്നുണ്ടെന്ന് മനസ്സിലാക്കാൻ സാധിക്കും. അതിവൈകാരികമായ ശൈലിയാണ് ഇത്തരത്തിലുള്ള വാർത്തകളുടെ റിപ്പോർട്ടിങ്ങിൽ സ്വീകരിക്കുന്നത്. അതുപോലെതന്നെ ഇത്തരം വാർത്തകൾ സീരിയലൈസ് ചെയ്യപ്പെടുന്നതായും കാണാം. കുറച്ചുദിവസത്തേക്ക് വായനക്കാരെ വികാരത്തള്ളിച്ചയിലേക്ക് (ദുഖമോ മറ്റെന്തുമോ ആകട്ടെ) തള്ളിവിടാൻ മാത്രമാണ് ഇത്തരം റിപ്പോർട്ടിങ്ങ് സഹായിക്കുന്നത് എന്നു മനസ്സിലാക്കേണ്ടിയിരിക്കുന്നു. പ്രശസ്ത നർത്തകിയായ രാജശ്രീവാര്യർ പറഞ്ഞകാര്യം ഇവിടെ രേഖപ്പെടുത്തുന്നത് ഉചിതമാണെന്ന് തോന്നുന്നു.

ഒരു റേപ്പ് സീനിൽ എപ്പോഴും ഇരയുടെ ദേഹത്താണ് ക്യാമറ. എന്തുകൊണ്ട് റേപ്പിസ്റ്റിനെ കാണിക്കുന്നില്ല? അയാളുടെ മുഖത്തെ ക്രൗര്യം കാഴ്ചക്കാരനെ ബോധ്യപ്പെടുത്തിയാലേ അതിന്റെ ഭീകരത മനസ്സിലാകൂ. അല്ലെങ്കിൽ അതിന്റെ വൾഗാരിറ്റിയാണ് മനസ്സിലേക്ക് വരുന്നത്. ഇത് സിനിമയ്ക്ക് മാത്രം ബാധകമായ ഒരു കാര്യമല്ല എന്നുവരുന്നിടത്താണ് ഈ അഭിപ്രായത്തിന് പ്രസക്തിയേറുന്നത്.

ഒരു റേപ്പ് സീനിൽ എപ്പോഴും ഇരയുടെ ദേഹത്താണ് ക്യാമറ. എന്തുകൊണ്ട് റേപ്പിസ്റ്റിനെ കാണിക്കുന്നില്ല? അയാളുടെ മുഖത്തെ ക്രൗര്യം കാഴ്ചക്കാരനെ ബോധ്യപ്പെടുത്തിയാലേ അതിന്റെ ഭീകരത മനസ്സിലാകു. അല്ലെങ്കിൽ അതിന്റെ വൾഗാരിറ്റിയാണ് മനസ്സിലേക്ക് വരുന്നത്. ഇത് സിനിമയ്ക്ക് മാത്രം ബാധകമായ ഒരു കാര്യമല്ല എന്നുവരുന്നിടത്താണ് ഈ അഭിപ്രായത്തിന് പ്രസക്തിയേറുന്നത്.

അക്രമിക്കപ്പെട്ടവൾ മാത്രം വിഷയമാവുകയും വേട്ടക്കാരൻ/കുറ്റക്കാരൻ വാർത്തകളിൽ നിന്ന് രക്ഷപ്പെടുകയും ചെയ്യുന്ന കാഴ്ചയാണ് പത്രമാധ്യമങ്ങളിലും സംഭവിക്കുന്നത്. ലൈംഗികാതിക്രമത്തിന് വിധേയയാക്കപ്പെട്ടവളോട് സമൂഹത്തിന് സഹതാപം ജനിപ്പിക്കത്തക്ക വിധത്തിലുള്ള റിപ്പോർട്ടിങ്ങ് ശൈലിയാണ് പത്രമാധ്യമങ്ങൾ പിന്തുടരുന്നത്. അതിനുപകരം അതിക്രമം പ്രവർത്തിച്ചവനോട് പ്രതികരിക്കേണ്ടത് ഓരോരുത്തരുടെയും കടമയാണെന്നും അത്തരത്തിലുള്ള സംഭവങ്ങൾ ഒരിക്കലും ഇനി നടക്കരുതെന്നും ഉള്ള വസ്തുതയിൽ ഊന്നിയുള്ള ഒരു റിപ്പോർട്ടിങ്ങ് ശൈലിയോ, ഭാഷയോ പത്രങ്ങൾ സ്വീകരിക്കുമ്പോൾ മാത്രമേ അവ സ്ത്രീ സമൂഹത്തോട് നീതി പുലർത്തുന്നുണ്ട് എന്നു പറയാൻ സാധിക്കുകയുള്ളു. ഇത്തരം വാർത്തകളുടെ റിപ്പോർട്ടർമാരായി സ്ത്രീകളെ നിയോഗിക്കുന്നതായിരിക്കും നല്ലത്. പക്ഷേ എത്ര പത്രസ്ഥാപനങ്ങൾ അതിനു തയ്യാറാകുന്നു എന്നുകൂടി കണക്കിലെടുക്കേണ്ടതുണ്ട്. അതിവൈകാരിക ശൈലി സ്വീകരിക്കുന്ന പത്രമാധ്യമങ്ങൾ സമൂഹത്തിൽ പ്രബലമായ സ്ത്രീവിരുദ്ധ ചിന്താഗതികളെ അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയുമാണ് ചെയ്യുന്നതെന്ന കാര്യത്തിൽ സംശയമില്ല.

സൗമ്യയുടെ പീഡനവാർത്ത റിപ്പോർട്ട് ചെയ്ത മാധ്യമങ്ങൾ എല്ലാം തന്നെ അവളുടെ വിവാഹക്കാര്യത്തെ ഫോക്കസ് ചെയ്ത് അവതരിപ്പിക്കാൻ പ്രത്യേക ശ്രദ്ധപുലർത്തിയിരുന്നു എന്ന കാര്യം നാം ഓർമിക്കേണ്ടതാണ്. അവളുടെ മനസ്സിൽ നിറയെ വിവാഹസ്വപ്നങ്ങളായിരുന്നു എന്നിങ്ങനെയുള്ള തരത്തിൽ സൗമ്യയുടെ നേർക്ക് സഹതാപമുണ്ടാക്കുന്ന തരത്തിലായിരുന്നു വാർത്ത റിപ്പോർട്ട് ചെയ്യപ്പെട്ടത്. ഇത്തരത്തിൽ വാർത്ത അവതരിപ്പിക്കുന്നതെന്തുകൊണ്ട് എന്നതിനെക്കുറിച്ചുള്ള ജെ.ദേവികയുടെ നിരീക്ഷണം ശ്രദ്ധേയമാണ്. വീട്ടുകാർ ആലോചിച്ചുറപ്പിച്ച വിവാഹത്തിനു വഴങ്ങാൻ തയ്യാറായിരുന്ന

അടക്കമൊതുക്കമുള്ള പെൺകുട്ടിയായി സൗമ്യയെ അവതരിപ്പിക്കുക എന്ന ലക്ഷ്യമാണ് അവർക്കുള്ളതെന്ന് നിസംശ്ശയം പറയാം. കാരണം അങ്ങനയല്ലാത്ത സ്ത്രീകളോട് അനുതപിക്കാൻ മധ്യവർഗ്ഗ മലയാളിസദാചാരത്തിന് സാധ്യമല്ലതന്നെ. (2013, ജ.102). വളരെ ക്രൂരമായി കൊലചെയ്യപ്പെട്ട സൗമ്യയുടെ മരണം അതി വൈകാരികമായി അവതരിപ്പിക്കുകയാണ് ഇത്തരത്തിലുള്ള റിപ്പോർട്ടിങ്ങ് ശൈലിയിലൂടെ പത്രമാധ്യമങ്ങൾ ചെയ്തതെന്നു കാണാം. പത്രത്തിന്റെ റീഡർഷിപ്പ് വർദ്ധിപ്പിക്കുക എന്ന കച്ചവടതന്ത്രവും ഇതിനുപിന്നിൽ പ്രവർത്തിക്കുന്നുണ്ട് എന്നു കാണാം. സ്ത്രീകളെ അലങ്കരിക്കപ്പെടേണ്ട ശരീരമായും ഗാർഹികജീവിയായും അഭിസംബോധന ചെയ്തുകൊണ്ട് കുടുംബത്തിന്റെ സനാതനത്വത്തെ ഉറപ്പിക്കുക കൂടി ചെയ്യുന്നുണ്ട് ഇത്തരത്തിലുള്ള റിപ്പോർട്ടിങ്ങ് ശൈലി. സ്ത്രീയെ ഉദാത്തവല്ക്കരിക്കാൻ ശ്രമിക്കുന്ന മാധ്യമങ്ങൾ വാസ്തവത്തിൽ സ്ത്രീ വിരുദ്ധതയെ താലോലിച്ചുറപ്പിക്കുകയാണ് ചെയ്യുന്നത്.

പത്രഭാഷയിലെ സ്ത്രീ വിരുദ്ധതയെപ്പറ്റിയുള്ള മറ്റൊരുദാഹരണമിതാണ്. പ്രണയിച്ചു വഞ്ചിച്ച കാമുകിയെ കാമുകൻ കൊന്നു എന്ന തലക്കെട്ട് പരിശോധിച്ച് കല്പന കണ്ണബീരാൻ ഉന്നയിച്ച പ്രശ്നം വളരെ പ്രസക്തമാണ്. അവരുടെ വാക്കുകൾ ഇങ്ങനെയാണ്. അവനെ എങ്ങനെ കാമുകൻ എന്നു വിളിക്കാൻ കഴിയും? പ്രണയിച്ചു വഞ്ചിച്ചു എന്നെങ്ങനെ പറയാൻ കഴിയും? ഇത്തരത്തിലുള്ള തലക്കെട്ട് കൊടുക്കുന്നവർ അവളുടെ മരണത്തിനുള്ള ന്യായീകരണം നൽകുന്നു.

സ്ത്രീ ഏതെങ്കിലും തരത്തിൽ ആക്രമിക്കപ്പെടുന്നുവെങ്കിൽ അതിന് അവൾ അർഹയാണ് എന്ന തരത്തിൽ റിപ്പോർട്ട്ചെയ്യപ്പെടുന്ന വാർത്തകൾ ഒരു വശത്തും അവളോട് സഹതാപം ഉണ്ടാക്കി അവളെ ഉദാത്തവല്ക്കരിക്കുന്ന തലത്തിൽ നിൽക്കുന്ന വാർത്തകൾ മറ്റൊരു വശത്തും. എവിടെയും യഥാർത്ഥ സ്ത്രീ പ്രശ്നം ഉന്നയിക്കപ്പെടുന്നില്ല എന്നുകാണാം. ഇത്തരത്തിൽ പത്രമാധ്യമങ്ങൾ പൂർണ്ണമായും ഒരിക്കലും സ്ത്രീപക്ഷത്തല്ല എന്നു നാം മനസിലാക്കേണ്ടിയിരിക്കുന്നു.

(അഭിമുഖം. മാതൃഭൂമി ആഴ്ചപ്പതിപ്പ്. 2014 നവം: 9) അവരുടെ ഈ നിരീക്ഷണം പത്രമാധ്യമങ്ങളിലെ സ്ത്രീ വിരുദ്ധ മനോഭാവത്തെ ആഴത്തിൽ തുറന്നുകാട്ടുന്ന ഒന്നാണെന്ന് കാണാൻ കഴിയും. ഇത്തരത്തിലുള്ള റിപ്പോർട്ടിങ്ങ് ശൈലി സ്വീകരിക്കുന്നതിലൂടെ കുറ്റം ചെയ്ത പുരുഷൻ നല്ലവനാകുകയും സ്ത്രീ മോശപ്പെട്ടവളാകുകയുമാണ് ചെയ്യുന്നത് എന്നത് ശ്രദ്ധിക്കേണ്ടതാണ്.

സ്ത്രീ ഏതെങ്കിലും തരത്തിൽ ആക്രമിക്കപ്പെടുന്നുവെങ്കിൽ അതിന് അവൾ അർഹയാണ് എന്ന തരത്തിൽ റിപ്പോർട്ട്ചെയ്യപ്പെടുന്ന വാർത്തകൾ ഒരു വശത്തും അവളോട് സഹതാപം ഉണ്ടാക്കി അവളെ ഉദാത്തവല്ക്കരിക്കുന്ന തലത്തിൽ നിൽക്കുന്ന വാർത്തകൾ മറ്റൊരു വശത്തും. എവിടെയും യഥാർത്ഥ സ്ത്രീ പ്രശ്നം ഉന്നയിക്കപ്പെടുന്നില്ല എന്നുകാണാം. ഇത്തരത്തിൽ പത്രമാധ്യമങ്ങൾ പൂർണ്ണമായും ഒരിക്കലും സ്ത്രീപക്ഷത്തല്ല എന്നു നാം മനസിലാക്കേണ്ടിയിരിക്കുന്നു.

**ഉപസംഹാരം**

പത്രമാധ്യമങ്ങളുടെ സമ്പൂർണ്ണ ആസൂത്രണത്തിൽ ഭാഗഭാക്കാകാൻ സ്ത്രീകൾക്കു കഴിയുമ്പോൾ മാത്രമേ ഈ രംഗത്തു നിലനിൽക്കുന്ന സ്ത്രീ വിരുദ്ധമനോഭാവങ്ങൾ ഇല്ലാതാക്കാൻ കഴിയൂ. സ്ത്രീകളുടെ വീക്ഷണം, സ്ത്രീയുടെ കഴിവുകളുടെ ആവിഷ്കാരം മുതലായവ മാധ്യമങ്ങളിൽ പ്രകാശിക്കപ്പെടണം. വായനക്കാരെന്ന നിലയിലും ജീവനക്കാരെന്ന നിലയിലും സ്ത്രീയുടെ സമഗ്രപങ്കാളിത്തം ഉണ്ടാകേണ്ടതാണ്. പത്രത്തിലും ദൃശ്യമാധ്യമത്തിലും വരുന്നതെന്തും സ്വീകരിക്കുന്നവർ എന്നനിലയിൽനിന്നും മാറി അതിൽ വരുന്ന ആശയങ്ങളിലെയും സമീപനങ്ങളിലെയും സ്ത്രീ വിരുദ്ധതയ്ക്കെതിരെ പ്രതികരിക്കാനും പ്രതിഷേധിക്കാനും സ്ത്രീക്ക് കഴിയേണ്ടത് അത്യാവശ്യമാണ്.

**റഫറൻസ്**

ഐറിസ് കൊയ്‌ലിയോ ലേഖാ നരേന്ദ്രൻ (എഡിറ്റർ) 2006 മാധ്യമനയം ഇന്ത്യയുടെ സമഗ്രവികസനത്തിന്,

മാളൂബൻ പബ്ലിക്കേഷൻസ്, കൊച്ചു ത്രേസ്യ തോമസ് 2003 സ്ത്രീശക്തിയുടെ മനശാസ്ത്രം, കറന്റ് ബുക്സ്

കൃഷ്ണകുമാരി.എ, 2010 വനിതാ പത്രപ്രവർത്തനം:ചരിത്രവും, വർത്തമാന വും, കേരള സാഹിത്യ അക്കാദമി.

ചന്ദ്രികാ.സി.എസ്,2008 ആർത്തവ മുള്ള സ്ത്രീകൾ,

ഫേബിയൻ ബുക്സ്, ജാൻസി ജെയിംസ് (ചീഫ് എഡിറ്റർ) 2000. ഫെമിനിസം 1, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, ദേവിക. ജെ, 2013 പൗരിയുടെ നോട്ടങ്ങൾ, ഒലിവ് പബ്ലിക്കേഷൻസ്.




# പരസ്യങ്ങളിലെ സ്ത്രീനിർമ്മിതി

**സിഡ്ധു കിഴക്കാനിയിൽ**

ആധുനിക ജീവിതപരിസരങ്ങളിൽ ശക്തമായ സാന്നിധ്യം പ്രകടിപ്പിക്കുന്ന സംവേദനാത്മകമായ ഒന്നാണ് മാധ്യമങ്ങൾ. സാമൂഹ്യരാഷ്ട്രീയം, സാഹിത്യം, സംസ്കാരം, വാണിജ്യവ്യവസായങ്ങൾ എന്നീ മേഖലകളിൽ മാധ്യമരാഷ്ട്രീയത്തിന്റെ ഇടപെടലുകൾ സജീവമായത് എൺപതുകൾക്ക് ശേഷമാണ്. ദേശീയവും വൈദേശീയവുമായ സാംസ്കാരികക്രയവിക്രയങ്ങൾ സജീവമായിക്കൊണ്ടിരിക്കുന്ന ഉത്തരാധുനിക സമൂഹത്തിൽ സാഹിത്യത്തിന്റെ ആന്തരികവും ബാഹ്യവുമായ വഴികളിലും മാധ്യമങ്ങൾ സാന്നിധ്യമറിയിക്കുന്നുണ്ട്. കുറ്റാന്വേഷണം, ഫാഷൻ ഡിസൈനിംഗ് തുടങ്ങിയ രംഗത്ത് പോലും മാധ്യമാധിഷ്ഠിതസമീപനത്തിന്റെ ആവശ്യകത ഒഴിച്ചുകൂടാൻ പറ്റാത്തതായി മാറിയിരിക്കുന്നു. അതുകൊണ്ടു തന്നെ മാധ്യമപഠനങ്ങൾ സാഹിത്യ സാംസ്കാരിക ഇടങ്ങളുടെ ഗതിനിർണ്ണയത്തിൽ മുഖ്യസ്ഥാനം വഹിക്കുന്ന ഒന്നായിത്തീർന്നു.

മാധ്യമങ്ങൾ സംവേദനത്തിന്റെ അതിരുകൾ കീഴടക്കുകയും മനുഷ്യാവശ്യങ്ങളുടെ ഗതി നിയന്ത്രിക്കുകയും ചെയ്യുമ്പോൾ

കാലാനിവാര്യമായ മാറ്റങ്ങൾ പ്രകടമാകുന്നുണ്ട്. ലോകരാഷ്ട്രങ്ങളുടെ വികസനോന്മുഖമായ പ്രയാണത്തിൽ ഇലക്ട്രോണിക് മാധ്യമങ്ങൾ ചെലുത്തിയ സ്വാധീനം നമ്മുടെ പ്രാദേശികതലത്തിലും വ്യക്തിഗതമൂല്യനിർണ്ണയത്തിലും ഫലവത്തായത് വിസ്മരിക്കാവുന്നതല്ല. ഗുണദോഷസമ്മിശ്രമായ ഒരു പര്യവസാനം ഇതിന്റെ ഫലമാണ്. ഉപയോഗ-ദുരുപയോഗങ്ങളിലൂടെ സമാഹരിക്കപ്പെടുന്ന സാമ്പത്തികനിലകളും ന്യായീകരിക്കപ്പെടുന്ന ജീവിതബന്ധങ്ങളും താളം തെറ്റുന്ന ബാല്യകാലവുമൊക്കെ മാധ്യമഇടപെടലുകളുടെ ബാക്കിപത്രമാണ്. ജീവിത വൈരുദ്ധ്യങ്ങളുടെയും കാഴ്ച സംസ്കാരത്തിന്റെയും പ്രത്യക്ഷതലത്തിലുള്ള ഒരു വ്യവസ്ഥിതിയായും മാധ്യമസംസ്കാരം മാറുന്നുണ്ട്.

വായനാസംസ്കാരത്തിൽ നിന്നും മാറി കാഴ്ചബോധത്തിന്റെ പിൻമുറക്കാരായി മാറുന്ന നവതലമുറ ഏതൊരു മാധ്യമത്തിലൂടെയും വിഭവവത്കരണത്തിന്റെ ഭാഗമാകാൻ ശ്രമിക്കുന്നത് തള്ളിക്കളയാവുന്ന ഒന്നല്ല. ഇതിന്റെ ഭാഗമായാണ് പരസ്യമാധ്യമങ്ങൾ രൂപപ്പെടുന്നത്. ഉപഭോഗസംസ്കാരത്തിന്റെ ചേരുവകൾ സംവേദനാത്മകമായി നമ്മുടെ സ്വീകരണമുറികളിൽ സ്വകാര്യമാധ്യമങ്ങളിലൂടെ പ്രവഹിക്കുമ്പോൾ പുതു സംസ്കാരത്തിന്റെ പിറവിയും ഉപയോഗവും സമാനതകളില്ലാത്ത ഇടങ്ങളിലേക്ക് വ്യാപിക്കുന്നു. മനുഷ്യന് ആവശ്യമുള്ളതിനേക്കാൾ ആഡംബരത്തിനുവേണ്ടിയുള്ള ഒന്നായി ഉത്പന്നങ്ങളെ ആഖ്യാനം ചെയ്യപ്പെടുമ്പോൾ അതിശയോക്തിയുടെ ഒഴുക്കാണ് പ്രകടമാകുന്നത്. ഇത് മനുഷ്യനെ ഭ്രമിപ്പിക്കുകയും വിധേയപ്പെടുത്തുകയും ചെയ്യുന്നു. ഉത്പന്നങ്ങളെ പതിവിൽ കൂടുതൽ വ്യാപ്തിയോടു കൂടി അവതരിപ്പിക്കുകയും ആവശ്യത്തിനുപരി അത്യാവശ്യമനോഭാവത്തിന്റെ അതിരുകളിലെത്തിക്കുകയും ചെയ്യുവാനാണ് പരസ്യങ്ങൾ ഉപയോഗപ്പെടുത്തുന്നത്. അടുക്കളസാമഗ്രികൾ, വീട്ടുപകരണങ്ങൾ, അലങ്കാരവസ്തുക്കൾ, വസ്ത്രങ്ങൾ, ആഭരണങ്ങൾ, പുസ്തകങ്ങൾ, വാഹനങ്ങൾ, ഇൻഷുറൻസ് സാധ്യതകൾ, ലോൺ തുടങ്ങി മനുഷ്യജീവിതത്തിന്റെ സമഗ്രമായ ആവശ്യങ്ങളെ സ്പർശിക്കുന്നതും സ്ഥാപിക്കുന്നതുമായ പരസ്യങ്ങൾ നവമാധ്യമങ്ങളിലൂടെയും മറ്റും സജീവമാകുന്നുണ്ട്.

**പരസ്യവും ശരീരഭാഷയും:**

മനുഷ്യാവശ്യങ്ങളുടെ വസ്തുവിവരണത്തെ അതിശയോക്തിയോടുകൂടി സമൂഹപക്ഷത്ത് അവതരിപ്പിക്കുന്ന പരസ്യങ്ങളിൽ ശരീരഭാഷയ്ക്ക് വലിയ സ്ഥാനമുണ്ട്. പുരുഷൻ, സ്ത്രീ, കുട്ടികൾ, പക്ഷികൾ, മൃഗങ്ങൾ എന്നിവയുടെ അവശ്യാനുസൃതമായ ആഖ്യാനങ്ങൾ പരസ്യവിപണിയുടെ തന്ത്രമാണ്. ഉത്തരാധുനിക കാലത്ത് ശരീരം ഒരു പഠനവിഷയം തന്നെയാണ്. സാമൂഹ്യശാസ്ത്രം, നരവംശശാസ്ത്രം, നാടോടിവിജ്ഞാനീയം, ഭാഷാശാസ്ത്രം, സാഹിത്യം, ചരിത്രം തുടങ്ങി ഏത് മേഖലകളിലും മനുഷ്യശരീരത്തിന്റെ മനശ്ശാസ്ത്രപരമായതോ അല്ലാത്തതോ ആയ



ഇടപെടലുകളുണ്ട്. ജീവശാസ്ത്രപരമായ ധർമ്മങ്ങളുടെ ഭൗതികവസ്തു എന്ന നിലയിൽ മാത്രമല്ല ശരീരം, മറിച്ച് മാനസിക വ്യാപാരങ്ങളുടെ ഒരു സാംസ്കാരിക പ്രതിനിധാനം കൂടിയാണ്. അതിനാൽ ശരീരത്തെ അലങ്കരിച്ചും ആകൃതീകരിച്ചും അതിശയിപ്പിക്കുന്ന ഒരുത്പന്നത്തിന്റെ വസ്തുതാപരമായ നിർമ്മിതിയായി പ്രദർശിപ്പിക്കുന്നു. പ്രദർശന വസ്തുവിന്റെ

അതിർത്തിനിർണ്ണയനത്തിൽ സമാനതകളില്ലാതെ ബൃഹത്വത്കരിക്കുന്ന ഒരുത്പന്നമായി ശരീരത്തെ മാറ്റുകയും കാട്ടുകയും ചെയ്യുന്ന സംസ്കാരത്തിൽ ഇന്ന് ഏറ്റവും കൂടുതൽ പ്രദർശിപ്പിക്കുന്നത് സ്ത്രീശരീരത്തെയാണ്.

സ്ത്രീശരീരം മെരുങ്ങൽ പ്രക്രിയയ്ക്ക് വിധേയമാകുന്നുവെന്ന പൊതുധാരണയാണ് പരസ്യങ്ങളുടെ നിർമ്മിതിക്ക് സ്ത്രീശരീരത്തെ ഉപയോഗപ്പെടുത്തുന്നതിനുള്ള കാരണം. വികാരങ്ങളുടെയും സ്വഭാവങ്ങളുടെയും ചരിത്രം കൂടിയാണ് ശരീരമെന്നിരിക്കെ സ്ത്രൈണതലങ്ങളുടെയും സൗന്ദര്യപ്രദർശനങ്ങളുടെയും കേന്ദ്രം സ്ത്രീശരീരമായി മുദ്രകുത്തപ്പെട്ടു. സൗന്ദര്യവത്കരിക്കപ്പെടുന്ന പൊതുസ്ഥാപനത്തിന്റെയും വസ്തുക്കളുടെയും വസ്തുതാപരമായ നിരത്തിവെക്കൽ സാധ്യമാക്കുമ്പോൾ സ്ത്രീശരീരത്തിന്റെ അപര്യാപത്ത വ്യക്തമാകുന്നുണ്ട്. ഒഴിച്ചുകൂടാൻ വയ്യാത്ത സ്ഥലങ്ങളിൽ മാത്രമല്ല, അനാവശ്യമായ ഇടങ്ങളിലും സ്ത്രീ അലങ്കാര വസ്തുവായി നിയോഗിക്കപ്പെടുന്നു.

ഉത്പന്നത്തിന്റെ വിറ്റഴിക്കൽ സംസ്കാരത്തിന് എങ്ങനെ സ്ത്രീശരീരത്തെ വിനിയോഗിക്കാമെന്ന ചിന്താപദ്ധതിയിൽ നിന്നും ഉരുത്തിരിയുന്നത് ശാരീരികവിന്യാസങ്ങളുടെ ലാവണ്യശാസ്ത്രത്തിന്റെ നിരത്തിവെക്കലാണ്. അനേകം അനുഭവമണ്ഡലങ്ങളിലൂടെ കടന്നുപോകുന്ന സ്ത്രീശരീരം (women body) ഒരു വ്യവസ്ഥയ്ക്കപ്പുറം വികാരകേന്ദ്രിതമായ ഒന്നാണെന്ന ധാരണയാണ് ഇതിന് വഴിയൊരുക്കുന്നത്. സരളം,

> പെണ്ണിനെ പ്രകൃതിയോടുപമിക്കുകയും ആണിനെ അധികാരത്തോടുപമിക്കുകയും ചെയ്യുന്നത് നമ്മുടെ പരമ്പരാഗതസമീപനമാണ്. സ്വഭാവം, സംസ്കാരം, സൗന്ദര്യം എന്നീ തലങ്ങളെ പ്രതിനിധാനം ചെയ്യാൻ സ്ത്രീയെ കുലീനയുവതിയുടെ വേഷഭൂഷകളോടെയും ചമയങ്ങളോടെയും അവതരിപ്പിക്കുമ്പോൾ കേരളീയവേഷം പരമ്പരാഗതമായ ആഭരണങ്ങൾ എന്നിവ പശ്ചാത്തലമായി വർത്തിക്കുന്നു.

ലോലം, മൃദുത്വം, മെരുങ്ങൽ തുടങ്ങിയ വിധേയത്വപരികൽപനകൾ സ്ത്രീകളിൽ മാത്രം നിക്ഷേപിക്കുന്നതിലാകണം പരസ്യവിപണിയിൽ സ്ത്രീശരീരത്തെ പ്രദർശിപ്പിക്കുന്നതിനുള്ള ആവേശം മത്സരബുദ്ധിയോടെ പ്രവർത്തിക്കുന്നത്. ശരീരം ശാസ്ത്രീയപഠനോപാധിയാണെങ്കിലും സ്ത്രീശരീരം സൗന്ദര്യപ്രദർശനോപാധിയായി ചിത്രീകരിക്കുന്നത് ചോദ്യം ചെയ്യപ്പെടേണ്ടതാണ്. പരസ്യനിർമ്മിതിക്കനുയോജ്യമായ രീതിയിൽ ശരീരഭാഷയെ രൂപപ്പെടുത്തുന്ന വ്യവസ്ഥിതി വൈവിധ്യസമീപനങ്ങളാൽ അന്വേഷണവിധേയമാക്കുകയും അവലോകനം ചെയ്യുകയും വേണം.

**പരസ്യങ്ങളിലെ പെൺശരീരങ്ങൾ:**

പെണ്ണിനെ പ്രകൃതിയോടുപമിക്കുകയും ആണിനെ അധികാരത്തോടുപമിക്കുകയും ചെയ്യുന്നത് നമ്മുടെ പരമ്പരാഗതസമീപനമാണ്. സ്വഭാവം, സംസ്കാരം, സൗന്ദര്യം എന്നീ തലങ്ങളെ പ്രതിനിധാനം ചെയ്യാൻ സ്ത്രീയെ കുലീനയുവതിയുടെ വേഷഭൂഷകളോടെയും ചമയങ്ങളോടെയും അവതരിപ്പിക്കുമ്പോൾ കേരളീയവേഷം പരമ്പരാഗതമായ ആഭരണങ്ങൾ എന്നിവ പശ്ചാത്തലമായി വർത്തിക്കുന്നു. പെണ്ണുടലിന്റെ അടയാളങ്ങൾ വ്യക്തമാക്കാൻ ലാസ്യനടനത്തിന്റെ താളാത്മകതയും ചലനാത്മകതയും സൃഷ്ടിക്കുന്നു. ഉൾക്കാഴ്ചയുടെ വിഭവങ്ങളെ പരസ്യവത്കരിക്കപ്പെടുന്നതിലൂടെ സാധാരണ കാഴ്ചബോധത്തെ പുനർനിർണ്ണയിക്കുകയാണ് ചെയ്യുന്നത്. ഒരു ശരാശരി മനുഷ്യന്റെ മുന്നിൽ പെൺശരീരം, പെൺനടത്തം, പെണ്ണിടപെടലുകൾ എന്നിവ ഇങ്ങനെയൊക്കെയാണ് എന്ന വ്യക്തമാക്കൽ കൂടി സ്ഥാപിക്കപ്പെടുന്നു. പരസ്യത്തിലെ പെൺശരീരം ഒരു കാഴ്ചവസ്തുമാത്രമാണ്. ആൺനോട്ടത്തിന്റെ ആർത്തിയ്ക്ക് വിധേയമാകുന്ന പെൺശരീരം ചില സങ്കുചിതമായ ഇടങ്ങളിലേക്ക് മാറ്റിനിർത്തുമ്പോൾ അവൾ ഇന്നത് മാത്രമാണാകേണ്ടതെന്ന പൊതുബോധം ഉടലെടുക്കുന്നു. പരമ്പരാഗതമായ സങ്കൽപ്പങ്ങളെയും വിശ്വാസങ്ങളെയും അതേപടി

ആവിഷ്കരിക്കുകയോ പുനരവതരിപ്പിക്കുകയോ ചെയ്യുമ്പോൾ സ്ത്രീ പുരോഗമനാത്മകമായ സമീപനത്തിന്റെ വക്താവായി ചിത്രീകരിക്കപ്പെടുന്നില്ല. മറിച്ച് സമൂഹക്കാഴ്ചയുടെ കീഴ്‌വഴക്കങ്ങളെ പിൻതുടർന്നുപോകാനുള്ള മനോഭാവത്തിന്റെ അംശങ്ങൾ സ്ഥിരീകരിക്കാനുള്ള ശ്രമം മാത്രമാവുകയും ചെയ്യുന്നു.

പെണ്ണത്തത്തിന്റെ സുപ്രധാനഘടകമായി കണക്കാക്കുന്നത് സൗന്ദര്യമാണ്. സൗന്ദര്യവർദ്ധകവസ്തുക്കളുടെ പരസ്യത്തിൽ സ്ത്രീകളും ഉത്പന്നഫലം അനുഭവിക്കുന്ന പുരുഷനും മിന്നിമറയുമ്പോൾ സ്ത്രീപുരുഷബന്ധത്തിന്റെ തുലനാത്മകതയോ സാഹോദര്യത്തിന്റെ ഉദാരതയോ അല്ല പ്രകടമാകുന്നത്. പ്രണയപ്രകടനങ്ങളുടെയും കാമപാലനത്തിന്റെയും അതിർത്തിലംഘിക്കുന്ന ചേരുവകളാണ്. ശരീരം പ്രത്യക്ഷപ്പെടുത്തുന്ന പെണ്ണാണ് പരസ്യവിപണിയെ കീഴ്പ്പെടുത്തുന്നത്. ഉത്പന്നങ്ങളുടെ മാർക്കറ്റിംഗ് തന്ത്രം കൂടിയാണ് പെൺശരീരങ്ങൾ. പ്രദർശിപ്പിക്കാനുള്ള അരങ്ങ് എന്നതിനപ്പുറം പെണ്ണുടൽ ഇങ്ങനെയൊക്കെയാണ് എന്ന സാമാന്യവത്കരണം പരസ്യവിപണിയുടെ മൂല്യം കുത്തനെ കൂട്ടുവാനുതകുന്നു.

പൂന്തോട്ടം, വയൽ, സ്വിമ്മിംഗ്പൂൾ, അടുക്കള എന്നിവ സ്ത്രീയുടെ മാനസികാവസ്ഥ ലളിതമാക്കുകയും അടുക്കളപ്പണി, അണിഞ്ഞൊരുങ്ങിനിൽക്കൽ, വശ്യമായ ചിരിക്കൽ, സ്വപ്നംകാണൽ എന്നിങ്ങനെയുള്ള മൃദുത്വസമീപനം ഇവരുടെ ശരീരപ്രകൃതിയ്ക്കനുയോജ്യമായ രീതിയിൽ രൂപപ്പെടുത്തുകയും ചെയ്യുന്നു. അധികാരം, ആധിപത്യം, കീഴടക്കൽ, ലൈംഗീകതാത്പര്യം എന്നിവ പുരുഷകേന്ദ്രിതാടിസ്ഥാനത്തിൽ രൂപപ്പെടുത്തുമ്പോൾ പൊതുസമൂഹമനസ്സിൽ സ്ത്രീപുരുഷഭേദം ഒന്നുകൂടി ദൃഢമാവുകയാണ് ചെയ്യുന്നത്. എളുപ്പം വഴങ്ങുന്നത്, എളുപ്പം വളയുന്നത്, പ്രണയത്തിനും ലൈംഗികതയ്ക്കും ഇരയാകുന്നത്, വൃത്തിയാക്കുന്നത്, പാചകം ചെയ്യുന്നത്, വിളമ്പുന്നത്, ഡിസ്കൗണ്ടുകളുടെയും ഓഫറുകളുടെയും പിന്നാലെ ഓടുന്നത് തുടങ്ങിയ എല്ലാ കീഴ്പ്രവർത്തനങ്ങളും സ്ത്രീകളുടെ ശരീരഭാഷയ്ക്കും സ്വഭാവത്തിനും ഇണങ്ങിയ തരത്തിൽ പരസ്യവത്കരിക്കുന്നു. പുരുഷൻ ഇതിന്റെയൊക്കെ ഫലം അനുഭവിക്കുന്ന, ആധിപത്യം നിർണ്ണയിക്കുന്ന, പദവിവത്കരണത്തിന്റെ വക്താവാകുകയും ചെയ്യുന്നു. ഇതാണ് ജീവിതത്തിന്റെ ഏറ്റവും വലിയ വൈരുദ്ധ്യം. സമത്വത്തിനുപരി വിധേയത്വവത്കരണം സാധ്യമാക്കുന്നതിന്റെ ഒരുത്തമദൃഷ്ടാന്തം കൂടിയാണിത്. പെണ്ണുടലിന്റെ പ്രക്രിയയും പ്രത്യക്ഷീകരണവും അവളുടെ സ്വത്വപ്രകാശനത്തിനായിരിക്കണമെന്ന നിലയിലേക്ക് ഉയർത്തേണ്ടതിന്റെ ആവശ്യകത ഇവിടെ പ്രസക്തമാണ്.

**പരസ്യവഴികളിലെ ആഖ്യാനങ്ങൾ:**

പരസ്യങ്ങളിൽ ലിംഗപദവിയ്ക്കും ലൈംഗികതയ്ക്കും അധികാരത്തിനും വിധേയത്വത്തിനും വളരെയധികം




പരസ്യങ്ങളിൽ ലിംഗപദവിയ്ക്കും ലൈംഗികതയ്ക്കും അധികാരത്തിനും വിധേയത്വത്തിനും വളരെയധികം പ്രാധാന്യമുണ്ട്. പുരുഷനുപയോഗിക്കുന്ന വസ്തുക്കൾക്ക് സ്ത്രീ അടിസ്ഥാനഘടകമാകുന്ന വസ്തുത പരസ്യനിർമ്മിതിയുടെ സ്ഥിരം കാഴ്ചയാണ്. സ്പ്രേയുടെ പരസ്യം: പുരുഷൻ ബോഡി സ്പ്രേ ചെയ്യുന്നു. സ്ത്രീ ലൈംഗീക ചുവയുള്ള ശരീരഭാഷയും നോട്ടവും കൊണ്ട് പുരുഷനോട് ചേർന്നു നിൽക്കുന്നു.

പ്രാധാന്യമുണ്ട്. പുരുഷനുപയോഗിക്കുന്ന വസ്തുക്കൾക്ക് സ്ത്രി അടിസ്ഥാനഘടകമാകുന്ന വസ്തുത പരസ്യനിർമ്മിതിയുടെ സ്ഥിരം കാഴ്ചയാണ്. സ്പ്രേയുടെ പരസ്യം: പുരുഷൻ ബോഡി സ്പ്രേ ചെയ്യുന്നു. സ്ത്രീ ലൈംഗീക ചുവയുള്ള ശരീരഭാഷയും നോട്ടവും കൊണ്ട് പുരുഷനോട് ചേർന്നു നിൽക്കുന്നു. പുരുഷന്റെ വസ്ത്രങ്ങൾ സ്ത്രീയെ തൃപ്തിപ്പെടുത്തുന്ന തിനുവേണ്ടിയാണെന്ന് പരസ്യത്തിലൂടെ കാണിക്കുന്നു. ഷേവിംഗ് സെറ്റ്, ലോഷൻ എന്നിവയുടെ പരസ്യത്തിൽ പോലും സ്ത്രീ ഒഴിച്ചുകൂടാൻ പറ്റാത്ത ഘടകമാകുന്നു. ഉത്പന്നങ്ങളുടെ വിപണിക്ക് സ്ത്രീശരീരത്തെയും വൈകാരികതയെയും എങ്ങനെ ഉപയോഗപ്പെടുത്താമെന്നാണ് പരസ്യങ്ങൾ ചിന്തിക്കുന്നത്. പുരുഷാവശ്യസാധനങ്ങൾക്ക് സ്ത്രീ ശരീരത്തിന്റെ വിധേയപ്പെടൽ പൊതുമണ്ഡലത്തിൽ സൃഷ്ടിക്കുന്ന വികാരത്തെ തരളിതമാക്കാനും ഉത്പന്നങ്ങളോടുള്ള പുരുഷാഭിമുഖ്യം കൂട്ടാനും സഹായിക്കുന്നു. ഇത് കച്ചവടതന്ത്രമാണ്. ആഗോളവത്കരിക്കപ്പെടുന്ന പ്രാദേശികവും ദേശീയവുമായ സ്വത്വത്തിന്റെ വ്യവസ്ഥാപിതമായ തന്ത്രം!

ശബരിമലയിൽ സ്ത്രീക്ക് പ്രവേശനം നിഷിദ്ധമാണ്. നെയ്യ് വിപണിവത്കരിക്കപ്പെടുവാൻ യുവതി കറുത്ത സാരിയോ ദാവണിയോ ചുറ്റി പരസ്യത്തിൽ പ്രത്യക്ഷപ്പെടുന്നത് ഹാസ്യാത്മകതയോടെയല്ലാതെ കാണാനാവില്ല. ശാരീരികക്ഷീണം, വയ്യായ്ക തുടങ്ങിയ പരിദേവനങ്ങൾ സ്ത്രീക്കും മസിൽപവർ, ആരോഗ്യദൃഢത, വേഗത എന്നിവ പുരുഷനും ചാർത്തിക്കൊടുക്കുന്ന പരസ്യവും കുറവല്ല.

**ആഭരണങ്ങളുടെ പരസ്യം:** വിവാഹം എന്ന സ്ത്രീപുരുഷബന്ധത്തിന്റെ സമന്വയിക്കപ്പെട്ട ആചാരത്തെ മുൻനിർത്തി വിപണി സജീവമാക്കുന്ന രീതിയാണ് ഇത്തരം പരസ്യത്തിലൂടെ ആഖ്യാനം ചെയ്യപ്പെടുന്നത്. മകൾ, സഹോദരി, കാമുകി, ഭാര്യ എന്നിവരുടെ ശാരീരികമായ പ്രത്യക്ഷപ്പെടലിൽ ആഭരണങ്ങളുടെ വൈവിധ്യത്തെയും സാമ്പത്തികമാനങ്ങളുടെ ധാരാളിത്തത്തെയും എടുത്തുകാട്ടുന്നു. പുരുഷന്റെ കാമനയുടെ പാത്രമാവുകയാണ് ആഭരണത്തിൽ പൊതിഞ്ഞ സ്ത്രീ. കാമുകന്റെയും ഭർത്താവിന്റെയും സ്വപ്നമാവുകയും അച്ഛന്റെയും സഹോദരന്റെയും നിർവൃതിയാവുകയും ചെയ്യപ്പെടാനുള്ള ഒരുപകരണം മാത്രമാണ് സ്ത്രീശരീരം. വിവാഹത്തിന്റെ ഉത്തരവാദിത്വം പുരുഷനും വിധേയത്വം, ഉദാരത എന്നിവ സ്ത്രീക്കും ചാർത്തിനൽകുന്ന സമൂഹത്തിൽ ആഭരണങ്ങളോടൊപ്പം സ്ത്രീശരീരത്തിന്റെ സൗന്ദര്യവും ഉടൽപ്രക്രിയയും പ്രദർശനവത്കരിക്കുക എന്നത് മനശ്ശാസ്ത്രപരമായ ഒന്നായി മാറുന്നുണ്ട്. സ്ത്രീയുടെ നെഞ്ചിൽ നോക്കി നന്നായിട്ടുണ്ട് എന്ന് പുരുഷൻ മൊഴിയുമ്പോൾ ഓ ഇതോ എന്ന് സ്ത്രീ മാലയുയർത്തി ചോദിക്കുമ്പോൾ പുരുഷനോട്ടത്തിന്റെ തിരിച്ചറിയപ്പെടലുകൾ ധ്വന്യാത്മകമാണ്.

ശബരിമലയിൽ സ്ത്രീക്ക് പ്രവേശനം നിഷിദ്ധമാണ്. നെയ്യ് വിപണിവത്കരിക്കപ്പെടുവാൻ യുവതി കറുത്ത സാരിയോ ദാവണിയോ ചുറ്റി പരസ്യത്തിൽ പ്രത്യക്ഷപ്പെടുന്നത് ഹാസ്യാത്മകതയോടെയല്ലാതെ കാണാനാവില്ല. ശാരീരികക്ഷീണം, വയ്യായ്ക തുടങ്ങിയ പരിദേവനങ്ങൾ സ്ത്രീക്കും മസിൽപവർ, ആരോഗ്യദൃഢത, വേഗത എന്നിവ പുരുഷനും ചാർത്തിക്കൊടുക്കുന്ന പരസ്യവും കുറവല്ല. വസ്ത്രം ധരിച്ചുകൊണ്ട് ശരീരം എങ്ങനെ പ്രദർശിപ്പിക്കാമെന്നും നടത്തം സ്ത്രീത്വത്തെ എങ്ങനെ അടയാളപ്പെടുത്താമെന്നും പരസ്യം പരസ്യപ്പെടുത്തുന്നു. സൗന്ദര്യവർദ്ധകവസ്തുക്കൾ (പൗഡർ, സോപ്പ്, പൊട്ട്, കൺമഷി) സ്ത്രീ ആവശ്യങ്ങളേക്കാൾ പുരുഷഇഷ്ടങ്ങളുടെ പ്രതിനിധാനമാക്കുവാനും പരസ്യങ്ങൾ മത്സരിക്കുന്നുണ്ട്. വാഹനങ്ങൾ, ബിൽഡിംഗ്, നിർമ്മാണവസ്തുക്കൾ തുടങ്ങിയവയിൽ പുരുഷനെ പ്രത്യക്ഷപ്പെടുത്തുന്നത് പരസ്യനിർമ്മിതിയുടെ ശരീരഭാഷാനിർവ്വചനങ്ങളെ തരംതിരിക്കുന്നതിനുദാഹരണമാണ്. ഇത്തരം വേർതിരിവിൽ ലോകബോധവും ജീവിതബോധവും തിട്ടപ്പെടുത്തുന്നതിലുള്ള ആൺ/പെൺ ഭേദം വ്യക്തമാണ്.

ലിംഗപദവി സാമൂഹികപദവി നിർമ്മിക്കപ്പെട്ട ആണത്തത്തെയും (masculinity) പെണ്ണത്തത്തെയും (feminity)കുറിക്കുന്നു.

*ശേഷം പേജ് 34 ൽ*



കവർസ്റ്റോറി

# ടെലിവിഷനും മലയാളിസ്ത്രീകളും



സ്മിജ പി.എം.

ലോകത്ത് ഏറ്റവുമധികം ചാനൽ സാന്ദ്രതയുള്ള പ്രദേശങ്ങളിലൊന്നാണ് കേരളം. ഇരുപത്തിയഞ്ചിലധികം മലയാളം ചാനലുകൾ കേരളത്തിലുണ്ട്. ഓരോ മാസവും പുതിയ ചാനലുകൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. മലയാളിയുടെ സാംസ്കാരികജീവിതം രൂപപ്പെടുത്തുന്നതിൽ ചാനലുകൾ നിർണായകസ്വാധീനം ചെലുത്തുന്നുണ്ട്. ഭരണകൂടത്തിനും പാർലമെന്റിനും നിയമവ്യവസ്ഥക്കും പുറത്ത് ജനാധിപത്യത്തിന്റെ കലാപഭരിതമായ ഇടമാണ് ടെലിവിഷൻ ചാനലുകൾ രൂപപ്പെടുത്തേണ്ടത്. എന്നാൽ സമകാലിക കേരളസമൂഹത്തിൽ ചാനലുകൾ ജനപക്ഷത്താണോ നിൽക്കുന്നതെന്നത് പരിശോധിക്കേണ്ട വിഷയമാണ്.ഏതൊരു മാധ്യമവും അതു പ്രവർത്തിക്കുന്ന സമൂഹത്തിന്റെയും കാലഘട്ടത്തിന്റെയും സ്വഭാവം ഉൾക്കൊണ്ടിരിക്കും. കേരളം പോലുള്ള പ്രദേശത്ത് അധികാരം കയ്യാളുന്നവർക്ക് അനുകൂലമായി ജനങ്ങളുടെ ഇച്ഛയെ രൂപപ്പെടുത്തുന്ന തരത്തിലേക്ക് ചാനലുകളുടെ സാമൂഹിക ഇടപെടലുകൾ മാറിയിട്ടുണ്ട്.

കേരളത്തിലെ ടെലിവിഷൻ പ്രേക്ഷകരിൽ ഭൂരിഭാഗവും

സ്ത്രീകളും കുട്ടികളുമാണെന്ന് പറയാം. മനുഷ്യൻ നിർമ്മിച്ച മറ്റെല്ലാ സ്ഥാപനങ്ങളേയും പോലെ ചാനലുകളിലും പുരുഷാധിപത്യസ്വഭാവമാണ് നിലനിൽക്കുന്നത്. അടുക്കളയിൽ നിന്ന് അല്പനേരം മോചനം കിട്ടുമ്പോൾ സ്ത്രീകൾ ടെലിവിഷനു മുന്നിലെത്തുന്നു. ഈ സമയം പരമാവധി സ്ത്രീകളെ തങ്ങളുടെ വരുതിയിലാക്കാൻ ചാനലുകൾ അനാരോഗ്യകരമായ രീതിയിൽ മത്സരിക്കുന്നു.സീരിയലുകൾ, വാർത്തകൾ, കുക്കറിഷോകൾ എന്നിവയാണ് സ്ത്രീകളെ ആകർഷിക്കുന്ന പ്രധാന ടെലിവിഷൻ പരിപാടികൾ.

പുരുഷന്മാർക്ക് മദ്യം പോലെയാണ് സ്ത്രീകൾക്ക് സീരിയലുകൾ.സീരിയൽ ലഹരിക്കു മുന്നിൽ സ്ത്രീകൾ മറ്റെല്ലാം മറക്കുന്നു.സന്ധ്യാസമയത്തെ പ്രാർഥനയും വിശുദ്ധഗ്രന്ഥങ്ങളുടെ പാരായണവുമെല്ലാം പരമ്പരകൾ കയ്യടക്കിയിരിക്കുന്നു.വീടുകളിലെ ഭക്ഷണസമയം പോലും തീരുമാനിക്കുന്നത് പരമ്പരകളാണെന്ന് പറയാം.യഥാർഥസംഭവങ്ങളേക്കാൾ ഭാവനയിൽ വിരിയുന്ന കഥകൾ കേൾക്കാനും കാണാനുമാണ് ആളുകൾ ഇഷ്ടപ്പെടുന്നത്. വാർത്തകളേയും ഡോക്യുമെന്ററികളേയും ഉപേക്ഷിച്ച് ആളുകൾ പരമ്പരകളുടെ പിറകേ പോകുന്നത് അതുകൊണ്ടാണ്. പരമ്പരകൾ രണ്ട് രീതിയിലാണ് കുടുംബങ്ങളെ സ്വാധീനിക്കുന്നത്.ജോലി സംബന്ധമായ തിരക്കുകളും അടുക്കളയിലെ തിരക്കുകളും കഴിഞ്ഞ് കുടുംബാംഗങ്ങളോടൊത്ത് സംസാരിക്കേണ്ട സമയം പരമ്പരകൾ അപഹരിക്കുമ്പോൾ ബന്ധങ്ങളുടെ കെട്ടുറപ്പിന് തന്നെ വിള്ളലുണ്ടാകുന്നു. പരസ്പരം നോക്കിയിരിക്കുമ്പോൾ ആർക്കും നമ്മെ ആക്രമിക്കാൻ കഴിയില്ലെന്നും എല്ലാവരും ടെലിവിഷനിലേക്ക് നോക്കിയിരിക്കുമ്പോൾ ആർക്കും കുടുംബത്തെ ആക്രമിക്കാമെന്നും എം.എൻ. വിജയൻ പറഞ്ഞതിന്റെ പൊരുളിതാണ്.അച്ഛനമ്മമാർ മക്കളോടും തിരിച്ചും അരമണിക്കൂറെങ്കിലും സംസാരിക്കുന്ന കുടുംബങ്ങൾ കേരളത്തിൽ കുറഞ്ഞുവരുന്നെന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്.സർവ്വാലങ്കാര വിഭൂഷിതകളായി പ്രത്യക്ഷപ്പെടുന്ന നായികമാരുടെ വസ്ത്രങ്ങളെ അനുകരിക്കുന്നതിനു വേണ്ടി മാത്രം സീരിയൽ കാണുന്ന സ്ത്രീകൾ കുടുംബത്തിന് സാമ്പത്തിക നഷ്ടം കൂടി വരുത്തിവയ്ക്കുന്നു.

പരമ്പരകളുടെ മറ്റൊരു ദൂഷ്യഫലം അത് സമൂഹത്തിന് തെറ്റായ സന്ദേശങ്ങൾ നൽകുന്നു എന്നതാണ്.കുടുംബം എന്ന സങ്കല്പത്തെ തന്നെ തകർക്കുന്ന രീതിയിലാണ് പരമ്പരകൾ ആയിരം എപ്പിസോഡുകൾ പിന്നിടുന്നത്.മനുഷ്യൻ കെട്ടിപ്പടുത്ത സ്ഥാപനങ്ങളായ കുടുംബം, മതം, രാഷ്ട്രം എന്നിവയിൽ അല്പമെങ്കിലും മൂല്യം അവശേഷിക്കുന്നത് കുടുംബത്തിലാണ്.പരസ്പരസഹായത്തിന്റെയും സ്നേഹത്തിന്റെയും ബാലപാഠങ്ങൾ കുട്ടികൾ പഠിക്കുന്നത് കുടുംബത്തിൽനിന്നാണ്. ഇന്ന് കേരളത്തിലെ അണുകുടുംബങ്ങൾ യാന്ത്രികമായ ദിനചര്യകൾ കൊണ്ടും വിശ്വാസത്തകർച്ചകൾകൊണ്ടും മാനുഷികമൂല്യങ്ങളുടെ നഷ്ടപ്പെടുത്തലുകൾ കൊണ്ടും ജീർണാവസ്ഥയിലാ




പരമ്പരകളുടെ മറ്റൊരു ദൂഷ്യഫലം അത് സമൂഹത്തിന് തെറ്റായ സന്ദേശങ്ങൾ നൽകുന്നു എന്നതാണ്.കുടുംബം എന്ന സങ്കല്പത്തെ തന്നെ തകർക്കുന്ന രീതിയിലാണ് പരമ്പരകൾ ആയിരം എപ്പിസോഡുകൾ പിന്നിടുന്നത്.മനുഷ്യൻ കെട്ടിപ്പടുത്ത സ്ഥാപനങ്ങളായ കുടുംബം, മതം, രാഷ്ട്രം എന്നിവയിൽ അല്പമെങ്കിലും മൂല്യം അവശേഷിക്കുന്നത് കുടുംബത്തിലാണ്.പരസ്പരസഹായത്തിന്റെയും സ്നേഹത്തിന്റെയും ബാലപാഠങ്ങൾ കുട്ടികൾ പഠിക്കുന്നത്

ണ്.കുടുംബത്തിന്റെ നടത്തിപ്പുകാരനെന്ന് അഹങ്കരിക്കുന്ന പുരുഷൻ പുറമേ സംതൃപ്തനും വിജയിയുമായി കാണപ്പെട്ടാലും അകമേ അസ്വസ്ഥനും സംശയാലുവുമാണ്.മദ്യപാനം, പരസ്ത്രീബന്ധം തുടങ്ങിയ സ്വഭാവവൈകൃതങ്ങൾ കൂടി പുരുഷന്മാരെ ബാധിച്ചപ്പോൾ കുടുംബം എന്ന സങ്കല്പം തന്നെ തകരാൻ തുടങ്ങി. ഈ തകർച്ചക്ക് ആക്കം കൂട്ടാനാണ് സീരിയലുകൾ ശ്രമിക്കുന്നത്.

സീരിയലുകളിൽ ഭൂരിഭാഗവും സാംസ്കാരികാധഃപതനത്തിന്റെ അടിത്തട്ടിൽ എത്തി നിൽക്കുന്നു. പഴയ മ പ്രസിദ്ധീകരണങ്ങളുടെ കാഴ്ചപ്പതിപ്പുകളാണ് സീരിയലുകൾ. കുടുംബം കലക്കാൻ ഒരു മ പ്രസിദ്ധീകരണം വീട്ടിലിട്ടുകൊടുത്താൽ മതി എന്ന പഴമൊഴി സീരിയലുകളുടെ കാര്യത്തിലും അന്വർഥമാണ്. മാതാപിതാക്കളെ എങ്ങനെ അനുസരിക്കാതിരിക്കാം, കുടുംബബന്ധങ്ങളെ എങ്ങനെ ശിഥിലമാക്കാം, മറ്റൊരാളെ ഏതൊക്കെ രീതിയിൽ ഉപദ്രവിക്കാം,നിയമത്തിന്റെ കണ്ണിൽപ്പെടാതെ എങ്ങനെ കുറ്റകൃത്യങ്ങൾ ചെയ്യാം തുടങ്ങിയ കാര്യങ്ങളെക്കുറിച്ചാണ് സീരിയലുകളിൽ ഗവേഷണം നടക്കുന്നത്.

വിവാഹേതരബന്ധങ്ങളും ജാരസന്തതികളും സാർവ്വത്രികമാണെന്നും അതിൽ യാതൊരുവിധ സദാചാരപ്രശ്നവുമില്ലെന്നുമാണ് സീരിയലുകൾ വിളിച്ചുപറയുന്നത്. കുടുംബാംഗങ്ങളോടോ കളിക്കൂട്ടുകാരോടോ പകപോക്കുന്നതിന് കൊച്ചുകുട്ടികൾ പോലും ക്വട്ടേഷൻസംഘങ്ങളെ സമീപിക്കുന്നതും പരമ്പരകളിലെ നിത്യകാഴ്ചയാണ്.സ്ത്രീമനസുകളിലെ മൃദുലഭാവങ്ങളെ നിർവ്വീര്യമാക്കി അധമവാസനകൾ കുത്തിനിറക്കാൻ മാത്രമേ ഇത്തരം സീരിയലുകൾ സഹായിക്കൂ.സ്വന്തം സുഖത്തിനുവേണ്ടി എന്തു ക്രൂരതയും ചെയ്യാൻ മടിക്കാത്ത സ്ത്രീകഥാപാത്രങ്ങൾ അന്യൻ

**സീരിയലുകളിൽ അണുകുടുംബങ്ങൾക്കു പകരം കൂട്ടുകുടുംബങ്ങളെ കണ്ട് ആശ്വസിക്കുന്നവരുണ്ട്.എന്നാൽ കൂട്ടുകുടുംബങ്ങളിൽ കണ്ടുവരാറുള്ള നന്മയുടെ ഒരംശം പോലും സീരിയലുകളിലില്ല.മറിച്ച് മറ്റുള്ളവരെ എളുപ്പം ദ്രോഹിക്കാനുള്ള സൗകര്യത്തിന് വേണ്ടിയാണ് കൂട്ടുകുടുംബങ്ങളെ സൃഷ്ടിച്ചിരിക്കുന്നത്.**



നരകമാണെന്ന സാർത്രിന്റെ സന്ദേശം തന്നെയാണ് സ്ത്രീകൾക്ക് പകർന്നു നൽകുന്നത്.

സീരിയലുകളിൽ അണുകുടുംബങ്ങൾക്കു പകരം കൂട്ടുകുടുംബങ്ങളെ കണ്ട് ആശ്വസിക്കുന്നവരുണ്ട്.എന്നാൽ കൂട്ടുകുടുംബങ്ങളിൽ കണ്ടുവരാറുള്ള നന്മയുടെ ഒരംശം പോലും സീരിയലുകളിലില്ല.മറിച്ച് മറ്റുള്ളവരെ എളുപ്പം ദ്രോഹിക്കാനുള്ള സൗകര്യത്തിന് വേണ്ടിയാണ് കൂട്ടുകുടുംബങ്ങളെ സൃഷ്ടിച്ചിരിക്കുന്നത്. സാമാന്യവിവരമോ വിദ്യാഭ്യാസമോ ഇല്ലാത്ത അമ്മായിഅമ്മമാർ,പരദൂഷണവും ദുഷ്ടത്തരവും അഹങ്കാരവും മാത്രം കൈമുതലാക്കിയ ഭാര്യമാർ,ഇവരുടെ മുന്നിൽ ഓച്ഛാനിച്ച് നിൽക്കുന്ന അഴകൊഴമ്പൻ ഭർത്താക്കന്മാർ,കരയാനായി പിറന്ന പതിവ്രതാരത്നങ്ങൾ എന്നിവരിലൂടെ സീരിയലുകൾ ആയിരക്കണക്കിന് എപ്പിസോഡുകൾ പിന്നിടുമ്പോൾ തകരുന്നത് കുടുംബബന്ധത്തിന്റെചങ്ങലക്കണ്ണികളാണെന്ന് ആരും തിരിച്ചറിയുന്നില്ല. അഭിനയത്തിന് കാശു കൂടുതൽ ചോദിച്ചാലോ ഭർത്താവിന്റെ കൂടെ വിദേശത്തുപോയാലോ ആ നടി അവതരിപ്പിച്ച കഥാപാത്രത്തെ വെള്ളയിട്ടു പുതപ്പിച്ച് കിടത്താൻ മടികാണിക്കാത്ത പരമ്പരക്കാരെ മനസ്സിലാക്കാതെ ഇപ്പോഴും മലയാളി വീട്ടമ്മമാർ സീരിയലിലെ മകൾ മരിച്ച സങ്കടത്തിൽ കണ്ണീർ വാർക്കുകയാണ്.

സീരിയലുകൾ സമൂഹത്തിൽ

ഉണ്ടാക്കുന്ന ദുർവിശേഷങ്ങളെക്കുറിച്ച് മഹിളാ സംഘടനകൾ പോലും ഗൗരവത്തിൽ ചിന്തിക്കാറുണ്ടോ എന്ന കാര്യം സംശയമാണ്. പണ്ട് മ പ്രസിദ്ധീകരണങ്ങൾ കത്തിച്ചതിനേക്കാൾ എത്രയോ മടങ്ങ് ശക്തിയിൽ സീരിയലുകൾക്ക് നേരേ ആഞ്ഞടിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.കുതന്ത്രങ്ങളുടേയും തട്ടിപ്പുകളുടേയും രാജ്ഞിമാരായി സ്ത്രീകളെ വാഴിക്കുന്നത് സ്ത്രീകുറ്റവാളികളെ സൃഷടിക്കുന്നതിനുകൂടി കാരണമാവുന്നുണ്ടെന്നാണ് സമകാലിക സംഭവങ്ങൾ തെളിയിക്കുന്നത്.വീട്ടകങ്ങളിലെ നെടുവീർപ്പുകളോ വിയർപ്പോ ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ സ്ത്രീകൾപെടുന്ന പെടാപ്പാടോ പരമ്പരകൾക്ക് വിഷയമാകാത്തതിനെക്കുറിച്ച് സ്ത്രീമുന്നേറ്റത്തെക്കുറിച്ച് സംസാരിക്കുന്ന സീരിയൽ നടിമാർ പോലും വേവലാതിപ്പെടുന്നില്ല.

സ്ത്രീകളും പുരുഷന്മാരും ഒരുപോലെ തിന്മയുടെ വക്താക്കളായാൽ പുതിയ തലമുറക്ക് ആരാണ് നന്മ പകർന്ന് നൽകുക?

പുരുഷന്മാരെപ്പോലെ വാർത്തകൾക്ക് അടിമപ്പെട്ടിട്ടില്ലെങ്കിലും വലിയൊരു വിഭാഗം സ്ത്രീകൾ പതിവായി വാർത്ത കാണുന്നവരാണ്.കേരളത്തിൽ ഇന്ന് നിലവിലുള്ള വാർത്താചാനലുകളെല്ലാം കുത്തകമുതലാളിമാരുടേയോ രാഷ്ട്രീയപാർട്ടികളുടേയോ മതസംഘടനകളുടേയോ ഉടമസ്ഥതയിലാണ്.നിഷ്പക്ഷമായ വാർത്തകൾ ഇവരിൽ നിന്ന് ആരും പ്രതീക്ഷിക്കുന്നില്ല.എന്നാൽ ഏതെങ്കിലും ഒരു ചാനൽ പിൻതുടരുന്ന ലോകവീക്ഷണം യാഥാർഥ്യത്തിന്റെ പലരീതികളിൽ ഒന്നുമാത്രമാണെന്ന സത്യം നാം പലപ്പോഴും മറന്നുപോകുന്നു.

വിനോദം നൽകാത്ത ഏതിനോടും മനുഷ്യന് വേഗം വിരക്തി തോന്നും.അതിനാൽ സമകാലിക സാംസ്കാരികപരിസരത്തിൽ വിനോദം അതിസൂക്ഷ്മമായി ഇടപെട്ടുകൊണ്ടിരിക്കുകയാണ്. ചാനലുകളിൽ വാർത്തയും വിനോദോപാധിയായി മാറിയിരിക്കുകയാണ്. ആളുകളെ രസിപ്പിച്ച് തങ്ങളിലേക്ക് ആകർഷിക്കാനാണ് വാർത്താവതാരകർ ശ്രമിക്കുന്നത്.അങ്ങനെ വരുമ്പോൾ ഏത് വാർത്തയും കച്ചവടസിനിമകളുടെ ചേരുവകൾ ചേർത്ത് അവതരിപ്പിക്കാനാണ് ചാനലുകൾ മത്സരിക്കുന്നത്.അഭയകേസ്,സൂര്യനെല്ലി, വിതുര,പറവൂർ കേസുകൾ , സോളാർ കേസ്, ബ്ലൂ ബ്ലാക്ക്മെയിലിംഗ് കേസ് എന്നിവ ചാനലുകൾ ആഘോഷമാക്കിയത് ഇങ്ങനെയാണ്.

ചാനലുകളിൽ വരുന്ന വാർത്തകൾ പ്രധാനമായും ഭീകരത,ലൈംഗികത,,ഭക്തി, രാഷ്ട്രീയം,സിനിമ,സ്പോർട്സ് എന്നിവയുമായി ബന്ധപ്പെട്ടവയാണ്.ഏത് തരം വാർത്തയായാലും പൊടിപ്പും തൊങ്ങലും വെച്ച് അവതരിപ്പിക്കാനാണ് ചാനലുകൾ ശ്രമിക്കുന്നത്. ജനപക്ഷത്തു നിന്നും സ്ത്രീപക്ഷത്തുനിന്നും വാർത്തകൾ റിപ്പോർട്ട് ചെയ്യുന്ന രീതി കുറയുകയാണ്. റിപ്പോർട്ടർമാരായും അവതാരകരായും സ്ത്രീകൾ ധാരാളമുണ്ടെങ്കിലും ചാനലുകളുടെ തലപ്പത്തോ നയരൂപീകരണഇടങ്ങളിലോ സ്ത്രീകൾ വിരലിലെണ്ണാവുന്നവർ മാത്രമാണ്.അതുകൊണ്ട് ചാനലുകൾ സ്ത്രീ വിരുദ്ധത തുടരുകയാണ്.ചാനൽ ചർച്ചകളിൽ സ്ത്രീ അവതാരകർക്ക് പോലും സ്ത്രീവിരുദ്ധമായ കാര്യങ്ങൾക്ക് പ്രാമുഖ്യം നൽകേണ്ടി വരുന്നത് ഇതുകൊണ്ടാണ്.അഴിമതിയെക്കുറിച്ചോ സ്ത്രീപീഡനങ്ങളെക്കുറിച്ചോ ചീഞ്ഞുനാറുന്ന രാഷ്ട്രീയത്തെക്കുറിച്ചോ കൃത്യമായ നിലപാടെടുക്കാൻ കഴിയാത്ത ചാനലുകളിൽ നിന്ന് സാമൂഹ്യവിമർശനമോ ജനകീയബദലോ പ്രതീക്ഷിക്കുന്നത് ഇക്കാലത്ത് ഒരു അബദ്ധധാരണയാണ്.ചാനലുകളുടെ നേരുകൾക്കപ്പുറം നേരിന്റെ നേരുണ്ടെന്ന് തിരിച്ചറിഞ്ഞുകൊണ്ടു മാത്രമേ വാർത്തകൾക്കു മുന്നിലിരിക്കാവൂ എന്ന് ഓരോ മലയാളി സ്ത്രീയും ഓർക്കേണ്ടതുണ്ട്.

സ്ത്രീകളെ ആകർഷിക്കുന്ന അല്ലെങ്കിൽ സ്ത്രീകൾക്ക് മാത്രമായുള്ള ചാനൽപരിപാടിയാണ് കുക്കറി ഷോ. മനുഷ്യന്റെ അടിസ്ഥാനചോദനകൾ വിശപ്പും കാമവുമാണ്. അതുകൊണ്ടാണ് അടുക്കളയും തീൻമേശയും ഏത് ജനതയുടേയും സാംസ്കാരിക ചരിത്രത്തിൽ ഇടം നേടുന്നത്.ഇന്ന് എല്ലാ ചാനലുകളുടേയും ജനപ്രിയപരിപാടികളിലൊന്നാണ് കുക്കറി ഷോ. ആഗോളവത്കരണം നമ്മുടെ അടുക്കളയിലേക്ക് റോഡ് വെട്ടിക്കൊണ്ടിരിക്കുന്ന കാലത്ത് ഭക്ഷണം സുഖലോലുപതയുടെ ഭാഗമാക്കുന്ന കെട്ടുകാഴ്ചകളാണ് ഇത്തരം ഷോകളിൽ കാണുന്നത്.

ഭക്ഷണത്തെ വെറുമൊരു വസ്തുവെന്ന നിലയിൽ കരുതു

സ്ത്രീകളെ ആകർഷിക്കുന്ന അല്ലെങ്കിൽ സ്ത്രീകൾക്ക് മാത്രമായുള്ള ചാനൽപരിപാടിയാണ് കുക്കറി ഷോ. മനുഷ്യന്റെ അടിസ്ഥാനചോദനകൾ വിശപ്പും കാമവുമാണ്. അതുകൊണ്ടാണ് അടുക്കളയും തീൻമേശയും ഏത് ജനതയുടേയും സാംസ്കാരിക ചരിത്രത്തിൽ ഇടം നേടുന്നത്.ഇന്ന് എല്ലാ ചാനലുകളുടേയും ജനപ്രിയപരിപാടികളിലൊന്നാണ് കുക്കറി ഷോ.

ന്നതിന് പകരം വ്യത്യസ്തജീവിത സാഹചര്യങ്ങളെ അതെങ്ങനെ വെളിപ്പെടുത്തുന്നുവെന്നുകൂടി തിരിച്ചറിയണം എന്ന് റൊളാങ് ബാർത്ത് നിരീക്ഷിച്ചിട്ടുണ്ട്. മറ്റെല്ലാ ഉപഭോഗവസ്തുക്കളെയും പോലെ ഭക്ഷണത്തെയും ശരാശരി മലയാളി പൊലിപ്പിച്ച് കൊണ്ടാടാറുണ്ടെന്നതാണ് വാസ്തവം. വിവിധദേശങ്ങളിലെ ഭക്ഷണം ആവേശപൂർവ്വം ഉണ്ടാക്കാനും തന്റെ അടുക്കളയിൽ പ്രദർശിപ്പിക്കാനുമുള്ള സ്ത്രീകളുടെ ആവേശമാണ് അവരെ കുക്കറിഷോകൾക്ക് മുന്നിലിരുത്തുന്നത്.

കുക്കറിഷോകൾ അടുക്കള സ്ത്രീകളുടേത് മാത്രമാണെന്ന ധാരണ ഊട്ടി ഉറപ്പിക്കുകയാണ്. മലയാളിയുടെ അടുക്കളയ്ക്ക് പ്രകൃതിയുമായി അടുത്ത ബന്ധമാണ് ഉണ്ടായിരുന്നത്.എന്നാൽ ഇന്നത്തെ പാചകക്കസർത്തുകളിൽ ഭക്ഷ്യവസ്തുക്കൾക്ക് പ്രകൃതിയുമായുള്ള അടുപ്പമോ പോഷകാംശങ്ങളുടെ അളവോ ഒന്നും ചർച്ചചെയ്യാറില്ല. വംശീയവും പരമ്പരാഗതവുമായ ആഹാരക്കാഴ്ചകളൊരുക്കി ഗൃഹാതുരസ്മരണകൾ ഉണർത്താൻ ശ്രമിക്കുന്ന ചാനലുകൾപോലും ഭക്ഷണവും ഭക്ഷിക്കലും കാഴ്ചസുഖം മാത്രം പ്രദാനം ചെയ്യുന്ന ഏർപ്പാടാണെന്ന പ്രതീതിയാണുണ്ടാക്കുന്നത്. തികച്ചും ആരോഗ്യപ്രദവും ചെലവുകുറഞ്ഞതുമായ ഒരു ഭക്ഷണസംസ്കാരം നമുക്കുണ്ട്. ലോകത്തെല്ലായിടത്തേയും ഭക്ഷണരീതി ഒരുപോലെയായാൽ സാധനങ്ങൾ വിറ്റഴിക്കാനെളുപ്പമാണെന്നറിയുന്ന കുത്തകകളാണ് കുക്കറി ഷോകൾ സ്പോൺസർ ചെയ്യുന്നതെന്ന് നാമറിയണം.

> വംശീയവും പരമ്പരാഗതവുമായ ആഹാരക്കാഴ്ചകളൊരുക്കി ഗൃഹാതുര സ്മരണകൾ ഉണർത്താൻ ശ്രമിക്കുന്ന ചാനലുകൾപോലും ഭക്ഷണവും ഭക്ഷിക്കലും കാഴ്ചസുഖം മാത്രം പ്രദാനം ചെയ്യുന്ന ഏർപ്പാടാണെന്ന പ്രതീതിയാണുണ്ടാക്കുന്നത്. തികച്ചും ആരോഗ്യപ്രദവും ചെലവുകുറഞ്ഞതുമായ ഒരു ഭക്ഷണസംസ്കാരം നമുക്കുണ്ട്.

ടെലിവിഷൻ സുവിശേഷങ്ങളോടൊപ്പം ദുർവിശേഷങ്ങളും പ്രചരിപ്പിക്കുന്നുണ്ടെന്നാണ് ഇതുവരെ സൂചിപ്പിച്ചത്. എന്തൊക്കെ അപകടങ്ങളുണ്ടായാലും ഈ വിഡ്ഢിപ്പെട്ടിയെ മാറ്റിനിർത്തിയുള്ള ലോകത്തെക്കുറിച്ച് നമുക്കാലോചിക്കാനാവില്ല.അതുകൊണ്ട് വിവേകപൂർണ്ണമായ തെരഞ്ഞെടുപ്പാണ് അഭികാമ്യം.ഏത് പരിപാടി കാണുമ്പോഴും ഇത് സമൂഹത്തെ ഒരിഞ്ചെങ്കിലും മുന്നോട്ടു നയിക്കാൻ പര്യാപ്തമാണോ  എന്നും സ്ത്രീയുടെ ആത്മാഭിമാനം സംരക്ഷിക്കുന്നുണ്ടോ എന്നും നാമാലോചിക്കണം. എങ്കിൽ മാത്രമേ വരുന്ന തലമുറയെ നേർവഴിയിലേക്ക് നയിക്കാൻ നമുക്ക് സാധിക്കൂ. ○

**ഗ്രന്ഥ- ലേഖനസൂചി**

സച്ചിദാനന്ദൻ.കെ, സ്ത്രീപഠനങ്ങൾ, ബോധി ബുക്സ്, കോഴിക്കോട്,1990

രവീന്ദ്രൻ.എൻ.കെ, പെണ്ണെഴുതുന്ന ജീവിതം, മാതൃഭൂമി ബുക്സ്,  കോഴിക്കോട്,2010

ബിജുരാജ്, വേണം നമുക്കൊരു ഫിഫ്ത്ത് എസ്റ്റേറ്റ്, പച്ചക്കുതിര, ഏപ്രിൽ 2010

വർഗീസ്. കെ.സി ,അപ്പോൾ എന്താണ് കുടുംബം, പച്ചക്കുതിര, മാർച്ച് 2010

അതിരുവിടുന്ന സീരിയലുകൾ,  www.madhyamam.com

സീരിയലുകളിലെ സ്ത്രീകഥാപാത്രങ്ങൾ, www.storyplus.com


സ്ത്രീകളും സീരിയൽപ്രണയവും,  www.southlive.com

---

*പേജ് 29 തുടർച്ച*

ലിംഗമെന്നത് ഒരു ജൈവികവർഗ്ഗീകരണമായിരിക്കുമ്പോൾ ആണത്തവും പെണ്ണത്തവും ഒരു സാംസ്കാരികനിർമ്മിതിയായി മാറുന്നു. അതുകൊണ്ടാണ് ലിംഗഭേദങ്ങളെ പ്രതീകാത്മകവും സവിശേഷാത്മകവുമായ മാതൃകയിലൂടെ പരസ്യവത്കരിക്കുന്നത്. പരസ്യത്തിലെ ആൺപെൺ ശരീരനിർമ്മിതിയുടെ രൂപഭാവങ്ങൾ ലോകത്തിന്റെ കാഴ്ചസംസ്കാരത്തെ പുനർനിർണ്ണയിക്കുന്നുണ്ട്. സൗന്ദര്യവും ശക്തിയും വിധേയത്വവും ആധിപത്യവും സ്ത്രീപുരുഷ ഭിന്നതയുടെ അതിരുകൾ നിർമ്മിക്കുന്നതാകുമ്പോൾ മാധ്യമസംസ്കാരം പരസ്യനിർമ്മിതിയിലൂടെ

ശരീരത്തെ പ്രദർശിപ്പിക്കുന്നു. പ്രദർശനസംസ്കാരവും കാഴ്ചസംസ്കാരവും മാധ്യമസൃഷ്ടിയുടെ ഉത്പന്നമാകുമ്പോൾ മാനുഷികബന്ധത്തിന്റെ ദൃഢതയ്ക്കപ്പുറം ശൈഥില്യത്തിന്റെ കച്ചവടതന്ത്രമായി അധ:പതിക്കുകയും ചെയ്യുന്നു. സമകാല ജീവിതത്തിൽ മാധ്യമവും സ്ത്രീആഖ്യാനങ്ങളും വളച്ചൊടിക്കപ്പെടുന്ന നിർവ്വചനങ്ങളായിത്തീരുന്നത് പെൺശരീരത്തിന്റെ സാംസ്കാരികമൂല്യത്തെ തിരിച്ചറിയാത്തതുകൊണ്ടാണ്. ശരീരം ആൺ പെൺഭേദത്തിന്റെ അടിസ്ഥാനത്തിൽ പരസ്യവസ്തുവാക്കാതെ മൂല്യബോധത്തിന്റെ ജൈവികവും യാഥാർത്ഥ്യവുമായ അടിസ്ഥാനഘടകമായി ആവിഷ്കരിക്കേണ്ടത് അനിവാര്യമാണ്. ○



# വെളുത്ത മൂല്യങ്ങളുടെ പരസ്യലോകം



വനിഷ വത്സൻ

പരസ്യങ്ങൾ അവയുടെ പ്രാരംഭദശയിൽ നിർവഹിച്ചിരുന്ന ധർമ്മങ്ങളിൽ നിന്നും കൂടുതൽ സങ്കീർണ്ണവും വികസ്വരവുമായ ധർമ്മങ്ങളാണ് ഇന്ന് നിർവഹിക്കുന്നത്. പുതുതായി വിപണിയിലെത്തുന്നതോ നിലവിലുള്ളതോ ആയ ഒരു ഉല്പന്നത്തിന്റെ സവിശേഷതകൾ ഉപഭോക്താവിലേക്ക് വിനിമയം ചെയ്യുന്നതിലോ സാമൂഹികനന്മ ലക്ഷ്യമാക്കിയുള്ള ഒരു സംരംഭത്തിന്റെ അവബോധം ജനിപ്പിക്കുന്നതിലോ ഒതുങ്ങുന്നതല്ല ഇന്നത്തെ പരസ്യലോകം. വൻ വ്യവസായമായി പരസ്യരംഗം വളർന്നിരിക്കുന്ന വർത്തമാനകാലത്ത് നവമുതലാളിത്തത്തിന്റെ ആശയസംഹിതയാണ് ഓരോ പരസ്യവും പിന്തുടരുന്നത്. അവസാനിക്കാത്ത ആഗ്രഹങ്ങളും ഒടുങ്ങാത്ത ആർത്തിയുമുള്ള ആഗോളമനുഷ്യരൂപീകരണ പ്രക്രിയയിലെ ഏറ്റവും ശക്തിയുള്ള ഉപാധിയാണ് പരസ്യങ്ങൾ.

പരസ്യങ്ങളുടെ സ്വാംശീകരണം ഉളവാക്കുന്ന സാമൂഹികവും സാംസ്കാരികവും സാമ്പത്തികവുമായ പ്രത്യാഘാതങ്ങൾ ഗൗരവമേറിയ പ്രതികരണങ്ങൾ ആവശ്യപ്പെടുന്നുണ്ട്. ഓരോ സമൂഹത്തിലേയും അധികാരഘടനയുടെ ഭാഗമായി നിലനിന്നുകൊണ്ട് പരസ്യങ്ങൾ ഉൽപാദിപ്പിക്കുന്നത് വരേണ്യതയുടെ രാഷ്ട്രീയമാണ്. പരസ്യങ്ങളിലെ കുടുംബബന്ധങ്ങളുടെ ആവിഷ്കരണവും സ്ത്രീ പുരുഷ ചിത്രീകരണവും സാംസ്കാരിക ചിഹ്നങ്ങളുടെ തെരഞ്ഞെടുപ്പുമെല്ലാം ഇത് അടിവരയിടുന്നുണ്ട്. കറുപ്പ് - വെളുപ്പ്, സ്ത്രീ- പുരുഷൻ, അകം - പുറം തുടങ്ങിയ വിരുദ്ധദ്വന്ദ്വങ്ങളിൽ ഒന്നിന് അമിതപ്രാധാന്യം നൽകുന്നത് പരസ്യങ്ങളുടെ പൊതു പ്രവണതയാണ്.

പരസ്യങ്ങൾ സ്ത്രീയെ ഒരേ

സമയം മാർഗ്ഗവും ലക്ഷ്യവുമായാണ് പരിഗണിക്കുന്നത്. ഉല്പന്നം ഏതായാലും പരസ്യങ്ങളിൽ ഒഴിച്ചുകൂടാനാവാത്ത ഒന്നായി സ്ത്രീ കടന്നുവരുന്നത് വിനിമയത്തിനുള്ള മാർഗമായി സ്ത്രീശരീരത്തെ പരിമിതപ്പെടുത്തിയതുകൊണ്ടാണ്. ഇതേസമയം തന്നെ ഉപഭോക്താവ് എന്ന നിലയിലും പരസ്യങ്ങൾ ഉന്നംവെയ്ക്കുന്നത് സ്ത്രീകളെയാണ്. അതിവൈകാരികമായ രംഗങ്ങൾ പരസ്യങ്ങളിൽ ആവർത്തിക്കുന്നതിനു പിന്നിൽ വർത്തിക്കുന്നത് അതുവഴി സ്ത്രീകളെ എളുപ്പത്തിൽ സ്വാധീനിക്കാം എന്ന കണക്കുകൂട്ടലാണ്.

സ്ത്രീഉപഭോക്താക്കളുടെ എണ്ണമറ്റ രൂപീകരണം ലക്ഷ്യമാക്കി തന്ത്രങ്ങൾ മെനയുന്നതിൽ പ്രഥമ സ്ഥാനത്ത് നിൽക്കുന്നത് സൗന്ദര്യവർദ്ധകവസ്തുക്കളുടെ പരസ്യങ്ങളാണ്. വിശ്വസുന്ദരിപ്പട്ടവും ലോകസുന്ദരിപ്പട്ടവും ഒരുമിച്ച് കടന്നുവന്ന തൊണ്ണൂറുകളോടെ ഇന്ത്യയിൽ സൗന്ദര്യവർദ്ധകവസ്തുക്കളുടെ ഉല്പാദനത്തിലും വിതരണത്തിലും വിപ്ലവകരമായ വളർച്ചയാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ശാസ്ത്രീയമായ യാതൊരടിത്തറയും ഇല്ലാത്ത നിരവധി ഉല്പന്നങ്ങളുടെ ഉപഭോക്താക്കളായി സ്ത്രീകളെ, വിശേഷിച്ചും മധ്യവർഗ്ഗ, ഉപരിവർഗ്ഗ സ്ത്രീകളെ സൃഷ്ടിക്കുന്നതിൽ തീരുന്നതല്ല സൗന്ദര്യവർദ്ധക ഉല്പന്നങ്ങളുടെ പരസ്യങ്ങളുടെ പ്രത്യാഘാതങ്ങൾ. പരമ്പരാഗതവും സ്ത്രീവിരുദ്ധവുമായ മൂല്യങ്ങളെ പ്രതിഷ്ഠിക്കുന്നതിൽ ഇത്തരം പരസ്യങ്ങൾ മുൻപന്തിയിലാണ്.

ഇന്ത്യയിലെ പ്രമുഖ ഫെയർനെസ്സ് ക്രീമായ ഫെയർ ആൻഡ് ലവ്ലിയുടെ പരസ്യങ്ങൾ ക്രീമോടൊപ്പം തന്നെ ചർച്ചചെയ്യപ്പെടുന്നവയാണ്. ഇന്ത്യയിലെ ആദ്യത്തെ ഫെയർനെസ്സ് ക്രീം എന്ന പ്രഖ്യാപനത്തോടെ 1985 ൽ ആണ് ഹിന്ദുസ്ഥാൻ യൂനിലിവർ ലിമിറ്റഡിന്റെ ഫെയർ ആൻഡ് ലവ്ലി വിപണിയിലെത്തുന്നത്. ഇന്ന് മുപ്പത്തിയെട്ട് രാജ്യങ്ങളിൽ വിൽപ്പന നടത്തുന്ന ഫെയർ ആൻഡ് ലവ്ലിക്ക് ഇന്ത്യയിൽ മൊത്തം വിറ്റഴിക്കപ്പെടുന്ന ഫെയർനെസ്സ് ക്രീമിന്റെ അറുപതുശതമാനവും അവകാശപ്പെടാം. വിപണിയിലെ ലാഭത്തിന്റെ സാമ്പത്തിക വശങ്ങളെയും ക്രീമിന്റെ വാഗ്ദാനങ്ങളെയും മറികടന്ന് ഏറ്റവും കൂടുതൽ വിമർശനങ്ങൾ ഉയർന്നുവന്നത് ഫെയർ ആൻഡ് ലവ്ലിയുടെ പരസ്യങ്ങൾക്കെതിരെയാണ്. പരസ്യങ്ങൾ കേവലം പരസ്യങ്ങൾ എന്നതിലുപരിയായി പിന്തുടരുന്ന ചില മൂല്യങ്ങളിലേക്കാണ് ഇത്തരം വിമർശനങ്ങൾ വിരൽചൂണ്ടിയത്.

> നിങ്ങൾ കറുത്ത ഒരു സ്ത്രീ ആണെങ്കിൽ വിവാഹകമ്പോളത്തിലും ജോലി സ്ഥലത്തും കുടുംബത്തിനകത്തുമെല്ലാം നിരന്തരം അവഗണനകൾ ഏറ്റുവാങ്ങേണ്ടി വരും. കറുപ്പിനെ ഈവിധം ചിത്രീകരിക്കുന്ന ഇത്തരം പരസ്യങ്ങൾ വരേണ്യവും വൈദേശികവും ആയ സൗന്ദര്യ സങ്കൽപ്പത്തെ പ്രതിഷ്ഠിക്കുക മാത്രമല്ല തൊലിനിറം അടിസ്ഥാനമാക്കിയുള്ള അരികുവൽക്കരണത്തെ പ്രോത്സാഹിപ്പിക്കുക കൂടിയാണ് ചെയ്യുന്നത്.

ഫെയർ ആൻഡ് ലവ്ലിയുടെ പരസ്യങ്ങളെ വൃന്ദാകാരാട്ട് വിശേഷിപ്പിച്ചത് highly racist' എന്നാണ്. 2002 ൽ ഇന്ത്യൻ ഡെമോക്രാറ്റിക് വുമൺസ് അസോസിയേഷൻ ഫെയർ ആൻഡ് ലവ്ലി പരസ്യങ്ങൾക്കെതിരെ പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ രണ്ട് പരസ്യങ്ങൾ നിരോധിക്കപ്പെട്ടിട്ടുണ്ട്. നിരവധി വിമർശനങ്ങൾ പലകോണുകളിൽ നിന്നും ഉയർന്നുവന്നിട്ടും ഫെയർ ആൻഡ് ലവ്ലി പരസ്യങ്ങൾ ഇന്നും വലിയ മാറ്റമില്ലാതെ വിമർശനങ്ങൾക്ക് അർഹമായി തുടരുകയാണ്.

വംശീയവും ജാതീയവും ആയ നിരവധി വ്രണപ്പെടുത്തലുകൾക്ക് ഫെയർ ആൻഡ് ലവ്ലി പരസ്യങ്ങൾ കാരണമാവുന്നുണ്ട്. നല്ല കുടുംബ ജീവിതം, ജോലി, സാമൂഹിക പദവി എന്നിവയെല്ലാം ലഭിക്കണമെങ്കിൽ തൊലിയുടെ നിറം– വിശേഷിച്ചും സ്ത്രീയുടെ– വെളുത്തതായിരിക്കണമെന്ന ധാരണ സമൂഹഅബോധത്തിലേക്ക് കടത്തിവിടുന്നവയാണ് ഫെയർ ആൻഡ് ലവ്ലി പരസ്യങ്ങൾ. നിങ്ങൾ കറുത്ത ഒരു സ്ത്രീ ആണെങ്കിൽ വിവാഹകമ്പോളത്തിലും ജോലി സ്ഥലത്തും കുടുംബത്തിനകത്തുമെല്ലാം നിരന്തരം അവഗണനകൾ ഏറ്റുവാങ്ങേണ്ടി വരും. കറുപ്പിനെ ഈവിധം ചിത്രീകരിക്കുന്ന ഇത്തരം പരസ്യങ്ങൾ വരേണ്യവും വൈദേശികവും ആയ സൗന്ദര്യ സങ്കൽപ്പത്തെ പ്രതിഷ്ഠിക്കുക മാത്രമല്ല തൊലിനിറം അടിസ്ഥാനമാക്കിയുള്ള അരികുവൽക്കരണത്തെ പ്രോത്സാഹിപ്പിക്കുക കൂടിയാണ് ചെയ്യുന്നത്.

ലിംഗപദവിയെ അടിസ്ഥാനമാക്കി സമൂഹത്തിൽ നിലനിൽക്കുന്ന യാഥാസ്ഥിതിക കാഴ്ചപ്പാടുകളെ അംഗീകരിക്കുന്നവയാണ് ഫെയർ ആൻഡ് ലവ്ലിയുടെ പരസ്യങ്ങൾ. ദരിദ്രകുടുംബത്തിലെ പിതാവിന്റെ ചായ കുടിക്കുവാനുള്ള ആഗ്രഹത്തെ നിങ്ങൾക്ക് സമ്പാദിച്ചുതരാൻ മകനില്ലല്ലോ എന്ന വിമർശനവുമായി നേരിടുന്നത് മാതാവായ സ്ത്രീ തന്നെയാണ്. പ്രസ്തുത പരസ്യത്തിൽ ഈ സംഭവത്തിനു ദൃക്സാക്ഷിയായ മകൾ ഫെയർ ആൻഡ് ലവ്ലിയുടെ സഹായത്തോടെ എയർഹോസ്റ്റസ് ആവുകയും പിതാവിനെ സ്റ്റാർഹോട്ടലിലെ തീൻമേശയി

ലേക്ക് ആനയിക്കുകയുമാണ് ചെയ്യുന്നത്. പ്രത്യക്ഷത്തിൽ പുരോഗമനപരം എന്ന തോന്നൽ ജനിപ്പിക്കുന്ന ഈ പരസ്യം യഥാർത്ഥത്തിൽ പെൺ ഭ്രൂണഹത്യകൾ ഇന്നും നിർലോഭം നടന്നുകൊണ്ടിരിക്കുന്ന ഇന്ത്യയെ പോലൊരു രാജ്യത്ത് ഉളവാക്കുക വിപരീതഫലമാണ്.

ഫെയർ ആൻഡ് ലവ്‌ലിയുടെ പരസ്യങ്ങളിലെല്ലാം പ്രത്യക്ഷപ്പെടുന്ന സ്ത്രീകഥാപാത്രങ്ങൾ നിലവിലിരിക്കുന്ന വ്യവസ്ഥിതിയെ പൂർണമായും മാനിക്കുന്നവരാണ്.

ആദ്യകാലപരസ്യങ്ങളിൽ നല്ല വരനെ ലഭിക്കുക എന്നതായിരുന്നു ജീവിതലക്ഷ്യമായി അവതരിപ്പിച്ചതെങ്കിൽ പിൽക്കാല പരസ്യങ്ങളിൽ ജോലിസ്ഥലത്ത് ലഭിക്കുന്ന അംഗീകാരമായി മാറുന്നുണ്ട്. മധ്യവർഗകുടുംബ പശ്ചാത്തലത്തിൽ അവതരിപ്പിക്കപ്പെടുന്ന നായികമാർ പരസ്യാവസാനത്തിൽ എയർഹോസ്റ്റസ്, കമന്റേറ്റർ, സിനിമാതാരം തുടങ്ങിയവരായാണ് മാറുന്നത്. കറുപ്പിനെയും സ്ത്രീയേയും എന്നപോലെ മധ്യവർഗത്തെയും അപകർഷതയുടെ നിഴലിൽ നിർത്താനുള്ള തന്ത്രങ്ങൾ ഇത്തരം പരസ്യങ്ങളിൽ കാണാം.

ഫെയർ ആൻഡ് ലവ്‌ലി പരസ്യങ്ങളിൽ പുരുഷകഥാപാത്രങ്ങൾ അവതരിപ്പിക്കപ്പെടുന്നത് നിലവിലിരിക്കുന്ന ഇന്ത്യൻ സാമൂഹിക വ്യവസ്ഥയുടെ പരിച്ഛേദമായാണ്. കാമുകൻ, ഭർത്താവ്, അച്ഛൻ, മേലധികാരി എന്നിങ്ങനെ വ്യത്യസ്ത വേഷങ്ങളിൽ പ്രത്യക്ഷപ്പെടുമ്പോഴും തൊലിനിറം എന്ന കേന്ദ്രബിന്ദുവിൽ ഇവരുടെ കാഴ്ചപ്പാടുകൾ സമന്വയിക്കുന്നതായി കാണാം. വെളുത്ത സുന്ദരിയെ വിവാഹം കഴിക്കാനാഗ്രഹിക്കുന്ന യുവാക്കളെ ആയിരുന്നു എൺപതുകളിലെ പരസ്യങ്ങൾ മുന്നോട്ടുവെച്ചത്. ജോലി, ജാതി, ജാതകം എന്നിവയ്ക്കൊപ്പം ഇന്നും മാട്രിമോണിയൽ കോളങ്ങളിൽ വെളുപ്പ്, ഇരുനിറം, കറുപ്പ് തുടങ്ങിയ വിശേഷണങ്ങൾ ഇടം പിടിക്കുന്നതിൽ ഫെയർ ആൻഡ് ലവ്‌ലി പരസ്യങ്ങൾക്കും അതിന്റേതായ പങ്ക് ഉണ്ട്. കറുത്ത മകളുടെ വിവാഹത്തെച്ചൊല്ലി ആശങ്കപ്പെട്ടും ആയുർവേദകൂട്ടുകളിലൂടെ മകൾക്ക് വെളുത്ത നിറം വാഗ്ദാനം നൽകിയും മകനില്ലാതെ പോയതിനാൽ ലഭിക്കാതെപോയ സാമ്പത്തിക ഭദ്രതയെക്കുറിച്ചോർത്ത് തലകുനിച്ചും ഫെയർ ആൻഡ് ലവ്‌ലി പരസ്യങ്ങളിൽ അച്ഛൻമാർ പ്രത്യക്ഷപ്പെടുന്നു. ജോലിക്കായുള്ള ഇന്റർവ്യൂകളിൽ മികവ് കാട്ടുന്നതിലും മേലധികാരിയുടെ പ്രീതി സാമ്പാദിക്കുന്നതിലും തൊലിനിറത്തിനുള്ള പ്രാധാന്യത്തിനാണ് തൊണ്ണൂറുകൾക്ക് ശേഷം പരസ്യങ്ങൾ ഊന്നൽ നൽകിയത്. ഇവിടെ മേലധികാരിയുടെ നോട്ടത്തിലും പതിയുന്നത് ജോലിക്കാവശ്യമായ കഴിവുകളല്ല മറിച്ച് വെറും തൊലിനിറം മാത്രമാണ്. ഫെയർ ആൻഡ് ലവ്‌ലിയുടെ ആദ്യകാലപരസ്യങ്ങളിൽ നിന്നും വ്യത്യസ്തമായി വിവാഹം, കുടുംബം എന്നീ വൃത്തത്തിനകത്ത് ഒതുക്കാതെ പുതിയപരസ്യങ്ങൾ സ്ത്രീയെ വൻകിട കമ്പനികളിലേക്കും ക്രിക്കറ്റ് മൈതാനത്തിലേക്കും സൗന്ദര്യമത്സര വേദികളിലേക്കും തുറന്നു വിടുന്നുണ്ട്. എങ്കിലും തൊലി നിറത്തെ കേന്ദ്രീകരിച്ചുള്ള സൗന്ദര്യസങ്കല്പ്പങ്ങളുമായി പുരുഷന്റെ നോട്ടങ്ങൾ അവളെ മാറ്റമില്ലാതെ പിന്തുടരുന്നുണ്ട്..

2014 ലെ ഏറ്റവും പുതിയ പരസ്യത്തിൽ മാറിയ കാലത്തിന്റെ പ്രതിനിധിയായി സ്വാശ്രയബോധമുള്ള നായികയെയാണ് ഫെയർ ആൻഡ് ലവ്‌ലി അവതരിപ്പിക്കുന്നത്. നല്ല ജോലി, വീട്, സുസ്ഥിരത എന്നിവയെല്ലാം നേടി പുരുഷനു തുല്യയായി വിവാഹത്തിലേർപ്പെടാം എന്നു പറയുന്ന മകൾ ആദ്യകാല പരസ്യങ്ങളെ അപേക്ഷിച്ച് ഏറെ മുന്നിലാണ്. എന്നാൽ നല്ല വിവാഹാലോചനയുമായി വന്ന പിതാവിന്റെ വാഗ്ദാനങ്ങൾ ഒരു പക്ഷേ ശരിയായിരിക്കാം എന്നു ചിന്തിക്കുമ്പോൾ സുഹൃത്ത് നൽകിയ ഫെയർ ആൻഡ് ലവ്‌ലി ക്രീമാണ് അവളുടെ ചിന്തകൾക്ക് പുതിയ ദിശ നൽകുന്നത്. നല്ല ജോലി, വീട് എന്നിവ നേടണമെങ്കിൽ നിങ്ങളുടെ തൊലിവെളുത്തതായിരിക്കണം എന്നതുപോലെ സ്വാതന്ത്ര്യബോധവും സ്വാശ്രയത്വവും നിങ്ങളുടെ ചിന്തകളിൽ കടന്നുവരണമെങ്കിലുമുള്ള ഒരേയൊരു വ്യവസ്ഥയായി വെളുത്ത തൊലി മാറുകയാണ്.

ഇന്നത്തെ പരസ്യങ്ങൾ ഭൂരിഭാഗവും പ്രത്യക്ഷത്തിൽ സ്ത്രീസ്വാതന്ത്രത്തിന്റെ പ്രഖ്യാപനങ്ങളാണ്. എന്നാൽ സൂക്ഷ്മമായി അപഗ്രഥിച്ചാൽ സ്ത്രീയുടെ വിധേയത്വത്തിന്റെ സൗന്ദര്യവത്കരണമാണ് ഈ പരസ്യങ്ങളിൽ ആഘോഷിക്കപ്പെടുന്നതെന്ന് കാണാം. ഫെയർ ആൻഡ് ലവ്‌ലി പരസ്യങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന വെളുത്ത സൗന്ദര്യസങ്കൽപ്പങ്ങൾക്കെതിരെ ബോധപൂർവമായ പ്രതികരണങ്ങൾ കാണാവുന്നതാണ് Dark is beautiful എന്ന ഫെയ്സ്ബുക്ക് കമ്മ്യൂണിറ്റി ഇതിനൊരു ഉദാഹരണമാണ്. ഇത്തരം പ്രതികരണങ്ങൾ സൗന്ദര്യ വർധകവസ്തുക്കളുടെ വിതരണത്തിലുണ്ടായ ഭീമമായ വളർച്ചയെ മാത്രമല്ല പ്രതിസ്ഥാനത്ത് നിർത്തുന്നത്. ഇവ വംശീയവും ജാതീയവുമായ നിരവധി പ്രശ്നങ്ങളെ അഭിസംബോധനചെയ്യുന്നുണ്ട്. കറുപ്പ്, വെളുപ്പ് എന്നിവയെ വിരുദ്ധദ്വന്ദ്വങ്ങളായി ചിത്രീകരിച്ചുകൊണ്ട് കേവലം നിറങ്ങൾ എന്നതിലൂപരിയായി അധികാരം, സമ്പത്ത്, സംസ്കാരം, രാഷ്ട്രീയം എന്നീ ഘടകങ്ങളോടൊപ്പം ഇഴചേർക്കുന്ന സാഹചര്യം ഇന്ത്യയിൽ നിലനിൽക്കുന്നുണ്ട്. ഇത്തരം അന്തരീക്ഷത്തിൽ അധീശത്വത്തിന്റേയും വരേണ്യതയുടെയും മൂല്യങ്ങൾ ഉല്പാദിപ്പിക്കുന്ന പരസ്യങ്ങൾക്ക് എതിരെ പ്രതികരണങ്ങൾ സജീവമാകേണ്ടതുണ്ട്.

○



ഉപ്പും മുളകും



ഗീത

# വീണ്ടും ഒരു വനിതാദിനത്തിൽ

കഴിഞ്ഞ കുറേയേറെ വർഷങ്ങളായി കേരളവും അന്താരാഷ്ട്ര വനിതാദിനമായ മാർച്ച് 8 സമുചിതമായി ആഘോഷിക്കുന്നു. ഔദ്യോഗികവും അനൗദ്യോഗികവുമായി അനേകം വനിതാദിനങ്ങൾ പലയിടങ്ങളിലായി കൊണ്ടാടപ്പെട്ടു കഴിഞ്ഞു. ലോകത്താകമാനമുള്ള സ്ത്രീകളുടെ ആത്മാഭിമാനം ഉയർത്തിപ്പിടിക്കുന്നതിനായി ഐക്യരാഷ്ട്രസഭ നിർദ്ദേശിച്ച ദിവസത്തിൽ മലയാളികളും പങ്കെടുക്കുകയാണ്!

എന്നാൽ കേരളത്തിലെ യഥാർത്ഥ സ്ത്രീജീവിതം എന്താണ്? യഥാർത്ഥം ഏത്, അയഥാർത്ഥം ഏത്. ഇത് പറയുന്നതിലെ ആധികാരികത എന്ത് എന്നൊക്കെയുള്ള ഉത്തരാധുനിക ചിന്തകൾ ചുറ്റുമുണ്ട്. കഴിഞ്ഞ ദിവസം ഒരു പണ്ഡിതൻ ജീവനക്കാരുടെ തൊഴിൽസമയം കൂട്ടുന്നതിലൂടെ സംഭവിക്കുന്ന തൊഴിൽ സംസ്കാരമാറ്റത്തെ പ്രകീർത്തിക്കുകയായിരുന്നു- നിങ്ങൾ അധികസമയം അദ്ധ്വാനിച്ചാൽ നിങ്ങൾക്ക് നല്ലവണ്ണം ഉറങ്ങാം. അദ്ധ്വാനിച്ചു തളരുമ്പോൾ നമ്മൾ നമ്മളെക്കുറിച്ച് മാത്രമായിരിക്കും ചിന്തിക്കുക, അപ്പോൾ ദുഷിച്ച ചിന്തകൾ മനസ്സിൽ നിന്നകും. പിറ്റേന്ന് കൂടുതൽ സമയം നന്നായി അദ്ധ്വാനിക്കാൻ കഴിയും.

സംശയിക്കേണ്ട, ഒരു പുരുഷനു മാത്രം കഴിയുന്ന ഒരു ഉദ്ബോധനമാണിത്. ജീവിതസംസ്കാരം അതേപടി നിലനിർത്തിക്കൊണ്ട് തൊഴിൽസംസ്കാരം മാറിയാൽ എന്തുസംഭവിക്കും എന്നതിന്റെ ഉദാഹരണം കൂടിയാണ് ഇതെന്ന് പറയാം. അധികസമയം ജോലിയെടുക്കുന്നതോ ജോലിക്കുവേണ്ടി പൂർണ്ണസമർപ്പണം നടത്തുന്നതോ നല്ലതല്ലെന്ന് ഇന്നാരും പറയുമെന്ന് തോന്നുന്നില്ല. പക്ഷേ 'കൂടുതൽ' സമയം തൊഴിലിടത്തിൽ ചെലവാക്കാൻ നിർബന്ധിക്കപ്പെടുന്ന പെണ്ണിന്റെ പ്രായോഗികപരിഗണനകൾ എന്തൊക്കെയാണ്? അവൾ നല്ലവണ്ണം ഉറങ്ങുന്നുണ്ടോ? പിറ്റേന്ന് തന്നെപ്പറ്റിയുള്ള പ്രതീക്ഷാനിർഭരമായ ചിന്തകളാൽ ഉത്തേജിപ്പിക്കപ്പെട്ട ഉന്മേഷത്തോടെ ഉണരുന്നുണ്ടോ?

തൊഴിലിടത്തിലേക്കു പോകുന്നതിനുമുമ്പ് തീർത്തുവെക്കേണ്ട വീട്ടുജോലികൾ, കുടുംബത്തിന്റെ ഭക്ഷണം

എന്നിവയാണവളുടെ മുഖ്യചിന്ത. വീട്ടിലെ ചെറിയ കുട്ടികൾ. വൃദ്ധർ, രോഗികൾ, വികലാംഗർ എന്നിവരുടെ മുഴുവൻ ചുമതലയും അവൾക്കാണ്. പുരുഷപരിചരണം ഏതു മതസ്ഥയായാലും അവളുടെ പരമ്പരാഗതദൗത്യമാ

> **ഏത് തൊഴിലിലാണ് അവൾ പ്രഗത്ഭയാകേണ്ടത്/ ആകുന്നത്? പ്രതിഫലമില്ലാത്ത വീട്ടുതൊഴിലിലെ പ്രാഗത്ഭ്യമാണ് ആർജ്ജിക്കേണ്ടതെന്നവളോട് വ്യവസ്ഥ നിർദ്ദേശിക്കുന്നു. നവമുതലാളിത്തത്തിന്റെ കാലം പ്രതിഫലം വാങ്ങുന്ന തൊഴിലിലെ പ്രാഗത്ഭ്യവും നിർബന്ധമാക്കുന്നു. അതോടെ രണ്ടിടത്തും ഒരു പോലെ അപ്രഗത്ഭയും അവഗണിതയുമായി അവൾ മാറുന്നു.**





ണ്. അതായത് പുരുഷനെന്നപോലെ, വീട് അവളുടെ വിശ്രമസങ്കേതമല്ല. കഠിനാദ്ധ്വാനം ആവശ്യപ്പെട്ടുകൊണ്ടേയിരിക്കുന്ന മറ്റൊരു തൊഴിലിടമാണ്. അവിടെ കാഷ്വൽ ലീവുകൾ, കമ്യൂട്ടഡ് ലീവുകൾ, അവധികൾ എന്നിവ അനുവദനീയമല്ല. പ്രതിഫലവുമില്ല. അങ്ങനെ ഉറക്കവും ഉണർവ്വുമില്ലാത്ത നിരുന്മേഷകരമായ ദിവസങ്ങളിലൂടെ അവൾ സ്വന്തം ആയുസ്സൊടുക്കുന്നു.

ഏത് തൊഴിലിലാണ് അവൾ പ്രഗത്ഭയാകേണ്ടത്/ ആകുന്നത്? പ്രതിഫലമില്ലാത്ത വീട്ടുതൊഴിലിലെ പ്രാഗത്ഭ്യമാണ് ആർജ്ജിക്കേണ്ടതെന്നവളോട് വ്യവസ്ഥ നിർദ്ദേശിക്കുന്നു. നവമുതലാളിത്തത്തിന്റെ കാലം പ്രതിഫലം വാങ്ങുന്ന തൊഴിലിലെ പ്രാഗത്ഭ്യവും നിർബന്ധമാക്കുന്നു. അതോടെ രണ്ടിടത്തും ഒരു പോലെ അപ്രഗത്ഭയും അവഗണിതയുമായി അവൾ മാറുന്നു. പിന്നെയവൾക്ക് അവകാശവാദങ്ങൾ സാധ്യമേ ആകുന്നില്ല.

ചില വീടുകളിലെ, തൊഴിൽശാലകളിലെ അന്തരീക്ഷത്തിന് മാറ്റമുണ്ടാകാം. വ്യക്തിപരമായി ചില പെണ്ണുങ്ങളും ആണുങ്ങളും വ്യത്യസ്തരുമായിരിക്കാം. അതെ അപവാദങ്ങൾ ഉണ്ടാകാം എന്നു തന്നെയാണർത്ഥം. പക്ഷേ ഇവ സാമാന്യ നിയമത്തെ സാധൂകരിക്കാൻ മാത്രമുതകുന്നവയാണ്.

ഒന്നുകിൽ ജീവിത സംസ്ക്കാരം പെണ്ണിനോട് ജനാധിപത്യപരമായ മര്യാദകൾ കാണിക്കേണ്ടതാണ്. അഥവാ തൊഴിൽസംസ്ക്കാരത്തിന്റെ മാറ്റം സ്ത്രീപക്ഷപരമായിരിക്കണം. അദ്ധ്വാനം തന്നെയാണ് വിഷയം. സംസ്ക്കാരത്തെ നിർണ്ണയിക്കുന്നത് അദ്ധ്വാനമൂല്യമാണ്. വീട്ടിലും തൊഴിൽശാലയിലും കൂലിയടിമത്തം വിധിക്കപ്പെട്ട ഇന്നത്തെ പെണ്ണിനെ മോചിപ്പിക്കാനാവുന്നില്ലെങ്കിൽ മാർച്ച് എട്ടു കൊണ്ട് എന്ത് പ്രയോജനം കൂട്ടുകാരികളെ? ○



# വാസ്തവം



ഡോ.ജാൻസി ജോസ്

ഇൻഡ്യൻ രാഷ്ട്രീയമാകെ വികൃതവല്ക്കരിക്കപ്പെട്ടു കഴിഞ്ഞു. കോൺഗ്രസ്സിന്റെ പൊടിപോലും കാണാതായി. ബി.ജെ.പിക്ക് കനത്ത പ്രഹരമേറ്റു. കമ്മ്യൂണിസ്റ്റുകളും അന്യം വന്നുതുടങ്ങിയിരിക്കുന്നു. കേരളത്തിലെ പാർട്ടികോൺഗ്രസ്സിന്റെ കഥ കേട്ടും കണ്ടും പ്രതീക്ഷയർപ്പിച്ചിരിക്കുകയാണ് ആളുകൾ. എതിർത്താൽ തല വെട്ടുന്ന രാഷ്ട്രീയമാണ് ഇന്ന് നടമാടുന്നത്. ഇതിനിടെ സ്ത്രീപ്രശ്നങ്ങളും മറ്റും സൗകര്യപൂർവ്വം മറക്കാൻ കഴിയുന്നുണ്ട് എന്നത് ഒരു സൗകര്യമാണുതാനും. നല്ലനല്ല ഷൂ കൊണ്ട് ചാകാനുള്ള ഭാഗ്യവും കേരളീയർക്ക് ഉണ്ടാകുന്നത് ചെറിയകാര്യമല്ല അഞ്ചുലക്ഷം രൂപാവിലയുള്ള ഷൂ പോലും! നമ്മുടെ സ്ത്രീകൾ ചവിട്ടുകൊള്ളുകയും ചാവുകയും ചെയ്യുന്നത് അപൂർവ്വമല്ല. 5 ലക്ഷം രൂപ വിലയുള്ള ചവിട്ടുകൊള്ളാനും വേണം ഭാഗ്യം. ഡൽഹിയിലോ മറ്റോ ബസിൽ സ്ത്രീകൾക്ക് സംരക്ഷണത്തിന് പോലീസിനെ നിയോഗിക്കുമെന്ന് വാർത്തകണ്ടു. പോലീസിൽ നിന്ന് രക്ഷനേടാൻ ആരെ നിയോഗിക്കും? പീഡനം നടത്തുന്ന സ്ഥലങ്ങളിൽ സംരക്ഷണം കൊടുത്താൽ മതിയോ? സംരക്ഷണമേഖലയല്ലാത്തിടത്ത് ബലാത്സംഗങ്ങളാകാമെന്നാണോ? ബലാത്സംഗം ആണത്തത്തിന്റെ അലങ്കാരമാക്കി തെളിഞ്ഞുനടക്കുന്നവരെ ഇല്ലായ്മ ചെയ്യാതെ ഇതിനൊന്നും അറുതിവരില്ല. ബസിലും ട്രെയിനിലും കാറിലും ഓട്ടോയിലും വീട്ടിലും സ്കൂളിലും ഓഫീസിലും പള്ളികളിലും അമ്പലത്തിലും നിരത്തിലും ഇടവഴിയിലുമൊക്കെ ആളെ വിന്യസിക്കുകയാണോ ഇതിന് പോംവഴി! അറിയില്ലാത്തവർ അറിയുന്നവരോട് ചോദിച്ചിട്ട് കാര്യങ്ങൾ ചെയ്യുകയാണ് അഭികാമ്യം എന്നു തോന്നുന്നു. നമ്മുടെ മതവും രാഷ്ട്രീയവും സംസ്ക്കാരവുമൊക്കെ ചേർന്ന അഹങ്കാരം വളർത്തി വരുന്ന ഒരു തലമുറയുടെ പ്രധാന ഹോബി ബലാത്സംഗങ്ങളാകുന്നതെങ്ങനെയാണ്? തലയെടുപ്പുള്ള പെണ്ണുങ്ങളുടെ നാടാണ് നമ്മുടെ കേരളം. ഇവിടെ മത-രാഷ്ട്രീയ ഗർവ്വ് കൊണ്ടു ഞെളിഞ്ഞും കുനിഞ്ഞും നടക്കുന്ന എത്രപേർ പെണ്ണുങ്ങളേയും അവരുടെ രാഷ്ട്രീയത്തേയും സംഘടനയേയും അംഗീകരിക്കുന്നുണ്ട്? അവളുമാര് ഇറങ്ങിക്കോളും എന്നുപറയാത്ത ഒരു നേതാവുപോലും കാണില്ല ഇവിടെ. നിവൃത്തികേടുകൊണ്ട് ബലാബലം നിൽക്കുന്ന പെണ്ണുങ്ങളെ അംഗീകരിക്കുന്നവർ പോലും അമ്മയേയും പെങ്ങളേയും ഭാര്യയേയും ഉപകരണങ്ങളായി കാണാൻ മാത്രം ആഗ്രഹിക്കുന്നവരാണ്. ഏതുഭാഗത്തേയും നേതാക്കന്മാർ സ്ത്രീകളെ അംഗീകരിച്ചു തുടങ്ങട്ടെ. അപ്പോൾ അണികൾ ബഹുമാനിച്ചു തുടങ്ങും. മതാദ്ധ്യക്ഷൻമാർ വ്യക്തികളായി കാണട്ടെ. അപ്പോൾ വിശ്വാസികൾ സ്നേഹിച്ചു തുടങ്ങും. കുടുംബത്തിൽ അധികാരം വെടിഞ്ഞ് ആണുങ്ങൾ സഹജീവികളായി കണ്ടുതുടങ്ങട്ടെ. അപ്പോൾ മക്കൾ മനസ്സറിഞ്ഞ് സ്നേഹിച്ചു തുടങ്ങും. ഈ സാഹചര്യം ആത്മാഭിമാനമുള്ള സ്ത്രീകളെ സൃഷ്ടിക്കും. ആത്മാഭിമാനമുള്ള സ്ത്രീകളുണ്ടെങ്കിലേ തിരിച്ചറിവുള്ള മക്കളുണ്ടാവൂ. എല്ലാവർക്കും എല്ലാവരേയും തിരിച്ചറിയാൻ പറ്റുന്ന ഒരു കാലം എത്ര ദൂരത്താണോ ആവോ.

സംഗീത പി.കെ

# മിലി

## ഒരു സ്ത്രീപക്ഷ നേർവായന

ഓരോ കാലഘട്ടത്തിലെ സമസ്യകളോടും പ്രതികരിക്കുന്ന മൂല്യബോധമുള്ള സിനിമകൾ നിർമ്മിക്കേണ്ടത് പ്രതിബദ്ധതയുള്ള കലാകാരൻ എന്ന നിലയ്ക്ക് ഓരോ ചലച്ചിത്രകാരന്റെയും കർത്തവ്യമാണ്. സിനിമയുടെ രാഷ്ട്രീയം സമൂഹത്തോടു കൂറുപുലർത്തുന്നതാവണം. സ്ത്രീ പുരുഷ സമത്വം, തൊഴിലാളി വർഗ്ഗ രാഷ്ട്രീയം , മതേതരത്വം, സോഷ്യലിസം, ജനാധിപത്യം എന്നിവ സമൂഹത്തിൽ നിന്നെന്നതുപോലെ സിനിമയിൽ നിന്നും ഇന്ന് മാറ്റി നിർത്തപ്പെട്ടിട്ടുണ്ട്. വ്യക്തിയുടെ സർഗ്ഗാത്മകതയേയും സാമൂഹ്യബോധത്തെയും ഇല്ലായ്മ ചെയ്യുന്ന കുടുംബ സംവിധാനമാണ് ഇന്ന് കേരളത്തിൽ നിലനിൽക്കുന്നത്. കമ്മ്യൂണിസ്റ്റ് -ഗാന്ധിയൻ ത്യാഗമനോഭാവങ്ങളോട് വിടപറയാനും, സവർണ്ണനീതിയോട് കൂറുപുലർത്താനുമുള്ള മലയാളിയുടെ അബോധമായ




ആഗ്രഹം സമകാലീന സിനിമയിൽ കാണാൻ കഴിയും.

മനുഷ്യസമൂഹങ്ങളും സംസ്കാരങ്ങളും ആഗോളവൽക്കരിക്കപ്പെടുന്ന പ്രക്രിയയുടെ പ്രാഥമിക സൂചനകളിലൊന്നാണ് സിനിമ. യാഥാർഥ്യലോകത്തെ കണ്ണിനിമ്പമുള്ള കെട്ടുകാഴ്ചകൾ മാത്രമാക്കിത്തീർക്കുകയാണ് സിനിമ ചെയ്യുന്നത്. ചലച്ചിത്രസാക്ഷരത കൈവരിച്ച് രൂപപ്പെടുത്തിയ ആർട്ട് സിനിമാപ്രസ്ഥാനം വലിയൊരു മാറ്റം തന്നെയാണ് എഴുപതുകളിൽ മലയാള സിനിമയ്ക്ക് ഉണ്ടാക്കിയത്. എൺപതുകളോടു കൂടി നവോത്ഥാന പാരമ്പര്യത്തെ ഉപേക്ഷിച്ചുകൊണ്ട് മദ്ധ്യ

വർഗ്ഗകേരളീയ സമൂഹം ചലച്ചിത്രത്തിന്റെ ഇതിവൃത്തം, ഘടന, വേഷവിധാനം , സംഭാഷണം എന്നിവയെ ഭരിച്ചു തുടങ്ങി. ഇതോടുകൂടി അമ്മ, ഭാര്യ, കാമുകി, എന്നീ സ്ഥാനങ്ങളിൽ നിന്ന് സ്ത്രീ ഉപഭോഗവസ്തുവായി തരംതാഴ്ത്തപ്പെട്ടു. ഇന്നത്തെ സിനിമ പ്രേമം, ലൈംഗികത, കാല്പനികത, നായക പരിവേഷം ഹിംസാത്മകത എന്ന പൊതുരീതിയിൽ നിന്നുമാറി നൂതന സ്വഭാവം കൈവരിച്ചിട്ടുണ്ടെങ്കിലും കുടുംബം, സ്ത്രീയുടെ സ്ഥാനം എന്നീ ഘടകങ്ങളിൽ ഇന്നും സിനിമയ്ക്ക് യാഥാസ്ഥിതിക കാഴ്ചപ്പാടു തന്നെയാണുള്ളത്.

മുഖ്യധാരാ സ്ത്രീപക്ഷ സിനിമകൾ എന്ന് പ്രത്യക്ഷത്തിൽ തോന്നിക്കുന്ന പഴയതും പുതിയതുമായ സിനിമകൾ എത്രത്തോളം സ്ത്രീജീവിതത്തെ ശരിയായ ദിശയിൽ രേഖപ്പെടുത്തിയിട്ടുണ്ട് എന്നത് ചിന്തിക്കേണ്ട വിഷയമാണ്.

ചാനലുകളിലൂടെ പ്രത്യക്ഷപ്പെടുന്ന സ്ത്രീകളെ പൊതുമണ്ഡലത്തിൽ എങ്ങനെ വിലയിരുത്തുന്നു എന്നത് വിശകലനവിധേയമാക്കേണ്ടതാണ്. സ്ത്രീയെ പൊതുവസ്തുവെന്ന രൂപത്തിൽ കച്ചവടവൽക്കരിക്കുന്നത് അവളുടെ സ്വത്വത്തെയും നശിപ്പിക്കുന്നു. മാധ്യമങ്ങൾ എല്ലാംതന്നെ സ്ത്രീയെ യാഥാസ്ഥിതികമായും കാഴ്ചവസ്തുവായും മാത്രം അവതരിപ്പിക്കുകയാണു ചെയ്യുന്നത്.

മഹേഷ് നാരായണൻ തിരക്കഥ രചിച്ച് രാജേഷ്പിള്ളയുടെ സംവിധാനത്തിൽ അടുത്തകാലത്ത് പ്രദർശനത്തിനെത്തിയ ചിത്രമാണ് മിലി. ജീവിതവും സിനിമയും വേർതിരിച്ചു കാണാൻ കഴിയാത്തവിധം ചില കഥാപാത്രങ്ങൾ ചില ആളുകളുടെ സ്വഭാവത്തെ പൂർണ്ണമായും ഉൾക്കൊള്ളുന്നുണ്ട്. മിലി എന്ന കഥാപാത്രത്തെ പൂർണ്ണമായും

ബാല്യകാലം മുതൽ അന്തർമുഖിയായ പെൺകുട്ടിയാണ് മിലിയെന്നു കാണിക്കാൻ മിലിയുടെ ശില്പികൾ ആവതു ശ്രമിച്ചിട്ടുണ്ടെങ്കിലും പ്രമേഹരോഗിണിയായ മേഴ്സിയമ്മയുടെ അടുത്തേക്കു മധുരങ്ങളും പൈങ്കിളി വാരികകളുമായെത്തുകയും , സഹവർത്തികളായ പെൺകുട്ടികളെ തീക്ഷ്ണമായ മാർഗ്ഗങ്ങളുപയോഗിച്ച് നേരിടുകയും ചെയ്യുന്ന മിലി ചടുലസ്വഭാവമുള്ള ഒരു കഥാപാത്രമായി മാത്രമെ പ്രേക്ഷകനു അനുഭവവേദ്യമാകുന്നുള്ളൂ.

ഉൾക്കൊണ്ട് അവതരിപ്പിക്കാൻ അമലാപോൾ ശ്രദ്ധിച്ചിട്ടുണ്ട്.

പ്രൊഫസറായ പ്രഭാകരൻ നായരുടെ (സായികുമാർ) മകളാണ് സ്വതേ അന്തർമുഖിയായ മിലി (അമലാപോൾ). അമ്മയുടെ മരണത്തോടെ ഏകാന്തമായിത്തീരുന്നു മിലിയുടെ ജീവിതം. മാതാപിതാക്കന്മാരുടെ സ്നേഹലാളനകൾ ലഭിക്കാതെ മിലി വളരുന്നു. മറ്റു പെൺകുട്ടികളെപ്പോലെ മിടുക്കിയാവാൻ ആഗ്രഹമുണ്ടെങ്കിലും മിലിക്കതിനു സാധിക്കുന്നില്ല. അവളുടെ അന്തർമുഖത്വം എല്ലാ രംഗത്തും അവൾക്ക് പരാജയം മാത്രമാണു സമ്മാനിക്കുന്നത്. നഴ്സറി സ്കൂൾ അദ്ധ്യാപികയായി ജോലി നോക്കുന്ന മിലിയ്ക്ക് തന്റെ അന്തർമുഖത്വംകൊണ്ട് ജോലി നഷ്ടപ്പെടുന്നു. പ്രഭാകരൻ നായർ മിലിയെ തന്റെ പഴയകാല വിദ്യാർഥിനിയായ നാൻസിയെ (പ്രവീണ) ഏല്പിക്കുന്നു. നാൻസിയുടെ സഹോദരനും സോഫ്ട് സ്കിൽ ട്രെയിനറുമായ നവീൻ (നിവിൻപോളി) മിലിയിലെ ആത്മവിശ്വാസത്തെ ഉണർത്തുകയും മിലി ആരംഭിക്കുന്ന ഡേ കെയർ യൂണിറ്റ് വലിയൊരു വിജയമാക്കി തീർക്കാൻ മാനസിക പിന്തുണ നൽകുകയും സഹായിക്കുകയും ചെയ്യുന്നു.

ബാല്യകാലം മുതൽ അന്തർമുഖിയായ പെൺകുട്ടിയാണ് മിലിയെന്നു കാണിക്കാൻ മിലിയുടെ ശില്പികൾ ആവതു ശ്രമിച്ചിട്ടുണ്ടെങ്കിലും പ്രമേഹരോഗിണിയായ മേഴ്സിയമ്മയുടെ അടുത്തേക്കു മധുരങ്ങളും പൈങ്കിളി വാരികകളുമായെത്തുകയും, സഹവർത്തികളായ പെൺകുട്ടികളെ തീക്ഷ്ണമായ മാർഗ്ഗങ്ങളുപയോഗിച്ച് നേരിടുകയും ചെയ്യുന്ന മിലി ചടുലസ്വഭാവമുള്ള ഒരു കഥാപാത്രമായി മാത്രമെ പ്രേക്ഷകനു അനുഭവവേദ്യമാകുന്നുള്ളൂ. ഹോസ്റ്റലിലെ മറ്റു പെൺകുട്ടികളുടെ മൊബൈലിലെത്തുന്ന പ്രണയ സന്ദേശങ്ങൾ ഒളിഞ്ഞുവായിക്കുന്നതും ഹോസ്റ്റലിലെ ബാത്ത് റൂം കൈയ്യടക്കി വെക്കുന്നതും ഉറങ്ങുന്ന റൂംമേറ്റിന്റെ മുഖത്തേക്ക് ടേബിൾ ലാമ്പ് തിരിച്ചുവയ്ക്കുന്നതും, സൈക്കിൾ തട്ടിമറിച്ചു വീഴ്ത്തുന്നതുമെല്ലാം തീർത്തും ബഹിർമുഖിയായ ഒരു വ്യക്തിയുടെ സ്വഭാവവൈചിത്ര്യങ്ങളെന്ന് പറയാതെ തരമില്ല.

സമൂഹത്തിലെ വെണ്ണപാളികളിലുള്ളവരുടെ ജീവിതമാണ് മിലിയുടെ കഥയുടെ പശ്ചാത്തലം. ആധുനിക ജീവിതത്തിന്റെ മുഖമായ ഫ്ളാറ്റ് സംസ്കാരം മുഴച്ചു നിൽക്കുന്നുണ്ട് ചിത്രത്തിൽ. സാമ്പത്തിക ഭദ്രതയുള്ള കുടുംബത്തിലെ കുട്ടികളെ ഉദ്ദേശിച്ചാണ് ഡേ കെയർ ആരംഭിക്കാൻ മിലി ഒരുമ്പെടുന്നതെങ്കിലും ഡേകെയറിലേക്ക് കുട്ടികളെ അയക്കാൻ വിസമ്മിക്കുന്നു ഫ്ളാറ്റ് നിവാസികൾ. ഫ്ളാറ്റിലെ അടിച്ചുതളിക്കാരിയുടെ നാലുവയസ്സുള്ള

മകനാണ് നിരാശയായ മിലിക്ക് ആശ്വാസമാകുന്നത്. ഡെ കെയറിലെ ആദ്യത്തെ കുട്ടിയും അവനാണ്. അടിച്ചുതളിക്കാരി ഊട്ടുന്ന ഭക്ഷണം വൃത്തിഹീനമാണെന്ന വർണ്ണവിവേചന ചിന്തയെ നിശിതമായി അപലപിക്കുന്നുണ്ട് മിലി.

ചിത്രത്തിൽ പാവയുടെ മുഖമുള്ള ചവറ്റുകുട്ട വളരെ പ്രതീകാത്മകമായി അവതരിപ്പിക്കപ്പെടുന്നുണ്ട്. മിലിക്ക് ഡേ കെയർ തുടങ്ങുന്നതിനുള്ള പ്രൊജക്ട് തയ്യാറാക്കുന്നതിനുള്ള ഉത്തേജനമായി ഈ ചവറ്റുകുട്ട മാറുന്നു. ഇളംകാറ്റിൽ തലയാട്ടുന്ന പാവയുടെ ചേഷ്ടകൾ തന്റെ പ്രവൃത്തികൾക്കുള്ള അംഗീകാരമായി കാണുന്നിടത്ത് മിലി എന്ന സ്ത്രീകഥാപാത്രത്തിന്റെ മാനസിക വ്യാപാരം ഒരു കൊച്ചുകുഞ്ഞിന്റേതാണെന്ന് താറടിക്കാൻ ശ്രമിക്കുന്നുണ്ട്. യാഥാർത്ഥ്യങ്ങളെ അംഗീകരിക്കുന്നതിനു പകരം ഒരു സ്വപ്നലോകത്തു തുടരാൻ ശ്രമിക്കുന്നതിന്റെ സൂചകങ്ങളാണ് ചവറ്റുകുട്ടയും കൊണ്ടുള്ള സവാരിയും കൂട്ടുകാരികളോട് പ്രസ്തുത പാവയ്ക്കു വേണ്ടിയുള്ള തർക്കവും മറ്റും.


ചിത്രത്തിന്റെ അന്ത്യത്തിൽ ചങ്കൂറ്റമുള്ള ഒരു സ്ത്രീകഥാപാത്രമായി മിലി പരിണമിക്കുന്നുണ്ടെങ്കിലും ഇതിനെല്ലാം കാരണഭൂതനായി നവീൻ എന്ന പുരുഷകഥാപാത്രത്തെ പ്രതിഷ്ഠിക്കുന്നത് സ്ത്രീ, പുരുഷനെ ആശ്രയിച്ചു ജീവിക്കേണ്ടവളാണ് എന്ന കാലഹരണപ്പെട്ട ആശയത്തിന്റെ അയവിറക്കലാണ്. മിലിയിലെ സർഗ്ഗാത്മകതയും, കാര്യപ്രാപ്തിയും ആത്മവിശ്വാസവും വെളിപ്പെടുന്നത് നവീനിന്റെ ഇടപെടലോടു കൂടി മാത്രമാണ്. എത്രമാത്രം സ്വാതന്ത്ര്യം അനുവദിച്ചു നൽകിയാലും അവൾ പാരതന്ത്ര്യം അനുഭവിക്കുന്നു. ശൂദ്രനെപോലെ ദാസ്യം അവൾക്കു ജന്മസിദ്ധമാണ്. പുരുഷൻ കേന്ദ്രവും സ്ത്രീ അനുബന്ധവുമായ വ്യവസ്ഥാപിത സാമൂഹ്യ

> വളരെ ലളിതമായി കഥ പറയുന്ന പ്രസാദാത്കമായ സിനിമയാണ് മിലിയെങ്കിലും സ്ത്രീയുടെ രക്ഷക സ്ഥാനത്ത് പുരുഷനെ പ്രതിഷ്ഠിച്ച് സ്ത്രീസ്വത്വപ്രഖ്യാപനത്തിനായി ശ്രമിക്കുന്ന ആണധികാര ചിത്രം തന്നെയാണ് മിലി.

വ്യവസ്ഥിതിയെ അരക്കിട്ടുറപ്പിക്കുന്നുണ്ട് ചിത്രത്തിലെ ചില സംഭാഷണങ്ങൾ. വിദ്യാസമ്പന്നനായിരുന്നിട്ടുകൂടി, തന്റെ മകളുടെ അന്തർമുഖത്വത്തിന് സ്നേഹത്തോടെ പ്രതിവിധി കണ്ടെത്തുന്നതിനു പകരം മിലിയെ അകറ്റി നിർത്തുന്ന പ്രഭാകരൻ നായരെന്ന കഥാപാത്രം ഉത്തരവാദിത്വങ്ങൾക്കു നേരെ മുഖം തിരിക്കുന്ന പുരുഷനെയാണ് പ്രതിനിധാനം ചെയ്യുന്നത്.

കേരളീയ സാഹചര്യങ്ങളിൽ കൂണുകൾപോലെ മുളച്ചു പൊങ്ങുന്ന സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകരുടെ അരക്ഷിതാവസ്ഥ അനാവരണം ചെയ്യുന്നുണ്ട് സിനിമയിലെ ചില രംഗങ്ങൾ. താൻ ജോലി ചെയ്യുന്ന കിന്റർ ഗാർട്ടൻ സ്ക്കൂളിൽ രണ്ടു കുട്ടികൾ തമ്മിൽ വളരെ സ്വാഭാവികമായുണ്ടാകുന്ന ഒരു കുസൃതിയുടെ പേരിലാണ് മിലിക്ക് ജോലി നഷ്ടമാകുന്നത്. മിലിയുടെ അന്തർമുഖത്വത്തിന്റെ ഭാഗമായുണ്ടായ വീഴ്ചയാണ് ഇതിന് കാരണമെന്ന് പ്രേക്ഷകരുടെ മനസ്സിൽ വരുത്തിതീർക്കാനുള്ള ശ്രമം അമ്പേ പരാജയപ്പെടുന്നു. ഇങ്ങനെ തന്റേതല്ലാത്ത കാരണം കൊണ്ട് ജോലി നഷ്ടമാകുന്ന മിലിയെ പഴിചാരാൻ അവളുടെ അച്ഛന്റെ സംഭാഷണങ്ങളിലൂടെ സംവിധായകനും തിരക്കഥാകൃത്തും മനഃപൂർവ്വം ശ്രമിക്കുന്നുണ്ട്. അരക്ഷിതമായ അവസ്ഥയിൽ നിയന്ത്രിക്കാനാവാതെ അവൾ അലമുറയിട്ടു കരയുക തന്നെയാണു ചെയ്യുന്നത്. ഇത് സമൂഹം സ്ത്രീക്കു മുകളിൽ അടിച്ചേൽപ്പിക്കുന്ന പരിവേഷമാണ്. അതുവരെ സന്തത സഹചാരിയായിരുന്ന നാൻസിയെ മാറ്റി നിർത്തി സ്ത്രീയുടെ ഉന്നമനത്തിന് പുരുഷൻ കൂടിയേ കഴിയൂ എന്ന വികലമായ ചിന്താധാര വെച്ചു പുലർത്താൻ നവീൻ എന്ന കഥാപാത്രത്തെ മുറുകെ പിടിക്കുകയാണ് ഇവിടെ ചെയ്യുന്നത്. മിലിക്ക് ആത്മവിശ്വാസം പകരാൻ പ്രാപ്തയായിരുന്ന നാൻസി എന്ന സ്ത്രീ കഥാപാത്രത്തിന്റെ ശോഭയ്ക്ക് നവീനിന്റെ വരവോടെ മങ്ങലേൽക്കുന്നു.

ആൺകോയ്മയുടെ രീതിശാസ്ത്രം ഉൾക്കൊണ്ടുകൊണ്ടാണ് ഈ സിനിമ നിർമ്മിക്കപ്പെട്ടിരിക്കുന്നത്. വളരെ ലളിതമായി കഥ പറയുന്ന പ്രസാദാത്കമായ സിനിമയാണ് മിലിയെങ്കിലും സ്ത്രീയുടെ രക്ഷക സ്ഥാനത്ത് പുരുഷനെ പ്രതിഷ്ഠിച്ച് സ്ത്രീസ്വത്വപ്രഖ്യാപനത്തിനായി ശ്രമിക്കുന്ന ആണധികാര ചിത്രം തന്നെയാണ് മിലി . ബഹുമുഖ സ്ത്രീകഥാപാത്രങ്ങളെ ആവശ്യത്തിനും അനാവശ്യത്തിനും മിലിയുടെ സൃഷ്ടാക്കൾ ഉപയോഗിച്ചിരിക്കുന്നെങ്കിലും കേന്ദ്ര പുരുഷകഥാപാത്രമായ നവീനാണ് മിലിയുടെ വിജയ ഹേതുവെന്ന് മനഃപൂർവ്വം സ്ഥാപിക്കാൻ ശ്രമിക്കുന്നുണ്ട് ഈ സിനിമയിൽ. കുട്ടികളെ വളർത്താനും സംരക്ഷിക്കാനും വിധിക്കപ്പെട്ട ഒരുവളാണ് കഥാകാരന്റെ മനസ്സിലെ സ്ത്രീബിംബം. നഴ്സറി സ്ക്കൂളിലെ ടീച്ചറായാണ് അന്തർമുഖിയായ മിലിയെ ആദ്യം നാം കാണുന്നതെങ്കിൽ സിനിമ അവസാനിക്കുന്നിടത്തും അവൾ ഡേ കെയർ നടത്തുന്ന ആയ മാത്രമാണ്. വ്യവസ്ഥാപിതമായ ഈ മണ്ഡലത്തിൽ നിന്ന് മിലിയും മോചിതയല്ല. ○



നിരീക്ഷണം

# സാധാരണക്കാരന്റെ വിജയം



ജയലക്ഷ്മി

സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ ഇന്ത്യൻ ജനത, ഏറെ തെരഞ്ഞെടുപ്പുകൾ കണ്ടിരിക്കുന്നു. രാജ്യതലസ്ഥാനമായ ദില്ലിയിലെ തെരഞ്ഞെടുപ്പുഫലം രാജ്യമാകമാനം ഉറ്റുനോക്കുവാൻ കാരണം പരമ്പരാഗത പാർട്ടികളും പുതിയ പാർട്ടിയായ ആം ആദ്മി പാർട്ടിയും തമ്മിലുള്ള മൂന്നാമത്തെ പോരാട്ടം എന്ന നിലയിലായിരുന്നു. എട്ട് മാസങ്ങൾക്കു മുമ്പു നടന്ന പാർലമെന്റ് തെരഞ്ഞെടുപ്പിൽ മോദിതരംഗത്തിൽപ്പെട്ട് പരാജയം ഏറ്റുവാങ്ങുമ്പോൾ അടുത്ത തെരഞ്ഞെടുപ്പ് വരെ ആയുസ്സ് നീളാൻ സാധ്യതയില്ലാത്ത പാർട്ടിയാണ് എ.എ.പി. എന്ന പരമ്പരാഗത പാർട്ടികളുടെ വാദത്തിനു ശക്തിയേറുകയായിരുന്നു. ഏഴു പാർലമെന്റ് മണ്ഡലങ്ങളിലെ കനത്ത തിരിച്ചടിയുടെ ചാരം കുടഞ്ഞെറിഞ്ഞ് ഒരു ഫീനിക്സ് പക്ഷിയെപ്പോലെ ഉയർത്തെഴുന്നേൽക്കാൻ എ.എ.പി.ക്കു കഴിഞ്ഞുവെന്നതാണ് യാഥാർത്ഥ്യം. നിയമസഭാതെരഞ്ഞെടുപ്പിൽ എ.എ.പി.യുടെ ആദ്യവിജയത്തെ പരമ്പരാഗതപാർട്ടികൾ കണ്ടത് ഒരു ചക്ക വീണ് മുയൽ ചത്തു എന്ന നിലയിലായിരുന്നു. ഒന്നിൽ പിഴച്ചാൽ മൂന്ന് എന്ന നിലയിൽ മൂന്നാം തവണ ജനങ്ങൾ നൽകിയ അഭൂതപൂർവ്വമായ ജന

വിധിയാണ് നിയമസഭാതെര ഞ്ഞെടുപ്പുകളുടെ ചരിത്രത്തിലെ തന്നെ അവിസ്മരണീയ വിജയം നൽകിക്കൊണ്ട് ആം ആദ്മി പാർട്ടിയെ ജനിച്ചു വീണ് രണ്ട് വർഷത്തിനുള്ളിൽ തന്നെ ഭരണ ത്തിൽ എത്തിച്ചത്. ഒരു 'ന്യൂജെൻ' പാർട്ടിയെന്ന് അപഹ സിക്കപ്പെടുന്ന ആം ആദ്മി പാർട്ടിയോടും അവരുടെ ചിഹ്ന മായ ചൂലിനുമൊപ്പം നിൽക്കാൻ ജനങ്ങൾ കാണിച്ച നിശ്ചയ ദാർഢ്യം, മുത്തശ്ശിപാർട്ടിയായ കോൺഗ്രസ്സിനേയും മോദിയുടെ ഉരുക്കുമുഷ്ടിക്കു കീഴിലെ ബി. ജെ.പി.യെയും തള്ളിക്കളഞ്ഞു കൊണ്ടായിരുന്നു. 48 ദിവസത്തെ ഭരണം നിരുത്തരവാദപരമായി ഇട്ടെറിഞ്ഞുപോയ അരാജകവാദി യെന്നും ഭരണപരിചയം കമ്മിയാ ണെന്നുമുള്ള കെജ്‌രിവാളിനെക്കു റിച്ചുള്ള വ്യക്തിപരമായ ആക്ഷേ പങ്ങളും വോട്ടെടുപ്പിന് തൊട്ടു മുമ്പ് പാർട്ടി ഫണ്ടിലേക്ക് ഫെയ്ക്ക് കമ്പനികളിൽ നിന്ന് പണം വാങ്ങിയെന്ന ആരോപണ ങ്ങളും കേട്ടിട്ടുപോലും ഇത്ര വലിയ വിജയം കരസ്ഥമാക്കിയ എ.എ.പി.ക്ക് ഈ വിജയത്തിൽ അഭിമാനിക്കാനേറെയുണ്ട്.

ദില്ലിയിലെ ഏഴു പാർലമെന്റ് മണ്ഡലങ്ങളിൽ കേവലം ഏതാനും മാസങ്ങൾക്കു മുമ്പ് നേടിയ തകർപ്പൻ വിജയം ആവർത്തിക്കുവാൻ കഴിയുമോ എന്ന് ഭയപ്പെട്ട ബി.ജെ.പി.ക്ക്, മോദി ഭരണത്തിന്റെ വിലയിരുത്ത ലാവില്ല ദില്ലി നിയമസഭാഫല മെന്ന് മുൻകൂർ ജാമ്യം എടുക്കേ ണ്ടതായും വന്നു. പാർട്ടി അദ്ധ്യ ക്ഷനായ അമിത് ഷായും എട്ടോളം കാബിനറ്റ് മന്ത്രിമാരും വിവിധ മണ്ഡലങ്ങളിൽ തമ്പടിച്ച് കാമ്പെയിൻ ചെയ്തിട്ടും ജനം തങ്ങളെ കൈവിടുമെന്ന് അവർ ഒരിക്കലും പ്രതീക്ഷിച്ചിരുന്നില്ല.

പതിനഞ്ചു വർഷം തുടർച്ച യായി ദില്ലി ഭരിച്ച് മുടിച്ച് കോമൺവെൽത്ത് ഗെയിംസ് നട ത്തിപ്പിൽ എഴുപതിനായിരം കോടി രൂപയുടെ അഴിമതി നട



എന്തായിരിക്കും ജനം ഇത്രയും വലിയ വിജയം എ. എ.പി.ക്കു നൽകാൻ കാരണം? വളരെ ലളിതമായി പറഞ്ഞാൽ ജനപക്ഷത്തുനിന്ന് പ്രവർത്തിക്കുന്ന പാർട്ടി എന്ന വിശ്വാസം സാധാരണക്കാരിൽ ജനിപ്പി ക്കാനും അവരുടെ വിശ്വാസം നേടിയെടുക്കാൻ കഴിഞ്ഞതുമാണ് ഈ ചരിത്രവിജയത്തിനു പിന്നിൽ എന്നു മനസ്സിലാക്കാൻ പ്രയാസമേതുമില്ല.

ത്തിയ കോൺഗ്രസ്സ് പാർട്ടി, ഫലം പുറത്തു വരുന്നതിനു മുമ്പു തന്നെ നിലംപരിശായതും ഒടുവിൽ വട്ടപ്പൂജ്യമായതും മത്സ രിച്ചവർക്കെല്ലാം കെട്ടിവെച്ച കാശ് പോയതും ഇന്ത്യൻ പാർല മെന്ററി ചരിത്രത്തിലെ ഒരു നാഴി കക്കല്ലായിരിക്കും. പരാജയങ്ങ ളിൽ നിന്ന് പാഠമുൾക്കൊള്ളാതെ കാലാകാലങ്ങളായി ഒരേ പല്ലവി തന്നെ ആവർത്തിച്ചുകൊണ്ടിരി ക്കുന്ന പരമ്പരാഗത രാഷ്ട്രീയ പാർട്ടികൾക്ക് കനത്ത പ്രഹര മാണ് രൂപീകരിക്കപ്പെട്ട് അധികം താമസിക്കുന്നതിന് മുമ്പുതന്നെ മൂന്നു തെരഞ്ഞെടുപ്പുകളെ അഭി മുഖീകരിക്കേണ്ടി വന്ന മൂന്നു വയസ്സുപോലും തികയാത്ത എ. എ.പി.നൽകിയത്.

എന്തായിരിക്കും ജനം ഇത്രയും വലിയ വിജയം എ.എ. പി.ക്കു നൽകാൻ കാരണം? വളരെ ലളിതമായി പറഞ്ഞാൽ ജനപക്ഷത്തുനിന്ന് പ്രവർത്തി ക്കുന്ന പാർട്ടി എന്ന വിശ്വാസം സാധാരണക്കാരിൽ ജനിപ്പി ക്കാനും അവരുടെ വിശ്വാസം നേടിയെടുക്കാൻ കഴിഞ്ഞതു മാണ് ഈ ചരിത്രവിജയത്തിനു പിന്നിൽ എന്നു മനസ്സിലാക്കാൻ പ്രയാസമേതുമില്ല. വ്യവസ്ഥാപിത പാർട്ടികൾ പ്രത്യേകിച്ച് കാഡർപാർട്ടി എന്നഭിമാനിക്കുന്ന ബി.ജെ.പി.ക്കുപോലും സ്വപ്നം കാണാൻ കഴിയാത്ത രീതിയി ലുള്ള ചിട്ടയായ പ്രവർത്തനമാണ് തെരഞ്ഞെടുപ്പ് രംഗത്ത് പരിചയം നന്നേകുറവായ ഈ ചെറുപാർട്ടി കാഴ്ച വെച്ചത്. സമൂഹത്തിലെ താഴേക്കിടയിലുള്ളവരുടെ, മധ്യ വർഗ്ഗത്തിന്റെ ഒക്കെ പ്രശ്നങ്ങളെ അഭിസംബോധന ചെയ്തു കൊണ്ടുള്ള പ്രകടനപത്രിക, കുടിവെള്ളം, വൈദ്യുതി, മലിനീ കരണം തുടങ്ങിയ അടിസ്ഥാന പ്രശ്നങ്ങൾക്ക് ഊന്നൽ കൊടു ത്തുകൊണ്ടുള്ള മാനിഫെസ്റ്റോ എന്നിവയാണ് എ.എ.പി. ഉയർത്തിക്കാട്ടിയത്. ഇതിനു പുറമെ സമൂഹത്തിലെ ഇതരവി ഭാഗങ്ങളെ ബാധിക്കുന്ന പ്രശ്ന ങ്ങളും എ.എ.പി.അഭിസംബോ ധന ചെയ്തിരുന്നു. ഓരോ അഞ്ചുവർഷവും തെരഞ്ഞെടു

പ്പിനെ അഭിമുഖീകരിച്ചു ലഭിക്കുന്ന മാൻഡേറ്റിന്റെ പേരുപറഞ്ഞ് പൊതുമുതൽ കൊള്ളയടിക്കപ്പെടുന്നതു കണ്ട് മടുത്ത ജനം ഒരു മാറ്റത്തിനായി ദാഹിച്ചിരുന്നുവെന്നത് ദില്ലിയുടെ തെരഞ്ഞെടുപ്പ് ഫലം ചൂണ്ടിക്കാട്ടുന്നു.

'ദില്ലിയിൽ ഭൂകമ്പം' എന്ന് വിദേശമാധ്യമങ്ങൾ വിശേഷിപ്പിച്ച ആം ആദ്മി പാർട്ടിയുടെ വിജയം മോദിയുടെ അശ്വമേധത്തിന് കടിഞ്ഞാണിടുന്ന തരത്തിലുള്ളതാണ്. വിദേശബാങ്കുകളിലെ ഇന്ത്യക്കാരുടെ നിക്ഷേപം പിടിച്ചെടുത്ത് ഓരോ പൗരന്റേയും ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുമെന്ന് വീമ്പു പറഞ്ഞവർ സ്വന്തം പേര് ആലേഖനം ചെയ്ത ലക്ഷങ്ങൾ വിലമതിക്കുന്ന കോട്ടണിഞ്ഞ് അമേരിക്കൻ പ്രസിഡണ്ടിനെ സ്വീകരിച്ചാനയിച്ച്, അവരുടെ സമ്മർദ്ദങ്ങൾക്കു വഴങ്ങി ഭാരതീയരുടെ താല്പര്യത്തിന് വിരുദ്ധമായേക്കാവുന്ന കരാറുകളിലേർപ്പെടുമ്പോൾ അന്ധമായ അമേരിക്കൻ പ്രേമം വെച്ചുപുലർത്തിയിരുന്ന മൻമോഹൻസിങ്ങിന്റെ പിന്നാലെ തന്നെയാണ് മോദിയുടെ പ്രയാണം എന്നത് തെളിയിക്കുകയായിരുന്നു. ഭരണഘടനയെ മുൻനിർത്തി ഭയത്തിനോ പ്രേരണയ്ക്കോ അടിമപ്പെടാതെ കടമനിർവ്വഹിക്കുമെന്ന പ്രതിജ്ഞയെടുത്ത ക്യാബിനറ്റ് മന്ത്രി തന്നെ പല ഫയലുകളിലും തീരുമാനമെടുക്കുന്നതിൽ അവരുടെ പാർട്ടിയിലെ ഉന്നതരുടെ പ്രത്യേകിച്ച് രാഹുൽ ഗാന്ധിയുടെ ഇടപെടൽ ഉണ്ടായിട്ടുണ്ടെന്ന് സമ്മതിക്കുമ്പോൾ ആരോപണം നടത്തിയവരെ പ്രതിക്കൂട്ടിലാക്കുന്ന സമീപനമാണ് കോൺഗ്രസ് നേതൃത്വം സ്വീകരിച്ചത്.

അഴിമതിയുടെ കറപുരളാത്ത സംശുദ്ധഭരണത്തെക്കുറിച്ച് വാഗ്ധോരണി മുഴക്കുന്നവർക്ക് അതിൽ ആത്മാർത്ഥതയില്ലെന്നത് മനസ്സിലാക്കിയതുകൊണ്ടാണ് ജനം ഇത്തരക്കാരെ ചൂലെടുത്ത് തൂത്തെറിഞ്ഞത്.



അണ്ണാഹസാരെയുടെ നേതൃത്വത്തിൽ കേജ്രിവാളും, കിരൺബേദിയുമുൾപ്പെടെയുള്ളവരും നടത്തിയ സമാധാനപരമായ പ്രക്ഷോഭത്തിന്റെ ചുവട് പിടിച്ച് സാധാരണക്കാർക്കുവേണ്ടി സാധാരണക്കാരുടെ ജനകീയ മുന്നേറ്റം സംഘടിപ്പിക്കുക എന്ന കാലത്തിന്റെ ചുവരെഴുത്ത് വായിക്കാൻ കഴിഞ്ഞതാണ് അരവിന്ദ് കെജ്രിവാളിന്റേയും കൂട്ടരുടേയും വിജയം. മറ്റൊരു തരത്തിൽ പറഞ്ഞാൽ ഈ വിജയം ദൽഹിയിലെ സിവിൽ സമൂഹത്തിന്റേതു കൂടിയായിരുന്നു.

തെരഞ്ഞെടുപ്പ് പ്രചരണത്തിന്റെ കാര്യത്തിലും വ്യത്യസ്ത സമീപനം സ്വീകരിച്ചുകൊണ്ട് വ്യക്തിഹത്യ ഒഴിവാക്കി ജനകീയ പ്രശ്നങ്ങളിലൂന്നി നിന്നകൊണ്ടുള്ള തെരഞ്ഞെടുപ്പ് പ്രചരണമാണ് ആപ് കാഴ്ചവെച്ചത്. ടിറ്റർ, വാട്ട്സ് ആപ് പോലെയുള്ള നവമാധ്യമങ്ങളെ പ്രചരണത്തിനുപയോഗിച്ചത് മൂലം ഇവ കൂടുതലായി ഉപയോഗിക്കുന്ന പുതുതലമുറയുമായി ബന്ധം സ്ഥാപിക്കുവാൻ കഴിഞ്ഞുവെന്നതും എടുത്തുപറയേണ്ടതാണ്.

അണ്ണാഹസാരെയുടെ നേതൃത്വത്തിൽ കേജ്രിവാളും കിരൺബേദിയുമുൾപ്പെടെയുള്ളവരും നടത്തിയ സമാധാനപരമായ പ്രക്ഷോഭത്തിന്റെ ചുവട് പിടിച്ച് സാധാരണക്കാർക്കുവേണ്ടി സാധാരണക്കാരുടെ ജനകീയ മുന്നേറ്റം സംഘടിപ്പിക്കുക എന്ന കാലത്തിന്റെ ചുവരെഴുത്ത് വായിക്കാൻ കഴിഞ്ഞതാണ് അരവിന്ദ് കെജ്രിവാളിന്റേയും കൂട്ടരുടേയും വിജയം. മറ്റൊരു തരത്തിൽ പറഞ്ഞാൽ ഈ വിജയം ദൽഹിയിലെ സിവിൽ സമൂഹത്തിന്റേതു കൂടിയായിരുന്നു. അഴിമതി വിരുദ്ധ സമരത്തിൽ ഒപ്പം അണിചേർന്ന കിരൺബേദി തെരഞ്ഞെടുപ്പടുത്തപ്പോൾ ബി.ജെ.പി.ക്യാമ്പിൽ കുടിയേറി അവരുടെ അവസരവാദ രാഷ്ട്രീയം വെളിവാക്കിയതും ആം ആദ്മി പാർട്ടിയെ പിന്തുണച്ചു. 48 ദിവസത്തെ ഭരണനേട്ടങ്ങളേയും ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ പാലിക്കാൻ നടത്തിയ ശ്രമങ്ങളേയും ജനം തിരിച്ചറിഞ്ഞു

വെന്നതാണ് വാസ്തവം.

ജനഹിതം മാനിച്ചുകൊണ്ട് ഗത്യന്തരമില്ലാതെ കോൺഗ്രസുമായി ചേർന്ന് ഭരണം നടത്തിയതിന്റെ ദുഷ്പേരിൽ നിന്നും, ലോകസഭാ തെരഞ്ഞെടുപ്പിൽ നേരിട്ട തിരിച്ചടിയിൽ നിന്നും റോഡ് ഷോകളിൽ ഏറ്റുവാങ്ങിയ മഷി പ്രയോഗത്തിൽ നിന്നും ചെരിപ്പേറിൽ നിന്നുമൊക്കെ വിമോചിതനായ ആത്മവിശ്വാസം തുളുമ്പുന്ന ഒരു ജനനേതാവിന്റെ മുഖമാണ് കേജ്രിവാളിൽ ജനങ്ങൾ കണ്ടത്.

വർഗ്ഗീയതയേയും ജാതീയതയേയും മാറ്റി നിർത്തി, അഴിമതിക്കും ദുർഭരണത്തിനുമെതിരെ കെജ്രിവാളിന് അഞ്ചുവർഷം എന്ന മുദ്രാവാക്യം ജനം ഹൃദയത്തിലേറ്റിയതാണ് ഈ ചരിത്രവിജയത്തിനാധാരം. പോലീസ് സംവിധാനത്തെ ഉപയോഗിച്ചു കൊണ്ടുള്ള ഭരണകൂട അടിച്ചമർത്തലുകൾ ആം ആദ്മി പാർട്ടി ഭരിച്ച 48 ദിവസക്കാലത്ത് ഇല്ലായിരുന്നുവെന്നത് ജനങ്ങൾക്ക് പ്രത്യേകിച്ച് പാർശ്വവത്ക്കരിക്കപ്പെട്ടവർക്ക് പ്രതീക്ഷ നൽകിയ ഒന്നായിരുന്നു. പരമ്പരാഗതമായി കോൺഗ്രസിനെ പിന്തുണച്ചിരുന്ന ഡൽഹി ഇമാം സ്വമേധയാ ആം ആദ്മി പാർട്ടിക്ക് നൽകിയ പിന്തുണ വർഗ്ഗീയ പ്രീണനമായി ചില കേന്ദ്രങ്ങൾ ചൂണ്ടിക്കാട്ടുന്നത് കിട്ടാത്ത മുന്തിരി പുളിക്കുമെന്ന സമീപനമായി മാത്രമേ കാണാൻ കഴിയൂ.

പരമ്പരാഗത രാഷ്ട്രീയ പാർട്ടികൾ ഉയർത്തുന്ന കാലഹരണപ്പെട്ട മുദ്രാവാക്യങ്ങളും വായ്ത്താരികളും കേട്ട് ഇന്നത്തെ തലമുറ മടുത്തിരിക്കുന്നു. പരസഹായം കൂടാതെ നടക്കാൻ കഴിയാത്ത മൂത്തു നരച്ച നേതൃത്വങ്ങളെ ഈ തലമുറയ്ക്ക് വേണ്ടാതായിരിക്കുന്നു. ആം ആദ്മി പാർട്ടി ടിക്കറ്റിൽ വിജയിച്ചു വന്നവരുടെ ശരാശരി പ്രായം 42 എന്നതു തന്നെ ഇതിലേക്കാണ് വിരൽ ചൂണ്ടുന്നത്. ചലനാത്മകമായി പ്രവർത്തിക്കുന്ന ഒരു സർക്കാരിനു വേണ്ടിയാണ് ജനങ്ങൾ ആഗ്രഹിക്കുന്നത്. സന്നദ്ധസംഘടനകളിൽ



സന്നദ്ധസംഘടനകളിൽ പ്രവർത്തിച്ച് പരിചയസമ്പന്നരായ, പാർലമെന്ററി വ്യാമോഹം ആവേശിക്കാത്ത ഒരു കൂട്ടം ബുദ്ധികേന്ദ്രങ്ങൾ ആം ആദ്മി പാർട്ടിയിൽ പാർട്ടി സംവിധാനം കെട്ടിപ്പെടുക്കുന്നതിനും ജനങ്ങളുമായി ആശയവിനിമയം നടത്തുന്നതിനും അക്ഷീണമായി പരിശ്രമിച്ചിട്ടുണ്ട്. അറിയപ്പെടുന്ന സെഫോളജിസ്റ്റായ യോഗേന്ദ്രയാദവിന്റെയും മറ്റും തെരഞ്ഞെടുപ്പ് തന്ത്രങ്ങൾ വിജയം കണ്ടതിന്റെ ഫലം കൂടിയാണ് ഈ ഉജ്ജ്വലവിജയം.

പ്രവർത്തിച്ച് പരിചയസമ്പന്നരായ, പാർലമെന്ററി വ്യാമോഹം ആവേശിക്കാത്ത ഒരു കൂട്ടം ബുദ്ധികേന്ദ്രങ്ങൾ ആം ആദ്മി പാർട്ടിയിൽ പാർട്ടി സംവിധാനം കെട്ടിപ്പടുക്കുന്നതിനും ജനങ്ങളുമായി ആശയവിനിമയം നടത്തുന്നതിനും അക്ഷീണമായി പരിശ്രമിച്ചിട്ടുണ്ട്. അറിയപ്പെടുന്ന സെഫോളജിസ്റ്റായ യോഗേന്ദ്രയാദവിന്റെയും മറ്റും തെരഞ്ഞെടുപ്പ് തന്ത്രങ്ങൾ വിജയം കണ്ടതിന്റെ ഫലം കൂടിയാണ് ഈ ഉജ്ജ്വലവിജയം.

ഈ വിജയം ഭയപ്പെടുത്തുന്നുവെന്ന കേജ്രിവാളിന്റെ വാക്കുകൾ അർത്ഥവത്താണ്. ഇത്രയും വ്യക്തമായ ഒരു മാൻഡേറ്റ് ജനങ്ങൾ നൽകിയ സ്ഥിതിക്ക് നിലവിലുള്ള വ്യവസ്ഥിതിയ്ക്കുള്ളിൽ നിന്ന് ചെയ്യാവുന്ന കാര്യങ്ങൾ ഫലപ്രദമായി നടപ്പാക്കുക എന്നതായിരിക്കണം ആം ആദ്മി പാർട്ടിയുടെ മുഖ്യ അജണ്ട. സുതാര്യവും ഫലപ്രദവുമായ ഭരണത്തിന് തടസ്സമായി നിൽക്കുന്ന ഘടകങ്ങൾ, സംസ്ഥാന പദവി ഉൾപ്പെടെയുള്ളവ അഭിസംബോധന ചെയ്യപ്പെടണം.

ഡൽഹി പോലെയുള്ള ഒരു സംസ്ഥാനത്ത് ഒതുങ്ങി നിൽക്കുന്ന പാർട്ടി എന്ന ചുരുങ്ങിയ ക്യാൻവാസിൽ നിന്നും ഇന്ത്യയെപ്പോലെയൊരു മഹാരാജ്യത്തിന്റെ നേതൃസ്ഥാനത്ത് എത്താനുള്ള നയങ്ങൾ ആവിഷ്ക്കരിക്കപ്പെടണം. വിദേശനയം, സാമ്പത്തികനയം, സെക്യൂലറിസം എന്നിവയെ ഒക്കെ സംബന്ധിച്ച് വ്യക്തമായ നയമില്ലാത്ത പാർട്ടി എന്ന മറ്റ് പാർട്ടികൾ കുറ്റപ്പെടുത്തുന്ന അവസ്ഥയിൽ നിന്നും ഇവയെ സംബന്ധിച്ച് സുവ്യക്തവും യാഥാർത്ഥ്യബോധത്തിലധിഷ്ഠിതവുമായ കാ

ഴ്ചപ്പാട് ഉള്ള പാർട്ടിയാണ് എ.എ.പി. എന്നത് തെളിയി ക്കേണ്ടതും അത്യാവശ്യമാണ്.

തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തി ലുപരി രാജ്യത്തിന്റെ മുന്നോട്ടുള്ള വളർച്ചയിൽ വർഗ്ഗീയതക്കും അഴി മതിക്കുമെതിരെ സമാന ചിന്താഗ തിക്കാരായ പാർട്ടികളെ ആം ആ ദ്മി പാർട്ടിയുടെ കീഴിൽ അണി നിരത്തുവാനും ഇന്ത്യൻ ജനാധി പത്യത്തിന് ദിശാബോധം നൽ കാനും ആം ആദ്മി പാർട്ടിക്ക് നേതൃത്വം നൽകാൻ കഴിയും. പാർട്ടിയുടെ പ്രായമോ വലുപ്പമോ അല്ല മറിച്ച് അവർ ഉയർത്തുന്ന ആശയങ്ങളുടെ വലുപ്പത്തിലാണ് അവരുടെ ശക്തികുടികൊള്ളുന്ന തെന്ന സത്യം ആം ആദ്മി പാർ ട്ടി തെളിയിച്ചിരിക്കുന്നു.

ദേശീയതലത്തിൽ എന്തു നി ലപാടെടുക്കണമെന്ന് പലപ്പോഴും അറച്ചും സംശയിച്ചും നിൽക്കുന്ന ഇടതുപാർട്ടികളുടെ ഇടത്തിലേ ക്കാണ് ആം ആദ്മി പാർട്ടി ഈ വിജയത്തിലൂടെ കടന്നു കയറിയി രിക്കുന്നത്. ഇനിയൊരു പത്തുവർ ഷം കൂടി കഴിഞ്ഞ് നടക്കുന്ന പാർട്ടി കോൺഗ്രസ്സിലാകും ആം ആദ്മി പാർട്ടിയോടൊത്ത് ചേ രാത്തത് തെറ്റായിപ്പോയി എന്നു കമ്മ്യൂണിസ്റ്റ് പാർട്ടികൾ കണ്ടു പിടിക്കുക.

ഒരു വർഗ്ഗീയ പാർട്ടിയായ ബി.ജെ.പി. ഒഴികെയുള്ള പാർട്ടി കളുമായി ചേർന്ന് മതേതരശക്തി കളുടെ ഒരു വിശാല മുന്നണി കെട്ടിപ്പടുക്കുന്നതിനെപ്പറ്റി ഓരോ തെരഞ്ഞെടുപ്പിന് മുമ്പ് മാത്രം ആലോചിക്കുന്ന ഇടതുപാർട്ടി കൾ ആത്മവിമർശനം നടത്തേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഇ ടതോ വലതോ എന്ന വർഗ്ഗീകര ണം പൂർണ്ണമായും സാദ്ധ്യമല്ലെ ങ്കിൽ കൂടി ആം ആദ്മി പാർട്ടി ഉ യർത്തുന്ന മുദ്രാവാക്യങ്ങളുമായി ഏറെ താദാത്മ്യം പ്രാപിക്കാനാ വുക, ഇടതുപക്ഷത്തിനാണ്. കാരണം അവ ജനപക്ഷത്തോട് അടുത്തുനിൽക്കുന്നവയാണ്. എ ന്നാൽ ഗ്രാമസ്വരാജ് എന്നതും ആം ആദ്മി പാർട്ടി ഉന്നം വയ്



**ഇന്ത്യയിലെ കമ്മ്യൂണിസ്റ്റ് പാർട്ടികൾ സംഘടനാതല ത്തിൽ മാർക്സിസ്റ്റ് ലെനിനിസ്റ്റ് വീക്ഷണം വച്ചു പു ലർത്തുന്നവരാണെങ്കിലും പ്രായോഗിക തലത്തിൽ പ്രത്യേകിച്ച് പാർലമെന്ററി ജനാധിപത്യത്തിൽ അവർ പരമ്പരാഗത രാഷ്ട്രീയ പാർട്ടികളെപ്പോലെ തന്നെയാ ണ് പ്രവർത്തിക്കുന്നത്. അടിസ്ഥാന വർഗ്ഗങ്ങൾക്കു വേണ്ടിയാണ് നിലകൊള്ളുന്നത്.**

ക്കുന്ന ലക്ഷ്യങ്ങളിലൊന്നാണ്. ഇ ടതുപക്ഷം ഉയർത്തിക്കാട്ടുന്ന ജ നകീയാസൂത്രണവും ഗ്രാമസ്വ രാജും തമ്മിൽ നേരിയ അതിർ വരമ്പേ ഉള്ളൂ വെന്നത് മനസ്സിലാ ക്കാൻ പ്രയാസമില്ല. ഇന്ത്യയിലെ കമ്മ്യൂണിസ്റ്റ് പാർട്ടികൾ സംഘ ടനാതലത്തിൽ മാർക്സിസ്റ്റ് ലെ നിനിസ്റ്റ് വീക്ഷണം വച്ചു പുലർ ത്തുന്നവരാണെങ്കിലും പ്രായോഗി ക തലത്തിൽ പ്രത്യേകിച്ച് പാർല മെന്ററി ജനാധിപത്യത്തിൽ അവർ പരമ്പരാഗത രാഷ്ട്രീയ പാർട്ടിക ളെപ്പോലെ തന്നെയാണ് പ്രവർ ത്തിക്കുന്നത്. അടിസ്ഥാന വർഗ്ഗ ങ്ങൾക്കുവേണ്ടിയാണ് നിലകൊ ള്ളുന്നത്. എന്നതിനാൽ തന്നെ ആം ആദ്മി പാർട്ടി പോലെയുള്ള പാർട്ടികൾ ഇടത് പാർട്ടികളുടെ ഇടങ്ങളിലേക്കാണ് അധിനിവേ ശം നടത്തുന്നതെന്ന വാദത്തിൽ കഴമ്പുണ്ട് എന്നുതന്നെ കരുതേ ണ്ടി വരും. ആജന്മശത്രുതയുള്ള കോൺഗ്രസുമായി ചേർന്നു പോലും മതേതരമുന്നണിയായി പ്രവർത്തിക്കാമെങ്കിൽ എ.എ.പി യുമായി കൂട്ടുകൂടുന്ന കാര്യ ത്തിൽ ഇത്രയധികം പ്രത്യയശാ സ്ത്ര കടുംപിടുത്തം പിടിക്കേണ്ട തുണ്ടോ?

ഡൽഹിയിൽ നിന്നും വ്യത്യ സ്തമായ സാമൂഹികവ്യവസ്ഥ നി ലനിൽക്കുന്ന, എല്ലാം പ്രത്യയശാ സ്ത്രപരമായി കാണുന്ന തങ്ങളു ടെ അവകാശങ്ങളെക്കുറിച്ച് വേ ണ്ടതിലധികം ബോധവാന്മാരായ സിവിൽ സമൂഹമുള്ള കേരള ത്തിൽ ആം ആദ്മി പാർട്ടി ഉയർ ത്തുന്ന രാഷ്ട്രീയം എത്രമാത്രം വേരുപിടിക്കുമെന്നത് ഡൽഹി തെരഞ്ഞെടുപ്പിൽ അവർ ഉയർ ത്തിക്കാട്ടിയ ആശയങ്ങൾ ഫലപ്ര ദമായി പ്രവർത്തികമാക്കുന്നതി നെയും മുമ്പോട്ടുള്ള അവരുടെ ഭാവി പ്രവർത്തനങ്ങളെയും ആ ശ്രയിച്ചാണിരിക്കുന്നതെന്നു മാത്ര മേ ഇത്തരുണത്തിൽ പറയാ നാകൂ. ○

ലേഖനം



# ലൈംഗിക സദാചാരസംഹിതകളും സ്ത്രീകളും

കഴിഞ്ഞ ലക്കം തുടർച്ച



പി.ലിസ

**കേ**വലം ഒരുമനുഷ്യ സ്ത്രീയായിരുന്നവളെ ദേവതയാക്കി മാറ്റിയാണ് പുരുഷാധിപത്യസമൂഹം നിയന്ത്രിച്ചിരുന്നത്. മേൽജാതിസ്ത്രീകളെ കുലീനകളാക്കി മാറ്റിക്കൊണ്ട് അബോധത്തിൽ പോലും ഈ തന്ത്രം അവർക്ക് മനസിലാക്കാൻ കഴിയാത്ത രീതിയിലായിരുന്നു ഇത് പ്രവർത്തിച്ചിരുന്നത്. പാതിവ്രത്യം ഹിന്ദുസ്ത്രീകളുടെ പ്രത്യയശാസ്ത്രപരമായൊരു പർദ്ദയാണെന്ന് ഉമ ചക്രവർത്തി അഭിപ്രായപ്പെട്ടിട്ടുണ്ട് . നിഷ്കളങ്കയായ ഭാര്യയായിരുന്നു ഉത്തമ കുടുംബിനിയുടെ വേഷത്തിൽ ശോഭിച്ചിരുന്നത് . ഒരു സ്ത്രീ നിഷ്കളങ്കയാകണമെങ്കിൽ അവൾക്ക് വിദ്യാഭ്യാസമോ, പുറംലോകത്തെ കുറിച്ചുള്ള അവബോധമോ ഉണ്ടാകാതിരിക്കണം. അതിനു വേണ്ടിയാണ് ബ്രാഹ്മണമൂല്യബോധം സവർണസ്ത്രീകൾക്ക് വിദ്യാഭ്യാസവും പുറം ലോകവും നിഷേധിച്ചത്. ലിംഗഭേദം, ജാതി, മത, വർഗ്ഗബോധം, പുരുഷാധിപത്യം എന്നിവയെ സാധൂകരിക്കുന്ന ലോക വീക്ഷണമായി വരുന്നത് ബ്രാഹ്മണമൂല്യ വ്യവസ്ഥയാണ് . തങ്ങളുടേതിൽ

ഉൾപ്പെടാത്തതെല്ലാം
പടിക്കുപുറത്തുനിർത്തുന്ന
അസ്പൃശ്യത കല്പിക്കുന്ന
സംസ്ക്കാരമായിരുന്നു അത് .
മഹത്തായപാരമ്പര്യം, ശാശ്വതം,
അതീന്ദ്രിയം, ചിരപുരാതനം
തുടങ്ങിയവയോട്
വിധ്വംസകമായിട്ടുള്ളതിനെ
സംസ്ക്കാരത്തിന്
പുറത്തുള്ളവയായിട്ടാണ്
ബ്രാഹ്മണ്യം വിലയിരുത്തിയത്.
സനാതനസങ്കൽപവും വർണ
ജാതി ബോധവും
പുരുഷാധിപത്യവും
സ്ഥാപിക്കപ്പെട്ടത്
ബ്രാഹ്മണജ്ഞാ
നവ്യവസ്ഥയിലാണ്.
ഭൗതികജീവിതത്തിന്
ആവശ്യമായവ ഉൽപാദിപ്പിക്കുന്ന
അടിസ്ഥാനഉൽപാദകസംഘങ്ങളെ
അധ:സ്ഥിതരാക്കി അധ്വാനം
എന്ന മഹത്തായ പ്രക്രിയയെ
മ്ലേച്ഛമായി കരുതിയ
ബ്രാഹ്മണസംസ്ക്കാരത്തിന്റെ
അടിത്തറ കിടക്കുന്നത്
സ്ത്രീവിരുദ്ധതയിലാണ്. ജാതി
ക്രമങ്ങളിലൂടെ
,ആചാരാനുഷ്ഠാനങ്ങളിലൂടെ
ശുദ്ധിസങ്കൽപ്പത്തിലൂടെ
ലൈംഗികസദാചാരം
കാത്തുസൂക്ഷിക്കുന്നതിലൂടെ
സവർണ സ്ത്രീകളെ
ഉത്തമകുലസ്ത്രീരത്നങ്ങളായി
പ്രതിഷ്ഠിക്കുന്നതിലൂടെ അത്
വിജയിച്ചു. ബ്രാഹ്മണീകവും
സംസ്കൃതീ
പരവുമായിട്ടുള്ളതെല്ലാം
മേൻമയുള്ളതായി മാറി .
'കുലസ്ത്രീയും ചന്തപ്പെണ്ണും'
ഉണ്ടാകുന്നതെങ്ങനെയെന്ന്
ജെ.ദേവിക
അടയാളപ്പെടുത്തിയിട്ടുണ്ട് .
കറുപ്പിനെ, ചേറുള്ളതിനെ ,
വിയർപ്പിനെ തന്നിൽ
താഴ്ന്നതിനെയെല്ലാം
പുറന്തള്ളുന്ന നീതി
ശാസ്ത്രങ്ങളാണ്
ബ്രാഹ്മണസംസ്കാരം
വികസിപ്പിച്ചത് . അസ്ഥിരമായ
അയിത്തവും സ്ഥിരമായ
അയിത്തവും അവർ ആചരിച്ചു.

കറുപ്പിനെ, ചേറുള്ളതിനെ , വിയർപ്പിനെ തന്നിൽ താഴ്ന്നതിനെയെല്ലാം പുറന്തള്ളുന്ന നീതി ശാസ്ത്രങ്ങളാണ് ബ്രാഹ്മണസംസ്കാരം വികസിപ്പിച്ചത് . അസ്ഥിരമായ അയിത്തവും സ്ഥിരമായ അയിത്തവും അവർ ആചരിച്ചു. സവർണസ്ത്രീകളുടെ മേൽ താൽക്കാലികമായ അയിത്തം ബ്രാഹ്മണസംസ്കാരം പ്രയോഗിച്ചിരുന്നു. ഇതിനെ മാറ്റി യെടുക്കാനാണ് അനുഷ്ഠാനങ്ങളായ പൂജാവിധികൾ കുളി, തേവാരം എന്നിവയും പുല തുടങ്ങിയ ആചാരങ്ങളും പാലിക്കുന്നത്.



സവർണസ്ത്രീകളുടെ മേൽ
താൽക്കാലികമായ അയിത്തം
ബ്രാഹ്മണസംസ്കാരം
പ്രയോഗിച്ചിരുന്നു. ഇതിനെ മാറ്റി
യെടുക്കാനാണ്
അനുഷ്ഠാനങ്ങളായ
പൂജാവിധികൾ കുളി, തേവാരം
എന്നിവയും പുല തുടങ്ങിയ
ആചാരങ്ങളും പാലിക്കുന്നത്.
ഇത്തരം ജാതിബദ്ധമായ
ആചാരം പാലിച്ചുകൊണ്ട്
ബ്രാഹ്മണർക്ക് പ്രാപ്യമായ
രീതിയിൽ കേവലം ഭോഗത്തിന്
മാത്രമായി തങ്ങളുടെ ശരീരത്തെ
മാറ്റിയെടുക്കാൻ
സവർണസ്ത്രീകൾ
നിർബന്ധിതരാകുന്നു.
ബ്രാഹ്മണജ്ഞാനബോധം
പ്രകടിപ്പിച്ച മൂല്യവ്യവസ്ഥയുടെ
അസംബന്ധം ആ
സമൂഹത്തിലെ പുരുഷൻമാരുടെ
ജീവിതക്രമം കൂടി എടുത്തു
പരിശോധിക്കുമ്പോഴാണ്
മനസ്സിലാകുക. സാമൂഹിക
അധികാരം കയ്യാളുന്നവരുടെ
സംസ്കാരവും മൂല്യബോധവും
മറ്റ് ജനവിഭാഗങ്ങളിലേക്ക്
സ്വാഭാവികമായും
പരിക്രമിക്കുകയാണ് ഉണ്ടായത് .
ബ്രാഹ്മണികമായ
ലോകബോധവും
വീക്ഷണവുമെല്ലാം

കീഴ്വഴക്കങ്ങളായി മാറുകയും ഈ ആചാരങ്ങൾ പിന്നീട് എല്ലാ ജനസമൂഹങ്ങൾക്കുമുള്ള പൊതു വ്യവസ്ഥയായിത്തീരുകയും ചെയ്തു. ഇസ്ലാം, ക്രിസ്ത്യൻ മതങ്ങളിലെല്ലാം സ്ത്രീ വിരുദ്ധതയുടെ അംശങ്ങൾ പലതും കണ്ടെത്താൻ കഴിയും. ബ്രാഹ്മണസംസ്കാരത്തിലെ ഘോഷസമ്പ്രദായത്തിന്റെ മറ്റൊരു വകഭേദമാണല്ലോ മുസ്ലീംസ്ത്രീകളുടെ പർദ്ദ, ബുർഖ തുടങ്ങിയവ. രണ്ടു സമുദായങ്ങളും ബഹുഭാര്യാത്വത്തെയാണ് പങ്കു പറ്റിയിരുന്നത്. ക്രിസ്ത്യൻ സമുദായത്തിലെ സ്ത്രീകളാവട്ടെ വിക്ടോറിയൻ സദാചാരവ്യവസ്ഥക്ക് അടിമപ്പെട്ടിരുന്നു. ലൈംഗികത പാപമാണ് എന്ന ബോധമാണ് ഈ സംസ്കാരം രൂപപെടുത്തിയത്. കീഴാളവിഭാഗങ്ങളാവട്ടെ ബ്രാഹ്മണമൂല്യ ബോധത്തെ പിൻപറ്റുന്നൊരുസംസ്കാ രത്തിനുടമകളാവാൻ ശ്രമിച്ചു. ഒരുമിച്ച് ജോലിയിലും വിനോദങ്ങളിലും ഏർപ്പെട്ടിരുന്ന കീഴാള വിഭാഗങ്ങളിലെ സ്ത്രീ-പുരുഷൻമാർ പിന്നീട് സ്ത്രീകൾക്ക് വീടിന് പുത്തേക്ക് വിലക്ക് ഏർപ്പെടുത്തുന്നുണ്ട് . പുറത്ത് ജോലിക്ക് വിടാതെ ഭാര്യയെ വീടിനുള്ളിൽ കുടിയിരുത്തുക എന്നത് സവർണ്ണ സംസ്കാരം അബോധത്തിലെങ്കിലും സ്വീകരിച്ചുപോയതിന് ഉദാഹരണമായെടുക്കാം. ഒന്നിലധികം പുരുഷൻമാരോടൊപ്പം പൊതുസ്ഥലങ്ങളിൽ തൊഴിലിൽ ഏർപ്പെടുന്നവൾ എന്ന നിലക്ക് കീഴാളസ്ത്രീയെ പൊതുസമൂഹം 'അപരസ്ത്രീ' എന്ന നിലയിലാണ് നോക്കിക്കാണുന്നത് . കുലീന, കുടുംബിനി എന്ന വിശേഷണ പദങ്ങളിൽ അവളെ ഒരിക്കൽ പോലും കാണപ്പെടുന്നില്ല. ഉത്തമ/അധമ, നല്ല/ചീത്ത

**ജനിച്ചുവീഴുമ്പോൾ തന്നെ സ്ത്രീ എന്ന കാരണം കൊണ്ട് കൂച്ചുവിലങ്ങിട്ട് വളർത്തുകയോ പുരുഷനായതുകൊണ്ട് അമിതസ്വാതന്ത്ര്യവും അധികാരവും കൊടുത്തു വളർത്തുകയോ ചെയ്യുന്ന ഒരു സാഹചര്യത്തിൽ ജീവിച്ചുവരുന്നവർക്ക് ഒരിക്കലും സ്ത്രീ-പുരുഷ സ്വത്വങ്ങളെ പുറംതള്ളികൊണ്ട് സമത്വബോധമുള്ള വ്യക്തിത്വങ്ങളായി പരിണമിക്കാൻ കഴിയുകയില്ല.**

തുടങ്ങിയ ബന്ധങ്ങളും സ്ത്രീകളെ വിശേഷിപ്പിക്കാനാണ് അധികവും ഉപയോഗിക്കുന്നത് . ഇങ്ങനെയുള്ള ദ്വന്ദ്വങ്ങളുടെ വേരുകൾ ഏത് സംസ്കാരത്തിലാണ് ഉടലെടുത്തിട്ടുണ്ടാവുക എന്ന ചോദ്യം കേൾക്കാതിരിക്കാനാവില്ല. സാമൂഹ്യ നിയന്ത്രണത്തിനുവേണ്ടി സമൂഹത്തിൽ എല്ലാവരും പാലിക്കേണ്ട ആചാരങ്ങൾ സദാചാരമായി മാറുന്നു. സംസ്കാരമായി, മൂല്യബോധമായി, പാരമ്പര്യമായി നേടിയെടുക്കുന്ന ബ്രാഹ്മണമൂല്യബോധമാണ് ഇന്ന് എല്ലാ ജനവിഭാഗങ്ങളിലും അന്തർലീനമായിട്ടുള്ളത് . അതുകൊണ്ട് തന്നെ എല്ലാതരം സദാചാരവ്യവസ്ഥയും ജാതി-മത-ലിംഗ പദവിയുമായി ബന്ധപ്പെട്ടാണ് കിടക്കുന്നത് . ലൈംഗികമായ ചാരിത്രശുദ്ധി പുരുഷനേക്കാൾ കൂടുതലായി സ്ത്രീയിൽ ഉണ്ടായിരിക്കണമെന്ന് സദാചാരവാദികൾ വാദിക്കുന്നു. ലൈംഗികമായ ചാരിത്ര്യശുദ്ധിക്ക് നൽകിയ പ്രാധാന്യമാണ് സ്ത്രീയുടെ പദവി. മാന്യയാവേണ്ടത് കുടുംബത്തിന്റെ പദവിയെ ബാധിക്കുന്നതിനാൽ പുരുഷനേക്കാൾ കൂടുതൽ നിയന്ത്രണങ്ങൾ സ്ത്രീക്ക് സ്വയം ഏർപ്പെടുത്തേണ്ടിയിരിക്കുന്നു. ലൈംഗികബന്ധം വിവാഹത്തിൽ മാത്രം നിയമസാധുത്വമുള്ള ഒന്നാണ് . അപ്പോൾ ഒരു വിവാഹം കൊണ്ട് ഉദ്ദേശിക്കുന്നത് നിർഭയവും നിർദോഷവും നിയമവിധേയവുമായ ലൈംഗികതയാണ് . ലൈംഗികത പ്രധാനം ചെയ്യാൻ കഴിവില്ലാത്ത വിവാഹബന്ധങ്ങൾ വന്ധ്യമാകുന്നു. ഇത്തരം വന്ധ്യമാകുന്ന വിവാഹ ബന്ധങ്ങളിൽ സ്ത്രീ സാമൂഹികവിലക്കുകളാൽ ആത്മനിയന്ത്രണത്തിന് വിധേയയാകുമ്പോൾ പുരുഷന് നിർലോഭം സമൂഹത്തിന്റെ താൽപര്യത്തോടുകൂടെതന്നെ നിയമവിരുദ്ധമായ ലൈംഗിക ബന്ധങ്ങളിൽ ഏർപ്പെടാൻ കഴിയുന്നു. അതേ സമയം അതേ പ്രവൃത്തി ഒരു സ്ത്രീയുടെ ഭാഗത്ത് നിന്നാണെങ്കിൽ അവളെ സ്ത്രീകൾ അടക്കമുള്ള സമൂഹം പോക്കായി വിലയിരുത്തുകയും അവൾ പ്രധിനിധാനം ചെയ്യുന്ന സംസ്കാരത്തെ ചോദ്യം ചെയ്യാനും ശ്രമിക്കുന്നു. വിധവ, വിവാഹമോചിത, എന്നിവരെ സമൂഹം എപ്പോഴും തങ്ങളുടെ നിരീക്ഷണത്തിനു വിധേയരാക്കുന്നു. സ്വാഭാവിക സ്ത്രീ-പുരുഷസൗഹൃദങ്ങൾ പോലും സമൂഹത്തിന്റെ സദാചാരകണ്ണടകളിൽ മഞ്ഞച്ചായം പടർത്തുന്നു. കുടുംബപരിപാലനത്തിൽ സ്ത്രീക്ക് , അമ്മക്ക് കൂടുതൽ ഉത്തരവാദിത്വങ്ങൾ ആണ്

സമൂഹം ചാർത്തി ക്കൊടുക്കുന്നത്. അമ്മ വേലിചാടിയാൽ മോളുമതിലുചാടും തുടങ്ങിയ സ്ത്രീവിരുദ്ധ പഴഞ്ചൊല്ലുകളും പുരുഷാധിപത്യലോകത്തിന് സ്ത്രീയോടുള്ള മനോഭാവം എടുത്തുകാണിക്കുന്നു. ഒരുമ്പെട്ടവൾ എന്ന പദം വ്യവസ്ഥാപിത സദാചാര നിയമക്രമങ്ങളെ തകർത്തെറിഞ്ഞ ഒരു സ്ത്രീയുടെ ചിത്രം നമുക്കു എറിഞ്ഞുതരുന്നുണ്ട്. പിതൃകേന്ദ്രീകൃതമായ ഒരു സമൂഹത്തിൽ ജീവിക്കുമ്പോൾ ആണ് കുറിയേടത്ത് താത്രിമാരുടെ മഹത്വവും പ്രശസ്തിയും വർദ്ധിപ്പിക്കുന്നത്. കേരളത്തിൽ ഉണ്ടായ ചുംബന സമരങ്ങളുടെ പാശ്ചാത്തലത്തിൽ ആധുനിക സമൂഹം പുതിയൊരു സദാചാരഅവബോധം സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയെകുറിച്ച് ചിന്തിക്കേണ്ടതാണ്. സ്ത്രീയെ ചരക്കാക്കിയിരുന്ന വരേണ്യമായ പഴയ ബ്രാഹ്മണികമൂല്യബോധത്തിൽ നിന്നും പിൻമാറിക്കൊണ്ട് സ്ത്രീ –പുരുഷബന്ധത്തെ മാനവികമായ കാഴചപ്പാടോടുകൂടി സമീപിക്കുന്ന ആധുനികയുക്തികൾക്ക് അനുസൃതമായിട്ടൊരു സദാചാരസംസ്കാരം സമൂഹം വളർത്തിയെടുക്കേണ്ടതുണ്ട് . ജനിച്ചുവീഴുമ്പോൾ തന്നെ സ്ത്രീ എന്ന കാരണം കൊണ്ട് കൂച്ചുവിലങ്ങിട്ട് വളർത്തുകയോ പുരുഷനായതുകൊണ്ട് അമിതസ്വാതന്ത്ര്യവും അധികാരവും കൊടുത്തു വളർത്തുകയോ ചെയ്യുന്ന ഒരു സാഹചര്യത്തിൽ ജീവിച്ചുവരുന്നവർക്ക് ഒരിക്കലും സ്ത്രീ-പുരുഷ സ്വത്വങ്ങളെ പുറംതള്ളികൊണ്ട് സമത്വബോധമുള്ള വ്യക്തിത്വങ്ങളായി പരിണമിക്കാൻ കഴിയുകയില്ല. സ്ത്രീയായാലും പുരുഷനായാലും ഒരു



ജനിച്ചുവീഴുമ്പോൾ തന്നെ സ്ത്രീ എന്ന കാരണം കൊണ്ട് കൂച്ചുവിലങ്ങിട്ട് വളർത്തുകയോ പുരുഷനായതുകൊണ്ട് അമിതസ്വാതന്ത്ര്യവും അധികാരവും കൊടുത്തു വളർത്തുകയോ ചെയ്യുന്ന ഒരു സാഹചര്യത്തിൽ ജീവിച്ചുവരുന്നവർക്ക് ഒരിക്കലും സ്ത്രീ–പുരുഷ സ്വത്വങ്ങളെ പുറംതള്ളികൊണ്ട് സമത്വബോധമുള്ള വ്യക്തിത്വങ്ങളായി പരിണമിക്കാൻ കഴിയുകയില്ല. സ്ത്രീയായാലും പുരുഷനായാലും ഒരു സാമൂഹികജീവി എന്ന നിലയിൽ, ഒരു വ്യക്തി എന്നനിലയിൽ പരസ്പരം വീക്ഷിക്കാൻ കഴിയുന്ന സമൂഹത്തിന് മാത്രമേ ചുംബിച്ചുകൊണ്ടുള്ള ഒരു സമര രൂപത്തെ അംഗീകരിക്കാൻ കഴിയുകയുള്ളു.

സാമൂഹികജീവി എന്ന നിലയിൽ, ഒരു വ്യക്തി എന്നനിലയിൽ പരസ്പരം വീക്ഷിക്കാൻ കഴിയുന്ന സമൂഹത്തിന് മാത്രമേ ചുംബിച്ചുകൊണ്ടുള്ള ഒരു സമര രൂപത്തെ അംഗീകരിക്കാൻ കഴിയുകയുള്ളു. സാമൂഹിക ബാധ്യതകളും കർത്തവ്യങ്ങളും അവ പഴയ ബാധ്യതകളിൽ നിന്നു അവകാശങ്ങളിൽ നിന്നും വളരെ വ്യത്യസ്തമായിരിക്കാമെങ്കിലും അവ ഒരിക്കൽ അംഗീകരിക്കേണ്ടിവരും . മനുഷ്യർ മനുഷ്യരായി തന്നെ ജീവിക്കുന്ന അത്തരമൊരു കാലത്തെ വിഭാവനം ചെയ്തുകൊണ്ട് നമുക്കു പ്രത്യാശാഭരിതരാകാം.

**കഥ**

**രഹന ഷാജഹാൻ**

# വാട്സ് ആപ്



അരുന്ധതി സുന്ദരിയും സുശീലയുമായ കോളേജ് അദ്ധ്യാപിക. വയസ്സ് 30, രണ്ട് കുട്ടികളുടെ മാതാവ്. ജീവിതപങ്കാളിയായ സുരേഷ് ബിസിനസ്സുകാരൻ. ജീവിതത്തിൽ തിരക്കു മാത്രം ഉള്ളയാൾ. എന്നാലും വീണുകിട്ടുന്ന സമയം കുടുംബത്തിനുവേണ്ടി ചിലവഴിക്കുന്ന മനുഷ്യൻ.

ശനിയാഴ്ച ദിവസമല്ലെ യു. ജി.സി നിബന്ധനപ്രകാരം അവധി ദിവസം സാധാരണ പോലെ അതിരാവിലെ എഴുന്നേറ്റു. ഭർത്താവിന് എട്ട് മണിക്ക് പോകണം. ഭക്ഷണത്തിനൊന്നും പ്രത്യേകിച്ച് ഒരു നിർബന്ധവുമില്ലാത്ത പാവം മനുഷ്യൻ. ബ്രഡ്ഡും ഓംലെറ്റും മതി. കുട്ടികൾ വൻകിട സ്കൂളുകളിൽ പഠിക്കുന്നതുകൊണ്ട് ഭക്ഷണവും അവിടെത്തന്നെ.

ജോലിയെല്ലാം നേരത്തെ കഴിഞ്ഞു. മൊബൈൽ ഒന്ന് പരിശോധിക്കാം. സമയം ഏഴ് മുപ്പത്തിയഞ്ച്. വാട്സ്അപ്പിൽ പുതിയ മെസ്സേജ്. മുൻപ് ഒരിക്കലും കണ്ടിട്ടില്ലാത്ത ഒരു പുതിയ തല പ്രത്യക്ഷപ്പെട്ടിരിക്കുന്നു. കോളേജിലെ വാട്സപ്പ്ഗ്രൂപ്പിൽ ഭാഷാധ്യാപകനും എഴുത്തുകാരനും പെരുമാറ്റത്തിലും വേഷ സംവിധാനത്തിലും ഒരു സാഹിത്യകാരന്റെ രൂപമുള്ള മദനൻ സാർ, മധ്യവയസ്ക്കനും മിതഭാഷിയുമായ മദനൻസാറിന്റെ മെസേജ് കണ്ട് അരുന്ധതി പകച്ചു നിന്നു. ജോലിക്കു പോകാൻ പുറപ്പെട്ട ചേട്ടൻ എത്തിനോക്കി.

"എന്താടോ രാവിലെ തന്നെ പരിപാടി? ഞാനൊന്നു നോക്കട്ടെ? കൊള്ളാം. കണ്ടിട്ട് ഒരു ലോലന്റെ ലുക്ക് ഉണ്ടല്ലോ? താൻ വേണ്ടാത്ത പണിക്കൊന്നും പോകണ്ട കേട്ടോ." ഭർത്താക്കന്മാർ പറയുന്ന സ്ഥിരം ഡയലോഗ്. ആൾ സ്ഥലം വിട്ടു.

മെസ്സേജുകൾ വായിച്ചു തുടങ്ങിയപ്പോൾ രസം തോന്നി. മറുപടി അയച്ചു തുടങ്ങി. കുട്ടികളെ സ്കൂളുകളിലേക്ക് അയച്ചു തിരിച്ചു വന്നപ്പോൾ വീണ്ടും മെസ്സേജ്. അതിനും മറുപടി അയച്ചു. തന്റെ പ്രിയപ്പെട്ട തോട്ടം വൃത്തിയാക്കലും മറ്റുമായി സമയം പോയതറിഞ്ഞില്ല. ഊണുകഴിക്കാം എന്നു കരുതി. ഫോൺ ഒന്നുകൂടി എടുത്തു. വീണ്ടും അതേ കക്ഷി തന്നെ മെസേജുകൾ അയച്ചിരിക്കുന്നു. അതിരുകവിഞ്ഞു വരുന്നതായി തോന്നി. 'എന്താ അരു ഒന്നും

ഉച്ചമയക്കത്തിനുശേഷം വീണ്ടും മൊബൈലിൽ പൈങ്കിളിയുടെ  പ്രവാഹം. ദൈവമേ ഇതെന്തൊരു പുലിവാൽ. അധികം ആരോടും സംസാരിക്കാത്ത പ്രത്യേകിച്ച് പുരുഷന്മാരോട്  സംസാരിക്കാത്ത പ്രത്യേകിച്ച്  പുരുഷന്മാരോട് അടുപ്പം കാണിക്കാത്ത എനിക്ക് ഈ വിധിയോ?  ഒന്നും പ്രതികരിച്ചില്ല.

മിണ്ടാത്തെ'? പൈങ്കിളി സ്വഭാവം പുറത്തുവന്നു തുടങ്ങി. തന്നെ പ്രിയതമൻ മാത്രം വിളിക്കുന്ന പേര് ഇയാളെങ്ങനെ ധൈര്യത്തോടെ അഭിസംബോധന ചെയ്തു. അരുന്ധതി വിസ്മയിച്ചു. പിന്നീട് വന്നതെല്ലാം വെറും അശ്ലീലം മാത്രം. ഒന്നും പ്രതികരിക്കാൻ തോന്നിയില്ല.

ഉച്ചമയക്കത്തിനുശേഷം വീണ്ടും മൊബൈലിൽ പൈങ്കിളിയുടെ പ്രവാഹം. ദൈവമേ ഇതെന്തൊരു പുലിവാൽ. അധികം ആരോടും സംസാരിക്കാത്ത പ്രത്യേകിച്ച് പുരുഷന്മാരോട് സംസാരിക്കാത്ത പ്രത്യേകിച്ച് പുരുഷന്മാരോട് അടുപ്പം കാണിക്കാത്ത എനിക്ക് ഈ വിധിയോ! ഒന്നും പ്രതികരിച്ചില്ല.

രാത്രി വളരെ വൈകി പ്രിയതമനെത്തി. "എന്താടോ മുഖത്തിനൊരു വാട്ടം." ഒന്നു ഞെട്ടി. ചോദ്യം കേൾക്കാൻ കാത്തു നിന്നപോലെ ഒരൊറ്റ കരച്ചിൽ. "ഞാൻ പറഞ്ഞതുപോലെ ആയി അല്ലേ? നീ ഒരു മണ്ടിപ്പെണ്ണാണ്. ആളുകളെ മനസ്സിലാക്കാൻ നിനക്കറിയില്ല" സ്ഥിരം കമന്റ്.

തിങ്കളാഴ്ച ഈ കാര്യം സീനിയർ അദ്ധ്യാപികയും തന്റെ തന്നെ ടീച്ചറുമായ സുഭദ്രയോട് പറയാം. മെസേജ് ഉൾപ്പെടെയുള്ള കാര്യം വിശദമായി അവതരിപ്പിച്ചു. വാട്സ്അപ്പും ഫെയ്സ്ബുക്കും സമയം കൊല്ലികളാണെന്നും വിനിമയഉപാധിയായി ഇ-മെയിൽ മാത്രം മതിയെന്നും ഉറച്ചുവിശ്വസിക്കുന്ന കൂട്ടത്തിലാണ് അവിവാഹിതയും ഫെമിനിസ്റ്റുമായ സുഭദ്രടീച്ചർ. "ഞാൻ എപ്പോഴും പറയാറില്ലെ ഇമ്മാതിരി പരിപാടികളൊന്നും നല്ലതിനല്ല എന്ന്. സാരമില്ല. താൻ ഒരു ന്യൂജൻ അല്ലേ! നല്ല കാലത്തു പോലും ഒരുത്തൻ എന്നെ പ്രണയിച്ചിട്ടില്ല. ഒന്ന് നോക്കുക പോലും ചെയ്തിട്ടില്ല. അത്ര സൗന്ദര്യമല്ലേ എനിക്കുള്ളൂ. അതും എന്റെ ഒരു വിഷമമാണ്. നീ സുന്ദരിക്കുട്ടിയല്ലേ!" മറുപടി കേട്ട് അരുന്ധതി വീണ്ടും ഞെട്ടി. മൊബൈലിൽ വാട്സ് അപ്പ് പരതാൻ തുടങ്ങി. ○



**പ്രിയ  വായനക്കാരെ,**

**മാസിക നടത്തിപ്പിന്റെ ചെലവ് താങ്ങാനാവാതെ വന്നതിനാൽ സംഘടിതയുടെ വില വർദ്ധിപ്പിക്കാൻ ഞങ്ങൾ നിർബന്ധിതരായിരിക്കുന്നു.  വായനക്കാർ സഹകരിക്കുമല്ലോ.**

## സൃഷ്ടികൾ ക്ഷണിക്കുന്നു

**സ്ത്രീകളിൽ നിന്ന്, മുമ്പ് പ്രസിദ്ധീകരിക്കാത്തതും മൗലികവുമായ രചനകൾ ( ലേഖനം, കഥ, കവിത, ചിത്രങ്ങൾ)**

*രചനകളോടൊപ്പം പാസ്പോർട്ട് സൈസ് ഫോട്ടോയും അയക്കേണ്ടതാണ്.*

## സംഘടിത മാസിക

വരിസംഖ്യാ നിരക്ക്

| | |
|---|---|
| ഒറ്റപ്രതി | :20രൂപ |
| വാർഷിക വരിസംഖ്യ | :200രൂപ |
| വിദേശത്തേക്ക് ഒറ്റപ്രതി | :100 രൂപ |
| വിദേശത്തേക്ക് വാർഷിക വരിസംഖ്യ | : 1000 രൂപ |



ഡോ.മിനിപ്രസാദ്

# ആത്മാവിന്റെ കല്ലറയിലെ തടവുകാർ

ഒന്നരനോവലും വളരെ കുറച്ചു കഥകളും മാത്രം എഴുതുകയും സാമൂഹ്യജീവിതവും എഴുത്തിന്റെ ആത്മാർത്ഥതയും തമ്മിലുള്ള പൊരുത്തക്കേടുകൾ സഹിക്കാനാവാതെ ജീവിതം തന്നെ ഉപേക്ഷിക്കുകയും ചെയ്ത എഴുത്തുകാരിയാണ് രാജലക്ഷ്മി. ജീവിതത്തെപ്പറ്റി വളരെ സ്വപ്നങ്ങളുണ്ടായിരിക്കുകയും യാഥാർത്ഥ്യങ്ങളും സ്വപ്നങ്ങളും തമ്മിലുള്ള ഏറ്റുമുട്ടലിൽ പരാജയപ്പെടുകയും ചെയ്യുന്നത് ഒരു കുറ്റമല്ല. മറിച്ച് ലോകത്തിനു മുന്നിൽ മുഖം മൂടി അണിയാനാവാത്ത ഒരു സത്യസന്ധതയുടെ പ്രകാശനമാണത്. രാജലക്ഷ്മിയുടെ കഥകൾ ഓരോന്നും വളരെ വ്യത്യസ്തമായ രചനകളാണ്. 'ഹോസ്റ്റൽമേറ്റ്' പത്മ എന്ന ഒരു കോളേജ് അദ്ധ്യാപിക തന്റെ പഴയ റൂംമേറ്റിനെ ഓർത്തെടുക്കുന്ന കഥയാണ്. കോളേജിൽ അവരുടെ താഴെ ക്ലാസ്സിൽ പഠിച്ചിരുന്ന ശാരദ എന്ന പെൺകുട്ടി വേദാന്തവും തത്വചിന്തയും വായിക്കുന്ന, ആരോടും അധികം സംസാരിക്കാത്ത അവളെ മിണ്ടാപ്പൂച്ച, ബുദ്ധജീവി എന്നിങ്ങനെ അനേകം വിശേഷണങ്ങൾ നൽകി എല്ലാവരും മാറ്റി നിർത്തിയപ്പോൾ പത്മ അവൾക്ക് ചേച്ചിയായി മാറി. അവർ തമ്മിൽ അസാധാരണമായ ഒരാത്മബന്ധം വളർന്നുവന്നു. അമ്മ മരിച്ചപോയ, ആ മരണത്തിന്റെ ആഘാതത്തിൽ ഏകാന്തജീവിതം തെരഞ്ഞെടുത്ത അച്ഛനും ഇടയിൽ കഴിച്ചുകൂട്ടിയ ഏകാന്തമായ ബാല്യകൗമാരങ്ങളായിരുന്നു ശാരദയെ പരുവപ്പെടുത്തിയത്. അവൾക്ക് ആ വീട്ടിൽ കൂട്ട് പുസ്തകങ്ങളായിരുന്നു. അതും അച്ഛൻ വായിച്ചിരുന്ന വേദാന്ത ഗ്രന്ഥങ്ങൾ. അങ്ങനെ അവൾക്ക് ലോകത്തിനു മുന്നിൽ ഒരു ബുദ്ധിജീവി പരിവേഷം ലഭിക്കുന്നു.



അമ്മയുടെ മരണം സമയത്ത് ഡോക്ടറെ ലഭിക്കാത്തതിനാലായിരുന്നു. അതുകൊണ്ട് താൻ പഠിച്ചൊരു ഡോക്ടറാവുമെന്നും ആവശ്യക്കാർക്ക് വേണ്ട സഹായം നൽകാൻ സദാസന്നദ്ധയാവുമെന്നും അവൾ സ്വയമേ തീരുമാനിച്ചുറച്ചിട്ടുണ്ട്. എന്റെ കൈകൊണ്ട് ഒരു സ്ത്രീയെങ്കിലും രക്ഷപ്പെട്ടാൽ അമ്മയുടെ ആത്മാവിന് അത്രക്ക് ശാന്തികിട്ടും. വേദനിക്കുന്നവരുടെ കണ്ണുനീർ തുടയ്ക്കലും അവരുടെ കുടുംബങ്ങളെ അനാഥത്വത്തിൽ നിന്ന് രക്ഷിക്കലും സ്വന്തം കടമയാണെന്നവൾ കരുതുന്നു. ഈ സ്വപ്നങ്ങൾ കേൾക്കുമ്പോൾ പത്മ സംശയാലുവാകുന്നത് അവൾക്ക് ഈ ലോകനീതികളെപ്പറ്റി കുറേക്കൂടി ബോധ്യമുള്ളതിനാൽ സത്യസന്ധമായൊരു ജീവിതം നിലനിൽക്കുന്ന സാമൂഹ്യാവസ്ഥകളിൽ എന്തുമാത്രം നടപ്പിലാവുമെന്ന കാര്യത്തിലാണ് ഓരോ ഡോക്ടർമാരും ജീവിതം ആഡംബരപൂർണ്ണമാക്കാനായി ആ ജോലിയെ സ്വീകരിക്കുന്ന ഭൂരിപക്ഷത്തിനിടക്ക് ഇത്തരം ആദർശങ്ങൾക്ക് എന്തു സ്ഥാനം എന്ന് പത്മ ചിന്തിച്ചു പോകുന്നത് അവൾക്ക് ലോകപരിചയം അല്പം കൂടിയുള്ളതിനാലാണ്.


കോളേജിൽനിന്നു പിരിയുന്ന അവരിരുവരും പിന്നെ വർഷങ്ങൾക്കു ശേഷം കണ്ടുമുട്ടുമ്പോൾ ഒരാൾ അദ്ധ്യാപികയും മറ്റേയാൾ ഡോക്ടറുമാണ്. ശാരദയുടെ അച്ഛനും മരിച്ചതോടെ അവൾ ഈ ലോകത്ത് തികച്ചും ഒറ്റപ്പെട്ടു കഴിഞ്ഞിട്ടുണ്ട്. എന്നാൽ ജോലി ചെയ്തു തുടങ്ങിയതോടെ അവളുടെ ആവേശങ്ങൾ തണുത്തുപോയി. സ്വപ്നങ്ങൾക്കും പ്രതീക്ഷകൾക്കും ആത്മാർത്ഥതയ്ക്കും യാതൊരു സ്ഥാനവുമില്ലെന്നും അവിടെ നിൽക്കുന്നവർക്കൊന്നും ലക്ഷ്യം സേവനമല്ലെന്നും അറിയുന്നതോടെ അവൾ തളർന്നു പോകുന്നു. നേരിടുന്ന ദുരനുഭവങ്ങൾ അവളുടെ മുഖത്തെ ഗൗരവം വർദ്ധിപ്പിക്കുന്നു. മേലധികാരിക്കു മുന്നിൽ പരാതിപ്പെടുന്നതിന്റെ ഫലം നാട്ടിൻപുറത്തേക്കൊരു ട്രാൻസ്ഫർ ആണ്. നാട്ടിൻപുറത്തേക്ക് ശാരദ പോകുന്നതും പ്രതീക്ഷയോടെയാണ്. അവിടെയാവട്ടെ അവളെ കാത്തിരുന്ന അനുഭവങ്ങൾ വളരെ മോശമായിരുന്നു. ആശുപത്രി സംബന്ധമായ പ്രശ്നങ്ങളോടൊപ്പം അവൾ നേരിടുന്ന മറ്റൊരു പ്രതിസന്ധി അവിവാഹിതയായ ഒരു സ്ത്രീയുടെ സുരക്ഷിതത്വത്തെപ്പറ്റിയുള്ള നാട്ടുകാരുടെ ഉത്കണ്ഠയാണ്. സമൂഹത്തിന് സ്ത്രീയുടെ സദാചാരപരമായൊരു ജീവിതം കാത്തുസൂക്ഷിക്കേണ്ടത് അവരുടെ ആവശ്യമാണ്. ജോലിയും അതിന്റേതായ സുരക്ഷിതത്വവുമുണ്ടായിട്ടും എന്തുകൊണ്ട് ഒരു സ്ത്രീ അവിവാഹിതയായി തുടരുന്നു എന്ന അന്വേഷണമാവും ആ സമൂഹം നടത്തുന്നത്. അവിടെ അവളുടെ ജോലിയിലുള്ള മികവോ സേവനസന്നദ്ധതയോ ഒന്നും വൻകാര്യങ്ങളായി പരിഗണിക്കാനിടയില്ല. അത്തരം ഔത്സുക്യം തന്നെ ശാരദയെ വല്ലാതെ മടുപ്പിക്കുന്നു.

സർക്കാർ ആശുപത്രിയിൽ കാര്യങ്ങൾ ശരിയാവുന്നില്ല എന്നായപ്പോൾ സ്വന്തമായ ഒരാശുപത്രി എന്നതായി പിന്നെ ചിന്ത. അതിനുള്ള സാമ്പത്തികാടിത്തറ അവർക്കുണ്ടായിരുന്നു. ആൾസഹായത്തിന് ആ നാട്ടിൻപുറത്തെ ഒരു പ്രമാണിയെ കൂട്ടുകിട്ടുകയും ചെയ്യുന്നു. വലിയ പരോപകാരിയും സമുദായസേവകനും എന്നാണ് അയാളെപ്പറ്റി ശാരദ പത്മക്കെഴുതുന്നത്. അങ്ങനെ ജോലി രാജിവെച്ച് ആശുപത്രി തുടങ്ങാൻ പോകുമ്പോൾ ശാരി മേനോനെ വിവാഹം കഴിക്കാനും തീരുമാനിക്കുന്നു. ഒന്നിച്ചു പ്രവർത്തിക്കുമ്പോൾ അടുത്തിടപഴകേണ്ടി വരുമ്പോൾ വിവാഹിതരാവുന്നതല്ലേ നല്ലത് എന്ന സന്ദേഹത്തിൽ നിന്നാണ് അത്തരമൊരു തീരുമാനം ഉണ്ടാകുന്നത്. ആൺതുണ ഇത്തരം പ്രവർത്തനങ്ങളിൽ തനിക്ക് ആവശ്യമാണെന്നും അതിനാലാണ് വിവാഹതീരുമാനമെന്നും അവൾ സ്വയം സാധൂകരിക്കുന്നു.

ജോലി രാജിവെച്ചതിനേക്കാൾ അപകടകരമായൊരു തീരുമാനമാണ് ഈ വിവാഹത്തിന്റേത് എന്ന് പത്മയ്ക്ക് തോന്നുന്നതിനാൽ അവൾ പെട്ടെന്നൊരു തീരുമാനമെടുക്കരുതെന്ന് എഴുതുന്നു. വിവാഹമെന്നത് വളരെ ഗൗരവപൂർവ്വം ആലോചിക്കേണ്ട വിഷയമാണെന്ന് അതിൽ കൃത്യമായി പറഞ്ഞിരുന്നു.

ജോലി രാജിവെച്ചതിനേക്കാൾ അപകടകരമായൊരു തീരുമാനമാണ് ഈ വിവാഹത്തിന്റേത് എന്ന് പത്മയ്ക്ക് തോന്നുന്നതിനാൽ അവൾ പെട്ടെന്നൊരു തീരുമാനമെടുക്കരുതെന്ന് എഴുതുന്നു. വിവാഹമെന്നത് വളരെ ഗൗരവപൂർവ്വം ആലോചിക്കേണ്ട വിഷയമാണെന്ന് അതിൽ കൃത്യമായി പറഞ്ഞിരുന്നു. പിന്നെ ഒരു വിവരവും കിട്ടാതായപ്പോൾ അന്വേഷിച്ചു പോകാൻ തന്നെ പത്മ തീരുമാനിക്കുകയും ചെയ്യുന്നു. അപ്പോഴാണ് അതിലും വിചിത്രമായൊരു കത്ത് കിട്ടുന്നത്. താൻ വിശ്വസിച്ച മനുഷ്യന്റെ തനി നിറം കണ്ടുവെന്നും ജീവിതം തന്നെ മടുത്തിരിക്കുന്നതിനാൽ താനൊരു കന്യസ്ത്രീ മഠത്തിൽ അഭയം തേടിയിരിക്കുന്നു എന്നുമായിരുന്നു കത്ത്.

ആദർശത്തിന്റെ ചിറകിലേറി ലോകം മുഴുവനും സുഖവും നന്മയും ദാനം ചെയ്യണം എന്നാഗ്രഹിച്ച ഒരു വ്യക്തി ഒരു കന്യാസ്ത്രീമഠത്തിന്റെ ഇരുണ്ട കോണുകളെ സ്വയം പുൽകുക എന്നത് ആത്മഹത്യക്ക് തുല്യം തന്നെയാണ്. ജീവനോടെ കല്ച്ചുവരുകളിൽ അടക്കം ചെയ്യുന്നതുപോലെ അവൾ ജീവിക്കാൻ തീരുമാനിച്ചതിന് ഉത്തരവാദി അവൾ മാത്രമല്ല സമൂഹവുമാണ്. തന്നത്താൻ പ്രവർത്തിക്കാനാവാത്തതിനാലാണ് ഇങ്ങനെയൊക്കെ സംഭവിച്ചതെന്ന് അവൾ കുറ്റബോധത്തോടെ ഏറ്റുപറയുമ്പോൾ അത്തരം ഒരു ചിന്തയിലേക്ക് അവളെ വലിച്ചെറിഞ്ഞത് സമൂഹമാണ്. അതിന്റെ പരിഹാരമാണ് വിവാഹം. അയാളെക്കുറിച്ച് കഥയിൽ വലിയ പരാമർശങ്ങളൊന്നുമില്ലെങ്കിലും സമുദായസേവനവും പൊതുപ്രവർത്തനവുമൊക്കെ ഒരു മുഖംമൂടിയായിരുന്നു എന്നു വ്യക്തം. വിദ്യാസമ്പന്നയായ ഒരു സ്ത്രീ പോലും എന്തുമാത്രം ലോകത്തിന്റെ, സമൂഹത്തിന്റെ ചിന്താപദ്ധതികളുടെ ഇരയാണെന്നും ഈ കഥ തെളിയിക്കുന്നു. കന്യാസ്ത്രീമഠത്തിന്റെ ബാഹ്യമായ കരിങ്കൽക്കെട്ടിനകത്തേക്ക് സ്വയം ഒതുങ്ങിക്കൂടുമ്പോൾ ആത്മാവിന്റെ കല്ലറയിലേക്കും സ്വയം ഒതുങ്ങുകയാണ്. പത്മയെപ്പോലെ പ്രഗത്ഭയായ ഒരു സ്നേഹിതക്കുപോലും രക്ഷിക്കാനാവാത്ത വിധം അവൾ സ്വയം തന്നിലേക്ക് ഒതുങ്ങിപ്പോകുന്നു.




# മൂന്ന് മനുഷ്യരുടെ ജനിതക ഘടകങ്ങളുമായി ഒരു കുഞ്ഞ്

മൂന്ന് മനുഷ്യരുടെ ജനിതക ഘടകങ്ങൾ അടങ്ങുന്ന കുഞ്ഞുങ്ങളിലൂടെ ജനിതക രോഗങ്ങളോട് ബൈ പറയാൻ കഴിയുന്ന ഒരു കാലമാണ് തങ്ങളുടെ ലക്ഷ്യമെന്ന് ബ്രിട്ടീഷ് ഗവേഷകർ പറയുന്നു. മൈറ്റോകോൺഡ്രിയൽ രോഗങ്ങളിൽ നിന്ന് വിമുക്തമായ ഒരു തലമുറയെ സൃഷ്ടിക്കാനാണ് ഇപ്പോഴത്തെ ശ്രമം.



**സീമ ശ്രീലയം**

ഒരു കുഞ്ഞ്. കുഞ്ഞിന് രണ്ട് അമ്മമാരും ഒരു അച്ഛനും! ഈ പരീക്ഷണത്തിനുള്ള നിയമാനുമതിക്കായി കാത്തിരിക്കുകയാണ് ബ്രിട്ടീഷ് ഗവേഷകർ. മൂന്ന് മനുഷ്യരുടെ ജനിതക ഘടകങ്ങൾ അടങ്ങുന്ന കുഞ്ഞുങ്ങളിലൂടെ ജനിതക രോഗങ്ങളോട് ബൈ പറയാൻ കഴിയുന്ന ഒരു കാലമാണ് തങ്ങളുടെ ലക്ഷ്യമെന്ന് ബ്രിട്ടീഷ് ഗവേഷകർ പറയുന്നു. മൈറ്റോകോൺഡ്രിയൽ രോഗങ്ങളിൽ നിന്ന് വിമുക്തമായ ഒരു തലമുറയെ സൃഷ്ടിക്കാനാണ് ഇപ്പോഴത്തെ ശ്രമം. പ്രതീക്ഷകൾക്കും സാധ്യതകൾക്കുമൊപ്പം ഇതുയർത്തുന്ന ആശങ്കകളും ചർച്ചാവിഷയമായിക്കൊണ്ടിരിക്കുകയാണ് ഇപ്പോൾ. പക്ഷേ ഈ പരീക്ഷണത്തിന് ബ്രിട്ടനിൽ നിലവിലുള്ള ഐവിഎഫ് നിയമത്തിൽ മാറ്റം വരണം. അതിനുള്ള വോട്ടെടുപ്പിൽ ബ്രിട്ടീഷ് പാർലമെന്റിലെ ഭൂരിപക്ഷം എം പി മാരും ഇതിന് അനുകൂലമായാണ് വോട്ട് ചെയ്തത്. ഇനി നിയമം പാസ്സാവാൻ ഉപരിസഭയുടെ അംഗീകാരം കൂടി ലഭിക്കണം.

നമ്മുടെ കോശങ്ങളിലെ ഊർജ ഫാക്റ്ററിയാണ് മൈറ്റോകോൺഡ്രിയ. ഇതിനുണ്ടാവുന്ന തകരാറുകൾ

അമ്മയിൽ നിന്നും കുഞ്ഞിലേക്ക് പാരമ്പര്യമായി കൈമാറ്റം ചെയ്യപ്പെടും. മൈറ്റോകോൺഡ്രിയൽ തകരാറുമായി ജനിക്കുന്ന കുഞ്ഞുങ്ങൾക്ക് ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളുണ്ടാവുകയും ചെയ്യും. മസ്തിഷ്ക്കം, മസിലുകൾ, ഹൃദയം എന്നിവയുടെയൊക്കെ പ്രവർത്തനത്തെയും കേൾവി ശക്തിയെയും കാഴ്ചശക്തിയെയും ഒക്കെ ഇത് ദോഷകരമായി ബാധിക്കും. ബ്രിട്ടനിൽ മാത്രം പ്രതിവർഷം ഏതാണ്ട് ഇരുന്നൂറോളം കുഞ്ഞുങ്ങൾ മൈറ്റോകോൺട്രിയൽ തകരാറുമായി ജനിക്കുന്നുണ്ടെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. അതുകൊണ്ട് തന്നെ മൈറ്റോകോൺട്രിയൽ തകരാറുകൾ ഉള്ള സ്ത്രീകൾക്ക് ഏറെ പ്രതീക്ഷ നൽകുന്ന പരീക്ഷണമാണിത്.

ഈ പരീക്ഷണത്തിൽ അമ്മയുടെ വൈകല്ല്യമുള്ള മൈറ്റോകോൺഡ്രിയൽ ഡിഎൻഎ യ്ക്ക് പകരം ആരോഗ്യമുള്ള മറ്റൊരു സ്ത്രീയുടെ തകരാറുകളില്ലാത്ത മൈറ്റോകോൺഡ്രിയൽ ഡിഎൻഎ ഉപയോഗിക്കുകയാണ് ചെയ്യുന്നത്. ഇതിനായി ആദ്യം അമ്മയുടെ അണ്ഡകോശത്തിൽ നിന്നും ന്യൂക്ലിയസ് നീക്കം ചെയ്യും. അതിനുശേഷം അത് ന്യൂക്ലിയസ് നീക്കം ചെയ്ത മറ്റൊരു സ്ത്രീയുടെ മൈറ്റോകോൺഡ്രിയൽ തകരാറുകളില്ലാത്ത അണ്ഡകോശത്തിലേക്ക് കടത്തും. ഇങ്ങനെ ജനിതകമാറ്റം വരുത്തിയ അണ്ഡകോശം ഉപയോഗിച്ച് ഐവിഎഫ് മാർഗ്ഗത്തിലൂടെ പിറവിയെടുക്കുന്ന കുഞ്ഞുങ്ങൾ മൈറ്റോകോൺഡ്രിയൽ തകരാറുകളിൽ നിന്നു വിമുക്തരായിരിക്കും. ഇങ്ങനെ ജനിതക മാറ്റത്തിലൂടെ



**ജനിതക മാറ്റത്തിലൂടെ മൂന്ന് വ്യക്തികളുടെ ഡിഎൻഎ അടങ്ങുന്ന ശിശുക്കളെ സൃഷ്ടിക്കാനുള്ള ഗവേഷണം വിസ്മയങ്ങൾക്കും സാധ്യതകൾക്കും കൗതുകത്തിനും ഒപ്പം വിവാദങ്ങളുടെയും ആശങ്കകളുടെയും കൂടി നടുവിലാണ്.**

പിറവിയെടുക്കുന്ന കുഞ്ഞിന് മൂന്ന് രക്ഷിതാക്കൾ ഉണ്ടെന്ന് പറയാമെങ്കിലും ആകെ ഡിഎൻഎ വച്ചു നോക്കുമ്പോൾ അതിന്റെ വളരെ ചെറിയൊരു ഭാഗമേ ദാതാവിന്റെ ഡിഎൻഎ വരുന്നുള്ളൂ എന്നു ഗവേഷകർ ചൂണ്ടിക്കാണിക്കുന്നു.

ജനിതക മാറ്റത്തിലൂടെ മൂന്ന് വ്യക്തികളുടെ ഡിഎൻഎ അടങ്ങുന്ന ശിശുക്കളെ സൃഷ്ടിക്കാനുള്ള ഗവേഷണം വിസ്മയങ്ങൾക്കും സാധ്യതകൾക്കും കൗതുകത്തിനും ഒപ്പം വിവാദങ്ങളുടെയും ആശങ്കകളുടെയും കൂടി നടുവിലാണ്. പ്രകൃതി നിയമങ്ങളെ അട്ടിമറിക്കുന്നു, ഇങ്ങനെയുണ്ടാക്കുന്ന ജനിതക മാറ്റം അടുത്ത തലമുറയിലേക്കും കൈമാറ്റം ചെയ്യപ്പെടും , പരീക്ഷണശാലയിൽ ജീവൻ പരീക്ഷണവസ്തുവാകുമ്പോൾ അത് മതവിശ്വാസങ്ങളെ ചോദ്യം ചെയ്യുന്നു എന്നിങ്ങനെ പോവുന്നു വിവാദങ്ങൾ. കത്തോലിക്കാ സഭയും മറ്റും എതിർപ്പുമായി രംഗത്തെത്തിക്കഴിഞ്ഞു. ഇത്തരം പരീക്ഷണങ്ങൾക്ക് നിയമാനുമതി ലഭിച്ചാൽ മനുഷ്യരിൽ ഭ്രൂണാവസ്ഥയിലുള്ള ജനിതക മാറ്റത്തിലൂടെ എല്ലാം തികഞ്ഞ ഡിസൈനർ ശിശുക്കൾ സൃഷ്ടിക്കപ്പെട്ടേക്കാം എന്ന ആശങ്കയും ഉയരുന്നുണ്ട്. എന്നാൽ ഇത്തരം ആശങ്കകൾക്കൊന്നും അടിസ്ഥാനമില്ലെന്നും മൈറ്റോകോൺഡ്രിയയിൽ ഉണ്ടാവുന്ന വൈകല്ല്യങ്ങളാൽ ജനിതക രോഗവും പേറി പിറക്കേണ്ടി വരുന്ന ഒരു തലമുറയെ രക്ഷിക്കുക എന്നതാണ് തങ്ങളുടെ ലക്ഷ്യമെന്നും ഇതുമായി ബന്ധപ്പെട്ട ഗവേഷകർ പറയുന്നു. ○



Printed, Published and Owned by K.Ajitha, Harithakam, Kozhikode-17
Editor : Sheeba K.M., Trishna, Ashramam Road, Kaladi-683574, EKM
Email : sanghadithacalicut@gmail.com, Printed at A-one Offset Prints, Ramanattukara